# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2021 ജുലൈ 22 | ദീപം 54 | നാളം 16 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




# പ്രതിരോധവഴിയിൽ ഇനി ഒന്നുകൂടി സിക വൈറസ്


■ ഡോ. ലദീദ റയ്യ / ഡോ. ദീപു സദാശിവൻ


കേരളത്തിൽ സിക വൈറസ് രോഗം ദിനംപ്രതി പടരുന്നതായി റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ ചില പ്രദേശങ്ങളിൽനിന്നുള്ള 19 സാമ്പിളുകളിൽ 13 എണ്ണം സിക വൈറസ് പോസിറ്റീവാണെന്നു സംശയമുണ്ട്. എന്നാൽ, എൻ.ഐ.വി. പുണെയിൽനിന്ന് ഇതിനു സ്ഥിരീകരണം ലഭിച്ചിട്ടില്ലെന്നും ആരോഗ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. കൊവിഡ് മഹാമാരികൊണ്ടുവലഞ്ഞിരിക്കുന്ന ഈ വേളയിൽ മറ്റൊരു വൈറസുകൂടി വില്ലനായി വന്നോ എന്നൊരു ആശങ്ക പലർക്കും ഉണ്ടായേക്കാം. സിക വൈറസ്‌രോഗത്തെ നാം അത്രയ്ക്ക് ഭയക്കേണ്ടതുണ്ടോ?

**എന്താണ് സികരോഗം?**

പ്രധാനമായും ഈഡിസ് കൊതുകുകൾ പരത്തുന്ന വൈറസ് രോഗമാണിത്. അതിരാവിലെയും വൈകുന്നേരവുമാണ് ഇവയുടെ ആക്രമണം ഉണ്ടാവുന്നത്. കടിക്കുന്ന കൊതുകുകളാണിവ. രോഗബാധിതരായ ഗർഭിണികളിൽനിന്നു കുഞ്ഞിലേക്കും, ലൈംഗികബന്ധത്തിലൂടെയും രക്തദാനത്തിലൂടെയും അവയവമാറ്റത്തിലൂടെയും ഈ അസുഖം പകരാവുന്നതാണ്. രോഗാണുക്കൾ ശരീരത്തിലെത്തിയാൽ മൂന്നാം ദിവസം ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാം. അത് ഒരാഴ്ചവരെയോ ഏറിയാൽ പന്ത്രണ്ടു ദിവസം വരെയോ നീണ്ടുനിൽക്കാം.

പലരിലും ലക്ഷണങ്ങൾ പ്രകടമാകാതെ ഈ അസുഖം വരാവുന്നതാണ്. ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ വേണ്ടിവരാറില്ല. മരണസാധ്യത തീരെയില്ല.

സാധാരണഗതിയിൽ വളരെ ലഘുവായ രീതിയിൽ വന്നുപോകുന്ന ഒരു വൈറസ് രോഗബാധയാണിത്. എന്നാൽ, ഗർഭിണികളിൽ ഈ രോഗബാധയുണ്ടായാൽ നവജാതശിശുവിന് തകരാറുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. അതിൽ പ്രധാനമാണ് മൈക്രോസെഫാലി (Microcephaly) എന്ന രോഗാവസ്ഥ. തലയുടെ വലിപ്പം കുറയുകയും തലച്ചോറിന്റെ വളർച്ച ശുഷ്കമാവുകയും ചെയ്യുന്ന അവസ്ഥയാണിത്. അതിനോടൊപ്പംതന്നെ Congenital Zika Syndrome എന്ന അവസ്ഥയിലേക്കും നവജാതശിശുക്കളെ ഈ വൈറസ് എത്തിക്കാറുണ്ട്.

പൂർണവളർച്ചയെത്താതെയുള്ള പ്രസവവും അബോർഷനുമുണ്ടാവാനുള്ള സാധ്യതകളുണ്ട്. മുതിർന്നവരിൽ അപൂർവമായി ഗില്ലൻ ബാരി സിൻഡ്രോം എന്ന നാഡീവ്യവസ്ഥയെ ബാധിക്കുന്ന തളർച്ചയും ഈ രോഗബാധയുടെ പരിണതഫലമായി ഉണ്ടായേക്കാവുന്നതായി റിപ്പോർട്ടുകളുണ്ട്.

**സികയുടെ നാൾവഴികൾ**

1947 ൽ ഉഗാണ്ടയിൽ കുരങ്ങുകളിലാണ് ഈ വൈറസ് രോഗം ആദ്യമായി കണ്ടെത്തിയത്. 1952 ൽ ഉഗാണ്ടയിലും ടാൻസാനിയയിലും 1954 ൽ നൈജീരിയയിലും മനുഷ്യരിലെ രോഗബാധ സ്ഥിരീകരിച്ചു. 1960 കൾ മുതൽ എൺപതുകൾവരെ ആഫ്രിക്കയിലും ഏഷ്യയിലും അപൂർവമായി ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2007 Island of Yap (Federated States of Micronesia)ലാണ് ആദ്യമായി സിക വൈറസ് ഒരു പകർച്ചവ്യാധിയായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. 2013 ൽ മുമ്പത്തെക്കാൾ കൂടുതൽ വലിയ പകർച്ചവ്യാധിയായി ഇത് ഫ്രഞ്ച് പോളിനേഷ്യയിലും പരിസരപ്രദേശത്തും കണ്ടെത്തി. ഇതുവരെയുള്ളതിൽ ഏറ്റവും വിപുലമായ രീതിയിൽ പടർന്നത് 2015 ൽ ബ്രസീലിലായിരുന്നു. ഇതിനെത്തുടർന്നാണ് സിക വൈറസ് ബാധിച്ച ഗർഭസ്ഥശിശുക്കൾക്ക് വൈകല്യങ്ങൾ ഉണ്ടാവുന്നുണ്ടെന്നു കണ്ടെത്തിയത്. തുടർന്ന്, കൊതുകിനെ നിയന്ത്രിക്കാൻ പട്ടാളത്തെവരെ ഇറക്കേണ്ടിവന്നിട്ടുണ്ട് ബ്രസീലിൽ. അന്ന് അമേരിക്കയിലെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ രോഗബാധ ഉണ്ടാവാനിടയുള്ള സ്ഥലങ്ങളിലേക്കുള്ള ഗർഭിണികളുടെ യാത്ര ഒഴിവാക്കാനുള്ള നിർദേശം നൽകിയിരുന്നു.

രോഗപ്പകർച്ച കൂടുതലുള്ള ചില ലാറ്റിനമേരിക്കൻ കരീബിയൻ രാജ്യങ്ങൾ താത്കാലികമായി (രണ്ടുവർഷത്തേക്ക്) ഗർഭം ധരിക്കുന്നത് ഒഴിവാക്കാനുള്ള നിർദേശം നൽകിയ സാഹചര്യപോലും ഉണ്ടായിരുന്നു.

ലോകമെമ്പാടും പടരുന്നതു തടയാനുള്ള ഇത്തരം നടപടിക്രമങ്ങൾ ഏറെക്കുറെ ഫലം കണ്ടിരുന്നു. ഇന്ത്യയിൽ ഉൾപ്പെടെ, സിക വൈറസിനെതിരേ വാക്സിൻ വികസിപ്പിച്ചെടുക്കാൻ ആ സമയത്ത് ശ്രമങ്ങൾ നടന്നിരുന്നു. ഈ വൈറസ് വലിയൊരു ഭീഷണി ആവാതിരുന്നതുകൊണ്ടാവാം, ഗവേഷണങ്ങൾക്ക് വലിയ പുരോഗതി ഉണ്ടായതായി അറിവില്ല.

▶ 12

## ആശങ്കയല്ല അതിജാഗ്രതയാണാവശ്യം


■ ഡോ. ജേക്കബ് ജോർജ് പി.
മാർ സ്ലീവാ മെഡിസിറ്റി, പാലാ


2019 ൽ നിപ്പയുടെയും കൊവിഡിന്റെയും വരവിനുശേഷം ഏറ്റവും പുതുതായി നാം കേൾക്കുന്ന പേരാണ് സിക വൈറസ്. ഫ്ളാവിവരിഡേ എന്ന വിഭാഗത്തിൽപ്പെടുന്ന സിക വൈറസ് നമുക്ക് അപരിചിതമാണെങ്കിലും 1947 മുതൽ ഇതിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ലഭ്യമാണ്. യുഗാണ്ട, ആഫ്രിക്ക, പസഫിക് ദീപസമൂഹം എന്നിവിടങ്ങളിൽ മാത്രമാണ് ഇവയെ കണ്ടിരുന്നത്. എന്നാൽ, ഇതിനോടു സാമ്യമുള്ള മറ്റു വൈറസുകൾ നമ്മുടെ നാട്ടിൽ കാണാറുണ്ട് ഉദാ: ഡെങ്കിപ്പനി, ജാപ്പനീസ് ജ്വരം (Japanese encephalitis) എന്നിവ പരത്തുന്ന വൈറസുകൾ. Aedes aegypti, Albopictus എന്നീ കൊതുകുകളാണ് സിക വൈറസ് പരത്തുന്നത്. ഈ കൊതുകുകൾ സാധാരണയായി പകൽസമയത്തു മാത്രമാണ് മനുഷ്യരെ ഉപദ്രവിക്കുന്നത്. സിക വൈറസ് രോഗബാധിതരുമായി രക്തം സ്വീകരിക്കുകയോ സിക വൈറസ് ബാധിച്ച രോഗികളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുകയോ ചെയ്താലും വിരളമായി സിക വൈറസ് പകരാൻ സാധ്യത ഉണ്ട്.

സിക വൈറസ് ബാധിച്ചാൽ തീവ്രമായ രോഗലക്ഷണങ്ങൾ ഉണ്ടാകാറില്ല. നേർത്ത പനി, ദേഹത്തെയും കണ്ണുകളിലെയും ചുവപ്പ്, സന്ധിവേദന, തലവേദന എന്നിവ മാത്രമാണ് സാധാരണ കണ്ടുവരുന്ന രോഗലക്ഷണങ്ങൾ. ഇതുമൂലം, സാധാരണ വൈറൽ പനിയായി ഇതിനെ കണക്കാക്കി അവഗണിക്കാൻ സാധ്യതയുണ്ട്. ഈ അസുഖം ഗർഭിണികളെ ബാധിച്ചാൽ, ഗർഭസ്ഥശിശുക്കൾക്കു സാരമായ ജന്മവൈകല്യം ഉണ്ടാകാറുണ്ട്. പ്രധാനമായും ശിശുക്കളുടെ തലച്ചോറിനെയാണ് ഈ അസുഖം ബാധിക്കുന്നത്. ഇതുമൂലം ചെറിയ തലച്ചോറ്, തലച്ചോറിനു ക്ഷതം എന്നിവയുണ്ടാകാൻ സാധ്യതയുണ്ട്. ചുരുക്കം ചില ആളുകളിൽ guillain barre syndrome പോലെയുള്ള തളർവാതരോഗങ്ങളും സികമൂലം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

സാധാരണ പനിപോലെതന്നെയാണ് സിക വൈറസ് പനിയും. പ്രത്യേക കിറ്റുകൾവഴി രക്തത്തിലോ മൂത്രത്തിലോ സിക വൈറസ് ആന്റിജൻ പരിശോധിക്കാവുന്നതാണ്. സിക വൈറസ് രോഗം സ്ഥിരീകരിച്ചാൽ പരിഭ്രമിക്കാതെ ഉടൻ വൈദ്യസഹായം തേടേണ്ടതാണ്. ആസ്പിരിൻ, മറ്റു വേദനസംഹാരികൾ എന്നിവ ഒഴിവാക്കണം. പാരസെറ്റമോളും വിശ്രമവുമാണ് ഇതിന്റെ പ്രധാന ചികിത്സ. കൊതുകിലൂടെയാണ് ഈ അസുഖം പകരുന്നത് എന്നതിനാൽ സിക വൈറസ് രോഗം ഒഴിവാക്കാൻ കൊതുകുകടിയിൽനിന്നു മോചനം നേടുക, രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിലേക്കുള്ള യാത്ര ഒഴിവാക്കുക എന്നിവയൊക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാധാരണ മറ്റേതൊരു പനിയുംപോലെ, ആശങ്ക കൂടാതെ ജാഗ്രതയോടെ നമുക്ക് സികയെയും അതിജീവിക്കാം. ■

# മനുഷ്യനന്മയുടെ മഹായിടയൻ

**ജൂലൈ 12 നു നമ്മെ കടന്നുപോയ മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ ഇനി ഒരു ദീപ്തസ്മരണ**



**ജോണി തോമസ് മണിമല**

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദ്വിതീയൻ കാതോലിക്കാബാവായുടെ നിര്യാണത്തോടെ സ്നേഹത്തിന്റെയും സേവനത്തിന്റെയും ഒരു യഥാർത്ഥ മനുഷ്യമുഖം ലോകത്തിനു നഷ്ടമായിരിക്കുന്നു. എങ്കിലും ആ കരുണാർദ്ര ഹൃദയം പ്രസരിപ്പിച്ച ആത്മീയ ചൈതന്യം തലമുറകളിലൂടെ, അനേകായിരങ്ങളുടെ വഴികളിൽ ഒരു മാർഗദീപമായി സഞ്ചരിച്ചുകൊണ്ടേയിരിക്കും.

പോൾ എന്ന കുട്ടിയിൽ നിന്നു പരിശുദ്ധ കാതോലിക്കാബാവായിലേക്കുള്ള ദൂരം പട്ടുമെത്ത വിരിച്ചതായിരുന്നില്ല. കഷ്ടപ്പാടിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഓരംചേർന്നുള്ള ബാല്യം. തൃശൂർ പഴഞ്ഞി മങ്ങാട് കൊള്ളന്നൂർ കെ. ഐ. ഐപ്പിന്റെയും കുഞ്ഞിറ്റിയുടെയും മകനായി 1946 ഓഗസ്റ്റ് 30 നു ജനിച്ച അദ്ദേഹം എസ്.എസ്.എൽ.സി. ക്കുശേഷം ഇന്റർമീഡിയറ്റും ബിരുദവും പൂർത്തിയാക്കിയത് തൃശൂർ സെന്റ് തോമസ് കോളജിൽ നിന്നാണ്.

കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലായിരുന്നു വൈദികപഠനം. ദൈവശാസ്ത്രത്തിൽ ബിരുദം നേടിയശേഷം കോട്ടയം സി.എം.എസ്. കോളജിൽ എം.എ. പൂർത്തിയാക്കി.

പരുമല സെമിനാരിയിൽ 1972 ഏപ്രിൽ എട്ടിനു കൊച്ചി ഭദ്രാസനാധ്യക്ഷൻ യൂഹാനോൻ മാർ സേവേറിയസിൽനിന്നു ശെമ്മാശപട്ടമേറ്റു. അദ്ദേഹത്തിൽനിന്നുതന്നെ കൊരട്ടി സീയോൻ സെമിനാരിയിൽ 1973 മേയ് 31 നു പൂർണ ശെമ്മാശപട്ടവും ജൂൺ രണ്ടിനു വൈദികപട്ടവും സ്വീകരിച്ചു. തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ 1982 ഡിസംബർ 28 നു കൂടിയ മലങ്കര അസോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേക്കു തിരഞ്ഞെടുത്തു. 1983 മേയ് 14 നു റമ്പാൻ സ്ഥാനം ലഭിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ പ്രധാന കാർമികത്വത്തിൽ 1985 മേയ് 15 നു മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ മറ്റു നാലു പേർക്കൊപ്പം എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ടു. പുതുതായി രൂപീകരിച്ച കുന്നംകുളം ഭദ്രാസനത്തിന്റെ അധ്യക്ഷനായി ഓഗസ്റ്റ് ഒന്നിനു നിയമിതനായി.



കോട്ടയം പഴയ സെമിനാരിയിൽ 1991 ഒക്ടോബർ 25 ന് മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടു. പരുമല സെമിനാരിയിൽ 2006 ഒക്ടോബർ 12 നു കൂടിയ മലങ്കര അസോസിയേഷൻ പരിശുദ്ധ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ സ്ഥാനമൊഴിഞ്ഞതിനെത്തുടർന്ന് 2010 നവംബർ ഒന്നിന് പരുമല സെമിനാരി ചാപ്പലിൽ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എന്ന പേരിൽ പൗരസ്ത്യകാതോലിക്കയായി സ്ഥാനാരോഹണം ചെയ്തു. കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ 2018 മാർച്ച് 23 ന് വിശുദ്ധ മൂറോൻ കൂദാശ നടത്തി.

> **പദവിയോ സ്ഥാനമാനങ്ങളോ സേവനപാതയിൽ ബസേലിയോസ് മാർത്തോമ്മാ ദ്വിതീയൻ കാതോലിക്കാബാവായ്ക്കു തടസ്സമായില്ല. തീർത്തും സാധാരണമായ ജീവിതസാഹചര്യങ്ങളിൽനിന്നു കടന്നുവന്ന അദ്ദേഹത്തിന് അശരണരുടെയും ആലംബഹീനരുടെയും ഹൃദയവേദനകൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനും എളുപ്പം കഴിഞ്ഞുവെന്നതാണു സത്യം. സഭയുടെ അത്യുന്നതപദവിയിൽ വിരാജിക്കുമ്പോഴും സാധാരണക്കാർക്ക് എന്നും പ്രാപ്യനായി അദ്ദേഹം നിലകൊണ്ടു.**

പരിശുദ്ധ ബാവായുടെ ജീവിതം എല്ലാ അർത്ഥത്തിലും കാരുണ്യത്തിന്റെ ഒരു കുളിർമഴയായിരുന്നു. 'സ്വർഗസ്ഥനായ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ' എന്ന യേശുവചനം അദ്ദേഹം ജീവിതത്തിലുടനീളം പ്രാവർത്തികമാക്കി. പദവിയോ സ്ഥാനമാനങ്ങളോ സേവനപാതയിൽ അദ്ദേഹത്തിനു തടസ്സമായില്ല. തീർത്തും സാധാരണമായ ജീവിതസാഹചര്യങ്ങളിൽനിന്നു കടന്നുവന്ന അദ്ദേഹത്തിന് അശരണരുടെയും ആലംബഹീനരുടെയും ഹൃദയവേദനകൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനും എളുപ്പം കഴിഞ്ഞുവെന്നതാണു സത്യം. സഭയുടെ അത്യുന്നതപദവിയിൽ വിരാജിക്കുമ്പോഴും സാധാരണക്കാർക്ക് എന്നും പ്രാപ്യനായി അദ്ദേഹം നിലകൊണ്ടു. സെറിബ്രൽ പൾസി ബാധിതനായ അനുഗ്രഹ് എന്ന കുട്ടിയും അവനെ സഹോദരതുല്യം സ്നേഹിച്ചു പരിചരിച്ച സഹപാഠി ഫാത്തിമ ബിസ്മിയും കാണാനെത്തിയപ്പോൾ അവരെ സ്വീകരിക്കാൻ പദവിയും നടപടിക്രമങ്ങളും മറന്ന് അദ്ദേഹം കോട്ടയം റെയിൽവേസ്റ്റേഷനിലേക്കു ചെല്ലുകയായിരുന്നു.

ഒരിക്കൽ കാൻസർ ചികിത്സയ്ക്ക് ചെന്നൈയിൽ പോയിവന്ന അദ്ദേഹത്തിനുമുമ്പിൽ എം.ബി.ബി.എസ്. വിദ്യാർത്ഥിയായ പെൺകുട്ടി ഫീസ് അടയ്ക്കാനില്ലാത്തതിന്റെ വേദനയുമായെത്തി. ചികിത്സയുടെ അസ്വസ്ഥതകളും യാത്രാക്ഷീണവും മറന്ന് അദ്ദേഹം കുട്ടി പഠിക്കുന്ന സ്ഥാപനത്തിൽ നേരിട്ടുവിളിച്ച് അന്വേഷിക്കുകയും മുടങ്ങിയ ഫീസുൾപ്പെടെയുള്ളത് അടച്ചുതീർക്കുകയും ചെയ്തു. സാധുക്കളായ ഒട്ടേറെ രോഗികൾക്കു മെച്ചപ്പെട്ട ചികിത്സ നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു. പരുമല കാൻസർ സെന്റർ എന്ന സ്വപ്നപദ്ധതിയും സൗജന്യചികിത്സാപദ്ധതിയായ 'സ്നേഹസ്പർശ'വും എത്രയോ മനുഷ്യാത്മാക്കൾക്കാണു സാന്ത്വനമായിത്തീർന്നത്!

തികച്ചും ആർഭാടരഹിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതശൈലി. തുറന്ന പ്രകൃതം. പരമകാരുണികന്റെ മുമ്പിൽ വിനീതമാകുന്ന പ്രാർത്ഥനാഹൃദയം. അത് ധ്യാനമുറികളിൽ മാത്രമായി അദ്ദേഹം ഒതുക്കിയില്ല. ആദരവോടെ, അലിവിയന്ന ഹൃദയത്തോടെ ഓരോരുത്തരുടെയും ആവലാതികളിലേക്ക്, വേദനകളിലേക്ക്, സങ്കടങ്ങളിലേക്ക് അദ്ദേഹം ചെവി ചായ്ച്ചു. അങ്ങനെ, അദ്ദേഹത്തിന്റെ സാമീപ്യം അടുത്തുനിൽക്കുന്നവർക്ക് ഒരു ഈശ്വരീയസുകൃതമായിത്തീർന്നു.

മതസൗഹാർദവും സമുദായൈക്യവും എന്നും പുലർന്നുകാണാൻ ആഗ്രഹിച്ച മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. സഭാവ്യവഹാരങ്ങളിൽ കലർപ്പില്ലാത്ത നിലപാടു സ്വീകരിക്കുമ്പോഴും സഭയിൽ ശാശ്വത സമാധാനം നിലനിന്നു കാണാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഫ്രാൻസീസ് മാർപാപ്പായുമായും പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുമായും നടത്തിയ കൂടിക്കാഴ്ചകൾ സഭൈക്യവഴികളിലെ പുത്തൻകാൽവയ്പ്പായിരുന്നു.

പരിശുദ്ധ ബാവായുടെ എല്ലാ പ്രവർത്തനങ്ങളുടെയും പിന്നിലെ ചേതോവികാരം മനുഷ്യനന്മ മാത്രമായിരുന്നു. സൈബർയുഗം ആധുനികസമൂഹത്തിലുയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് അജഗണങ്ങളെ ബോധവത്കരിക്കുന്നതിനായി അദ്ദേഹം 'സൈബർ ഫാസ്റ്റ്' എന്ന ഒരു നൂതനാശയം നടപ്പാക്കി. ദുഃഖവെള്ളിയാഴ്ച മൊബൈൽ ഫോൺ, ടി.വി., ഇന്റർനെറ്റ് തുടങ്ങിയവയുടെ ഉപയോഗം ഒഴിവാക്കുന്ന ഒരാചരണം. ഇതിലൂടെ സൈബർ അടിമത്തംമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, മനുഷ്യബന്ധങ്ങളിലെ തകർച്ച, വർധിച്ചുവരുന്ന ആത്മഹത്യാപ്രവണത, സൈബർ കുറ്റകൃത്യങ്ങളുടെ വർദ്ധന എന്നിവയിലേക്ക് സമൂഹത്തിന്റെയാകെ ശ്രദ്ധ ക്ഷണിച്ചു അദ്ദേഹം.

രോഗാതുരതകൾ അലട്ടുമ്പോഴും ദൈവകരം പിടിച്ചുള്ള ജീവിതയാത്ര അദ്ദേഹത്തെ സന്തോഷചിത്തനാക്കി. മുതിർന്നവരുടെ മാത്രമല്ല, കുഞ്ഞുങ്ങളുടെയും കൂട്ടുകാരനായിരുന്നു അദ്ദേഹം. തന്റെ മുറി അലങ്കരിച്ചിരുന്ന ചില കൊച്ചുകൂട്ടുകാരുടെ ചിത്രങ്ങൾ ചൂണ്ടി അദ്ദേഹം പറഞ്ഞിരുന്നത്, അവർ എന്റെ സുഹൃത്തുക്കളാണെന്നാണ്. കുഞ്ഞുങ്ങൾ വിശുദ്ധരാണെന്നും അവരെ പരിചരിക്കുമ്പോൾ അനുഗ്രഹത്തിന്റെ ഒരു പങ്ക് നമുക്കും ലഭിക്കുമെന്നും അദ്ദേഹം പഠിപ്പിച്ചിരുന്നു.

ആദ്യം മനുഷ്യനാകുക, പിന്നീട് വിശുദ്ധനാകുക – ഈ തത്ത്വശാസ്ത്രം പരിശുദ്ധ ബാവായുടെ ജീവിതം നമ്മെ ഓർമിപ്പിക്കും. അതെന്തായാലും, അദ്ദേഹത്തിന്റെ സ്നേഹവും സാന്ത്വനവും അനുഭവിച്ചറിഞ്ഞവരുടെയെല്ലാം മനസ്സിൽ, ഒരു വിശുദ്ധസ്മരണയായി അദ്ദേഹം എന്നുമുണ്ടാവും, തീർച്ച.

■



■ തോമസ് കുഴിഞ്ഞാലിൽ



# കൊറോണവൈറസ് ഉറവിടംതേടി ശാസ്ത്രലോകം

**ശാ**സ്ത്രം ഇപ്പോഴും അന്വേഷണം തുടരുകയാണ്, സാർസ് -2 എന്ന കുഞ്ഞൻ കൊറോണ വൈറസുകളുടെ ഉദ്ഭവം തേടി.

ചൈനയിലെ വുഹാൻ നഗരത്തിൽ 2019 നവംബർ മാസത്തിൽ ഏതാനും പേരിൽ ന്യുമോണിയ പടർന്നുപിടിച്ചുവെന്ന് ലോകാരോഗ്യസംഘടന വെളിപ്പെടുത്തി 20 മാസം പിന്നിടുമ്പോഴും ഈ വൈറസുകളുടെ ആരംഭത്തെക്കുറിച്ച് വിശദീകരിക്കാൻ ശാസ്ത്രജ്ഞർക്കു കഴിയുന്നില്ല. മറ്റു വൈറസുകളെപ്പോലെ SARS CoV2 നും പ്രകൃതിജന്യമായ ഒരു തുടക്കമുണ്ടാകാമെന്ന് ഒരു കൂട്ടരും, വൈറസുകളെക്കുറിച്ചു ഗവേഷണം നടത്തുന്ന വുഹാനിലെ വൈറോളജി ലാബിലെ പരീക്ഷണങ്ങൾക്കിടെ ഏതാനും വൈറസുകൾ പുറത്തുചാടിയതാകാമെന്നു മറ്റൊരു കൂട്ടരും വാദിക്കുന്നു. രണ്ടാമത്തെ വാദത്തിന് ശാസ്ത്രീയമായ തെളിവുകൾ ലഭ്യമല്ലെങ്കിലും, ഏതെങ്കിലും വന്യജീവികളിൽനിന്നാകാം വൈറസുകൾ മനുഷ്യരിൽ പ്രവേശിച്ചതെന്ന സിദ്ധാന്തത്തിനാണ് മുൻതൂക്കം. എന്നാൽ, കൊറോണ വൈറസ് വാഹകരായ വവ്വാൽ കൂട്ടങ്ങളേതെന്നോ വൈറസുകളെ മനുഷ്യശരീരത്തിലെത്തിക്കുന്നുവെന്നു കരുതപ്പെടുന്ന മധ്യവർത്തികളായ ജന്തുക്കളേതെന്നോ കണ്ടെത്താൻ ശാസ്ത്രലോകത്തിനു കഴിഞ്ഞിട്ടില്ല. 2002 ൽ പ്രത്യക്ഷപ്പെട്ട SARS Cov-1 ന്റെ വാഹകരായത് പൂച്ചവർഗത്തിൽപ്പെട്ട ഒരുതരം വെരുകുകളായിരുന്നുവെന്നു കണ്ടെത്താൻ വർഷങ്ങളുടെ പഠനം വേണ്ടിവന്നു. ഇപ്പോഴത്തെ മഹാമാരിയായ കൊവിഡ് -19 നു കാരണക്കാരായ SARS Cov-2 ന്റെ വൈറസുകൾ വനാന്തരങ്ങളിൽ പാർക്കുന്ന വവ്വാലുകളിൽനിന്ന് ഈനാംപേച്ചികൾവഴിയാണ് മനുഷ്യരിൽ പ്രവേശിച്ചതെന്നു പൊതുവേ കരുതപ്പെടുന്നുണ്ട്. വുഹാനിലെ ഹുവാനൻ മത്സ്യ/മാംസ/വന്യജീവിച്ചന്തയിൽ സന്ദർശനത്തിനെത്തിയ ഇറ്റാലിയൻ ടൂറിസ്റ്റുകളാണ് വൈറസുകളുടെ ആദ്യത്തെ ഇരകൾ എന്നു വ്യക്തമായത് കൊവിഡ്-19 ജന്തുജന്യരോഗമാണെന്നതിനു സ്ഥിരീകരണം നല്കുന്നു.

കൊറോണവൈറസുകളുടെ യഥാർത്ഥ ഉറവിടം ഏതെന്നു തിട്ടപ്പെടുത്തുന്നതിന് ഒരു തുടരന്വേഷണം നടത്തണമെന്ന നിർദ്ദേശം ഇക്കഴിഞ്ഞ മേയ് 14 ന് പുറത്തിറക്കിയ 'സയൻസ്' മാസികയിലെ ഒരു ലേഖനത്തിലൂടെ ഏതാനും ശാസ്ത്രജ്ഞർ മുമ്പോട്ടു വയ്ക്കുകയുണ്ടായി. ഇവരുടെ നിർദേശം അംഗീകരിച്ചുകൊണ്ടാണ് തന്റെ രാജ്യത്തെ രഹസ്യാന്വേഷണ ഏജൻസികളെ ഇക്കാര്യത്തിലേക്കു നിയോഗിച്ചുകൊണ്ട് യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ ഉത്തരവിറക്കിയത്. വുഹാനിലെ പരീക്ഷണശാലയിലാണ് വൈറസുകളുടെ ഉദ്ഭവമെന്ന നിഗമനം ലോകാരോഗ്യസംഘടനയിലെ വിദഗ്ധസംഘം നേരത്തെതന്നെ തള്ളിക്കളഞ്ഞിരുന്നെങ്കിലും, ഡയറക്ടർ ജനറലായ തെദ്രോസ് ഗെബ്രിയേസുസും കൂടുതൽ അന്വേഷണങ്ങൾക്കു നിർദേശം നൽകുകയുണ്ടായി. ശാസ്ത്രീയപഠനങ്ങൾ നടക്കുന്ന പരീക്ഷണശാലകളുടെ സുരക്ഷിതത്വത്തിനും ഭാവിയിൽ ഉണ്ടായേക്കാവുന്ന അപകടസാധ്യതകൾ കുറയ്ക്കുന്നതിനും തുടരന്വേഷണങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വുഹാനിലെ പരീക്ഷണശാലകളിലെത്തിയ ലോകാരോഗ്യസംഘടനയിലെ വിദഗ്ധസംഘം ചൈനീസ് ഭരണകൂടത്തിന്റെ നിഷേധാത്മകനിലപാടുകളിൽ അതൃപ്തി അറിയിച്ചിരുന്നു. പലയിടത്തും പ്രവേശനം നിഷേധിക്കപ്പെട്ടത് അവർക്ക് എന്തൊക്കെയോ മറച്ചുവയ്ക്കാനുണ്ടെന്ന പ്രതീതിയുളവാക്കി. ഈ ഒളിച്ചുകളി തുടക്കംമുതലേ ഉണ്ടായിരുന്നുവെന്നു നിരീക്ഷിച്ചവരുണ്ട്. 2019 ഡിസംബറിൽത്തന്നെ വൈറസുകൾ മനുഷ്യരിലെത്തിയെന്നു കണ്ടെത്തിയിരുന്നെങ്കിലും ചൈനീസ് ഭരണാധികാരികൾ അടിയന്തരനടപടികൾ സ്വീകരിക്കാതിരുന്നതാണ് രോഗവ്യാപനത്തിനും മരണസംഖ്യ വർദ്ധിക്കുന്നതിനും ഇടയാക്കിയത്. അതോടൊപ്പം രാഷ്ട്രത്തലവന്മാരുടെയും ശാസ്ത്രവിരോധികളുടെയും നിഷേധാത്മകനിലപാടുകളും പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കാനേ ഉപകരിച്ചുള്ളൂ. രോഗവ്യാപനവും മരണവും അനിയന്ത്രിതമായപ്പോൾ ആരോഗ്യമേഖലയിൽ ആഗോളതലത്തിലുള്ള അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ടിയിരുന്നുവെന്ന് ലോകാരോഗ്യസംഘടന നിയോഗിച്ച ഒരു പഠനസംഘം തയ്യാറാക്കിയ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

"കൊവിഡ് - 19 ഒരു മഹാമാരിയായി ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചത് 2020 മാർച്ചുമാസത്തിൽ മാത്രമാണ്. ഏതെങ്കിലും ഒരു വ്യക്തിയോ സ്ഥാപനമോ വീഴ്ച വരുത്തിയെന്നു പറയാനാവില്ലെങ്കിലും രോഗവ്യാപനത്തിന്റെ പ്രാരംഭഘട്ടത്തിൽ ചൈനയുടെ ഭാഗത്തുനിന്നു ശക്തമായ നടപടികളുണ്ടായില്ല. അതേ കാലതാമസം എല്ലായിടത്തുമുണ്ടായി എന്നതു മറച്ചുവയ്ക്കാനാവില്ല.'' ന്യൂസിലൻഡിലെ മുൻപ്രധാനമന്ത്രിയും പഠനസംഘാംഗവുമായ ഹെലൻ ക്ലാർക്ക് അഭിപ്രായപ്പെട്ടു.

''കൊവിഡ് - 19 മൃഗങ്ങളിൽനിന്നു പടർന്നതാണെന്നാണ് ഞാനടക്കമുള്ളവർ വിശ്വസിക്കുന്നത്. ഞങ്ങളുടെ വിശ്വാസം 100 ശതമാനം ശരിയാണെന്നും ഞങ്ങൾ കരുതുന്നില്ല. അതിനാൽ, കൂടുതൽ അന്വേഷണം ആവശ്യമാണെന്നു കരുതുന്നു." പ്രസിഡന്റ് ജോ ബൈഡന്റെ പ്രധാന ഉപദേഷ്ടാവായ ഡോ. ആന്റണി ഫൗച്ചി പറയുന്നു.

ഡോ. ഫൗച്ചി അടുത്തിടെ മാധ്യമങ്ങൾക്കു നല്കിയ ഒരഭിമുഖത്തിൽ അത്യന്തം അപകടകാരികളായ സാർസ്-2 വൈറസുകൾക്കെതിരേ കൂടുതൽ ജാഗ്രത വേണമെന്നു സൂചിപ്പിക്കുകയുണ്ടായി.

യു.എസിൽ രോഗവ്യാപനം പകുതിയിലേറെ താഴ്ത്തിക്കൊണ്ടുവരാൻ കഴിഞ്ഞത് വാക്സിനേഷനിലൂടെയാണെന്നാണ് അദ്ദേഹം പറഞ്ഞത്. ''ഇവിടത്തെ 34 കോടി ജനങ്ങളിൽ 70 ശതമാനം പേർക്കും ആദ്യഡോസും 50 ശതമാനത്തിൽ അധികം ആളുകൾക്ക് രണ്ടാം ഡോസും നൽകാൻ കഴിഞ്ഞതാണ് നേട്ടമായത്. ഇന്ത്യയിൽ 15 ശതമാനം പേർക്കുപോലും ആദ്യഡോസ് നൽകിയിട്ടില്ല. വാക്സിൻ ക്ഷാമമാണ് പ്രധാന തടസ്സം. വാക്സിൻ സ്വീകരിക്കാനുള്ള ജനങ്ങളുടെ വിമുഖതയും ഒരു പ്രധാന ഘടകമാണ്. ഇപ്പോഴുള്ള രണ്ടാം തരംഗത്തെയും ഭാവിയിൽ നേരിടേണ്ടിവന്നേക്കാവുന്ന മൂന്നാം തരംഗത്തെയും മറികടക്കാൻ വാക്സിനേഷൻ കൂടിയേ തീരൂ." കൊവിഡ് -19 നെതിരേ 96 ശതമാനം സുരക്ഷയും ഉറപ്പാക്കുന്ന ഫൈസറിന്റെ വാക്സിനാണ് യു.എസിൽ വിതരണം ചെയ്തതെന്നും ഡോ. ഫൗച്ചി സൂചിപ്പിച്ചു.

വൈറസുകളുടെ ഉദ്ഭവം അന്വേഷിച്ചു കണ്ടെത്തുന്നതിനപ്പുറം രോഗം വരാതെ സൂക്ഷിക്കുന്നതും വ്യാപനം കുറയ്ക്കുന്നതും സുപ്രധാനമാണ്. വാക്സിനേഷൻ സ്വീകരിക്കുന്നതും മാസ്ക് ധരിക്കുന്നതും വ്യക്തിശുചിത്വവും പരിസരശുചിത്വവും ദിനചര്യയുടെ ഭാഗമായി മാറേണ്ടതും അനിവാര്യമാണ്.

■

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

■ മാത്യൂസ് ആർപ്പൂക്കര

# കുട്ടിത്തേവാങ്ക്



**ഉ**ണ്ടക്കണ്ണുകളും മെലിഞ്ഞ കൈകാലുകളുമാണ് കുട്ടിത്തേവാങ്കിനുള്ളത്. ഉണ്ടക്കണ്ണെന്നു പറഞ്ഞാൽ ഒറ്റ നോട്ടത്തിൽ മൂങ്ങയുടേതുപോലിരിക്കും. കൂറ്റൻ മരപ്പൊത്തുകളിലോ കാട്ടുവള്ളികൾക്കിടയിലോ ഒക്കെയാണ് വാസം. രാത്രിയിലാണ് ഇരതേടൽ. പകൽ കുട്ടിത്തേവാങ്കിനെ കണ്ടെത്തുക ദുഷ്കരം. ഇലകളും പഴങ്ങളുമൊക്കെ ആഹരിക്കുന്ന ഇവ ചെറിയ ഇഴജന്തുക്കളെയും അകത്താക്കുന്നു.

കേരളത്തിൽ കാണുന്നത് ലോറിസ് മലബാറിക്കസ് എന്ന ഇനമാണെന്നു വിദഗ്ധർ പറയുന്നു. മറ്റിനങ്ങളെക്കാൾ വലിപ്പം കുറവാണ്. കൂടാതെ, അല്പം കൂടി ഇരുണ്ട നിറവുമുണ്ട്. സാധുമൃഗമാണ്. ഇംഗ്ലീഷിൽ സ്ലെൻഡർ ലോറിസ് എന്നു വിളിക്കുന്നു. ശാസ്ത്രനാമം ലോറിസ് റ്റാർഡിഗ്രാഡസ്. വലിപ്പം പരമാവധി ഇരുപത്തിയഞ്ചു സെന്റീമീറ്ററും. കാഴ്ചയിൽ പേരുപോലെ ഒരു കുട്ടിത്തേവാങ്കുതന്നെ. നീണ്ട മൂക്ക്. കണ്ണിനു ചുറ്റും ഇരുണ്ടൊരു വലയവും. അതാണ് മുഖത്തിന്റെ മറ്റൊരു പ്രത്യേകത. രോമം നിറഞ്ഞ ശരീരം. തുറിച്ചു നോക്കുന്ന പ്രകൃതം. ഇതിനു വാലില്ല.

ചെറിയ സംഘമായിട്ടാണ് സഞ്ചാരം. അപൂർവമായി ഒറ്റയ്ക്കും കണ്ടെന്നു വരും. മനുഷ്യരുമായി ഒരുവിധത്തിലും ഇണങ്ങാത്ത ജീവിയാണിത്. ഏതാണ്ട് 18 വർഷമാണ് ഇവറ്റയുടെ ആയുസ്സ്.

കുട്ടിത്തേവാങ്കിന്റെ ഗർഭകാലം മൂന്നു മാസമാണ്. മരപ്പൊത്തുകളിലാണ് കുഞ്ഞിനെ ഒളിപ്പിക്കുക. കൂട്ടത്തിൽ കൂടുന്നതുവരെ കുഞ്ഞിനെ സംരക്ഷിക്കുന്നത് അമ്മതന്നെ. മരംകേറികളായ കാട്ടുപൂച്ച, മരപ്പട്ടി, പുലി എന്നിവയുടെ ആക്രമണം കുഞ്ഞുങ്ങൾക്കു ഭീഷണിയാണ്. കുട്ടിത്തേവാങ്കിന്റെ മാംസം നേത്രരോഗങ്ങൾക്ക് ഉത്തമമാണെന്നൊരു വിശ്വാസമുണ്ട്. തെക്കേയിന്ത്യയിലാകമാനം ഇവയുടെ സാന്നിധ്യമുണ്ട്.

**ചരിത്രത്തിലെ ജ്വാലാമുഖികൾ**

■ വത്സല നിലമ്പൂർ

# അധികാരവഴിയിലെ ആദ്യവനിത

ഇന്ത്യൻ ഭരണരംഗത്ത് അധികാരത്തെത്തിയ ആദ്യവനിതയാണ് സുചേത കൃപലാനി. ഉത്തർപ്രദേശിലെ ആദ്യത്തെ വനിതാ മുഖ്യമന്ത്രി. 1908 ജൂൺ 25 ന് ഒരു ബംഗാളി കുടുംബത്തിൽ സുചേത ജനിച്ചു. പിതാവ് സുരേന്ദ്രനാഥ് മജുംദാർ. സർക്കാർ ഡോക്ടറായി സേവനമനുഷ്ഠിച്ച അദ്ദേഹം തീക്ഷ്ണതയുള്ള ദേശസ്നേഹിയായിരുന്നു, രാജ്യസേവനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി സ്വയം സമർപ്പിച്ച അദ്ദേഹമാണ് മകൾ സുചേതയിൽ ദേശസ്നേഹം പകർന്നത്.

ന്യൂഡൽഹിയിലെ ഇന്ദ്രപ്രസ്ഥകോളജിൽനിന്ന് ബിരുദപഠനം പൂർത്തിയാക്കിയ സുചേത തുടർന്ന് സെന്റ് സ്റ്റീഫൻസ് കോളജിൽ ഉന്നതപഠനം നടത്തി. അതിനുശേഷം ബനാറസ് ഹിന്ദു സർവകലാശാലയിൽ ഭരണഘടനാചരിത്രത്തിന്റെ ലക്ചററായി.

ഒരു സോഷ്യലിസ്റ്റു നേതാവായിരുന്ന ആചാര്യ ജെ.ബി. കൃപലാനിയെ വിവാഹം കഴിച്ച സുചേത, അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിൽ സ്വാതന്ത്ര്യസമരത്തിൽ അണിചേർന്നു. കോൺഗ്രസ് പാർട്ടിയുടെ വനിതാ വകുപ്പിന്റെ ആദ്യനേതാവ് എന്ന ബഹുമതിയും അവർക്കു ലഭിച്ചു. സുചേതയുടെ അർപ്പണബോധത്തിൽ മതിപ്പു തോന്നിയ ഗാന്ധിജി 1946 ൽ കസ്തൂർബാ ഗാന്ധി നാഷണൽ മെമ്മോറിയൽ ട്രസ്റ്റിന്റെ സംഘാടകസെക്രട്ടറിയായി അവരെ നിയമിക്കാൻ തയ്യാറായി.

അതേവർഷംതന്നെ നവഖാലിയിൽ (ഇപ്പോൾ ബംഗ്ലാദേശ്) വർഗീയകലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ഗാന്ധിക്കും കൃപലാനിക്കും ഒപ്പം സുചേതയും കലാപബാധിതപ്രദേശം സന്ദർശിക്കുകയും അക്രമങ്ങൾക്കിരയായവർക്ക് സാന്ത്വനം നൽകുകയും ചെയ്തു.

1946 അവസാനത്തോടെ അവർ ഭരണഘടനാ അസംബ്ലി അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യൻ ഭരണഘടനയുടെ ചാർട്ടർ സമർപ്പിക്കാനുള്ള ചുമതല സുചേതയ്ക്കായിരുന്നു.

1949 ൽ ഐക്യരാഷ്ട്ര പൊതുസഭയുടെ പ്രതിനിധിയായി സുചേതയെ തിരഞ്ഞെടുത്തു.

1952 ൽ, ആചാര്യ കൃപലാനി പുതിയ പാർട്ടി രൂപീകരിച്ചു.



സുചേത കൃപലാനി

1952 ൽ നടന്ന ആദ്യ പൊതുതിരഞ്ഞെടുപ്പിൽ സുചേത കൃപലാനി ന്യൂഡൽഹി മണ്ഡലത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട് ചെറുകിട വ്യവസായ സഹമന്ത്രിയായി. അഞ്ചുവർഷത്തിനുശേഷം കോൺഗ്രസ് ടിക്കറ്റിൽ അതേ മണ്ഡലത്തിൽനിന്നു വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. മിന്നുന്ന ബുദ്ധിശക്തിയും അതിശയകരമായ പ്രഭാഷണവൈദഗ്ധ്യവും വിശിഷ്ട പാർലമെന്റേറിയൻ എന്ന പദവിക്ക് സുചേതയെ അർഹയാക്കി.

1962 ൽ സുചേത കൃപലാനി ഉത്തർപ്രദേശ് നിയമസഭാതിരഞ്ഞെടുപ്പിൽ മത്സരിച്ചു. കാൺപൂർ നിയോജകമണ്ഡലത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട അവർ തൊഴിൽ, കമ്മ്യൂണിറ്റി വികസനം, വ്യവസായം എന്നീ വകുപ്പുകളുടെ മന്ത്രിയായി.

അടുത്ത വർഷം, കമലാപതി ത്രിപാഠിയും സിബി ഗുപ്തയും തമ്മിൽ കോൺഗ്രസ് പാർട്ടിയിൽ ഒരു സംഘർഷം ഉടലെടുത്തു. ഗുപ്ത തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിനാൽ ദില്ലി വിട്ട് ഉത്തർപ്രദേശ് മുഖ്യമന്ത്രിസ്ഥാനം ഏറ്റെടുക്കാൻ അദ്ദേഹം സുചേതയോട് ആവശ്യപ്പെട്ടു. അധികാരത്തിലിരുന്നുകൊണ്ട് കാര്യക്ഷമതയുള്ള ഒരു അഡ്മിനിസ്ട്രേറ്റർ, സംഘാടിക എന്നീ നിലകളിൽ അവർ തന്റെ കഴിവ് തെളിയിച്ചു.

1971 ൽ സുചേത കൃപലാനി രാഷ്ട്രീയത്തിൽനിന്നു വിരമിച്ചു.

**അവസാനവർഷങ്ങൾ**

സജീവമായ രാഷ്ട്രീയം ഉപേക്ഷിച്ച സുചേതയും ആചാര്യകൃപലാനിയും ദില്ലിയിൽ സ്ഥിരതാമസമാക്കി.

കുട്ടികളില്ലാത്തതിനാൽ ഇരുവരും തങ്ങളുടെ സമ്പത്തും വിഭവങ്ങളും ലോക് കല്യാൺ സമിതിക്ക് ഉദാരമായി സംഭാവന ചെയ്തു.

ഈ സമയം, അവർ തന്റെ ആത്മകഥ എഴുതാൻ തുടങ്ങി, അതിൽ മൂന്നു ഭാഗങ്ങൾ 'ദ ഇല്ലസ്ട്രേറ്റഡ് വീക്ക്ലി ഓഫ് ഇന്ത്യ'യിൽ പരമ്പരയായി പ്രസിദ്ധീകരിക്കുകയുണ്ടായി.

1974 ൽ ഹൃദയാഘാതത്തെത്തുടർന്ന് സുചേത മരണത്തിനു കീഴടങ്ങി.

■

**ദളം മൂന്ന്**


## ഉണ്ണീരിയമ്മ പറഞ്ഞ കഥകൾ






മോബിൻ മോഹൻ

# വിജയത്തിലേക്കുള്ള വഴി






ഉച്ചയൂണു കഴിഞ്ഞ് തന്റെ ചാരുകസേരയിൽ വിശ്രമിക്കുകയായിരുന്ന ഉണ്ണീരിയമ്മയുടെ ചുറ്റിനും നാൽവർ സംഘം ഒത്തുകൂടി. സംഘത്തിന്റെ നേതാവായ കുഞ്ഞുണ്ണിയുടെ മുഖത്തെ മ്ലാനത കണ്ട് ഉണ്ണീരിയമ്മ ചോദിച്ചു:

"എന്തുപറ്റി കുഞ്ഞുണ്ണ്യേ?"

കുഞ്ഞുണ്ണി സങ്കടത്തോടെ മുഖം താഴ്ത്തിയപ്പോൾ അമ്മാളുവാണ് മറുപടി പറഞ്ഞത്:

"കുഞ്ഞുണ്ണി പരീക്ഷയ്ക്കു തോറ്റു."

"ഉവ്വോ, ഏതു പരീക്ഷ?"

"ഫിസിക്സ് പരീക്ഷ. കുഞ്ഞുണ്ണിക്കുവേണ്ടി ടീച്ചർ പ്രത്യേകമായി ഒരു പരീക്ഷകൂടി നാളെ ഇടും. വൈദ്യുതിയുടെ പാഠത്തിൽനിന്ന്. അതിലും തോറ്റാൽ വീട്ടിൽനിന്ന് വിളിപ്പിക്കുമെന്നാ പറഞ്ഞേ."

കുഞ്ഞുണ്ണി കരയാൻ തുടങ്ങി.

"എനിക്ക് ഫിസിക്സ് ഇഷ്ടമല്ല. വൈദ്യുതിയുടെ പാഠം എന്റെ തലയിൽ കയറില്ല."

"നീ ഇങ്ങനെ കരയാതെ കുഞ്ഞുണ്ണീ. എല്ലാത്തിനും പരിഹാരമുണ്ടാക്കാം. വൈദ്യുതിയുടെ പിതാവ് ആരാണെന്ന് നിങ്ങൾക്കറിയോ?" ഉണ്ണീരിയമ്മ ചോദിച്ചു.

"മൈക്കിൾ ഫാരഡെ."

മൂവരും ഒരുമിച്ചാണു പറഞ്ഞത്.

ഇട്ടിണ്ടാനു മാത്രം ഒന്നും മനസ്സിലായില്ല.

"ഫാരഡെയുടെ കഥയാണ് ഞാൻ പറയാൻ പോകുന്നത്."

നാലുപേരും ഉണ്ണീരിയമ്മയുടെ ചുറ്റിനും ഇരുന്നു.

"ഒരു ദരിദ്രകുടുംബത്തിലാണ് മൈക്കിൾ ഫാരഡെ ജനിച്ചത്. ഇരുമ്പുപണിയായിരുന്നു പിതാവിന്റെ ജോലി. ദാരിദ്ര്യവും അനാരോഗ്യവും ഫാരഡെയുടെ ബാല്യം ദുരിതത്തിലാക്കി. ദരിദ്രകുടുംബത്തിന്റെ ഉത്തരവാദിത്വം കൂടി ഏറ്റെടുക്കേണ്ടിവന്നതിനാൽ പ്രാഥമികവിദ്യാഭ്യാസം മാത്രം നേടാനേ കഴിഞ്ഞുള്ളൂ. കലാലയപഠനം വലിയ സ്വപ്നമായിരുന്നെങ്കിലും പട്ടിണിക്കു മുന്നിൽ അതെല്ലാം ഉപേക്ഷിക്കേണ്ടി വന്നു. ചെറിയ പ്രായത്തിൽ തന്നെ ഒരു പുസ്തകബയന്റിങ് സ്ഥാപനത്തിൽ തുച്ഛമായ ശമ്പളത്തിൽ ഫാരഡെയ്ക്കു ജോലിക്കു കയറേണ്ടിവന്നു. ബൈൻഡ് ചെയ്യാൻ എത്തപ്പെടുന്ന പുസ്തകങ്ങൾ ആർത്തിയോടെ അവൻ വായിച്ചു. ശാസ്ത്രസംബന്ധിയായ പുസ്തകങ്ങളോടായിരുന്നു അവനു കൂടുതൽ പ്രിയം. ശാസ്ത്രത്തോടുള്ള അവന്റെ അത്യഗാധമായ താത്പര്യത്തെ സ്ഥാപനമുടമ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

"അക്കാലത്താണ് പ്രസിദ്ധനായ ശാസ്ത്രജ്ഞൻ സർ ഹംഫ്രി ഡേവിയുടെ ഒരു പ്രഭാഷണം കേൾക്കുവാൻ ഫാരഡെയ്ക്ക് അവസരം ലഭിച്ചത്. ഫാരഡെയുടെ ജീവിതത്തിലെ വലിയ ഒരു വഴിത്തിരിവായിരുന്നു അത്. ഹംഫ്രി ഡേവിയുടെ പ്രഭാഷണത്തിൽ പ്രചോദിതനായി. ഊർജതന്ത്രത്തിൽ കൂടുതൽ പഠനങ്ങൾ നടത്തി. ഒടുവിൽ, ഹംഫ്രി ഡേവിയുടെ സഹായിയാകാനുള്ള അവസരവും അവനെ തേടിയെത്തി. വൈദ്യുതിയെ ചുറ്റിപ്പറ്റിയുള്ള പരീക്ഷണനിരീക്ഷണങ്ങൾ കൂടുതൽക്കൂടുതൽ കണ്ടുപിടിത്തങ്ങളിലേക്ക് ഫാരഡെയെ കൊണ്ടെത്തിച്ചു.

ഉന്നതകുലജാതർക്കു മാത്രം എത്തിപ്പിടിക്കാവുന്ന ശാസ്ത്രലോകത്ത് ഒരു സാധാരണക്കാരൻ, അതും ഔപചാരികശാസ്ത്രവിദ്യാഭ്യാസം ലഭിക്കാത്തവൻ മുന്നേറ്റം നടത്തുന്നത് പലരിലും അലോസരമുണ്ടാക്കി. ഫാരഡെയ്ക്ക് പല അവസരങ്ങളും നിഷേധിക്കപ്പെട്ടു. അപ്പോഴൊക്കെ ശാന്തനായി അയാൾ തന്റെ കർമത്തിൽ മുഴുകി. ശാസ്ത്രലോകത്തിനു വലിയ വഴിത്തിരിവുണ്ടാക്കുന്ന നിരവധി കണ്ടുപിടിത്തങ്ങൾ നടത്തി. പരിഹസിച്ചവരെക്കൊണ്ടുതന്നെ മഹാനായ ശാസ്ത്രജ്ഞൻ എന്നു വിളിപ്പിച്ചു. തന്റെ കണ്ടുപിടിത്തങ്ങൾക്ക് പേറ്റന്റ് എടുക്കാൻപോലും അദ്ദേഹം കൂട്ടാക്കിയില്ല. പണസമ്പാദനം ആയിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. ഒരിക്കൽ ബ്രിട്ടീഷ് രാജ്ഞി അദ്ദേഹത്തിന് സർ പദവി സമ്മാനിക്കാൻ തീരുമാനിച്ചപ്പോൾ സ്നേഹത്തോടെ ഫാരഡെ അത് നിരാകരിച്ചു. ഒരു സാധാരണക്കാരനായി കഴിയാനായിരുന്നു ഫാരഡെ എന്നും ആഗ്രഹിച്ചത്.

രാസായുധങ്ങൾ ഉണ്ടാക്കാൻ സഹായിക്കണമെന്ന രാജ്യത്തിന്റെ ആവശ്യം അദ്ദേഹം തള്ളിക്കളയുകയാണുണ്ടായത്. ശാസ്ത്രം മനുഷ്യപുരോഗതിക്കും പരസ്പരസ്നേഹത്തിനും വേണ്ടിയുള്ളതാവണമെന്ന് ഫാരഡെ വിശ്വസിച്ചു.

വൈദ്യുതി കൃത്രിമമായി ഉത്പാദിപ്പിക്കാനുള്ള വഴി കണ്ടെത്തിയ ഫാരഡെ മനുഷ്യജീവിതത്തെ മാറ്റിമറിച്ചു നമ്മുടെ ജീവിതത്തെ പ്രകാശമാനമാക്കി, ആയാസരഹിതമാക്കി.

ശാസ്ത്രലോകത്തെ ഏറ്റവും പ്രതിഭാശാലിയായ വ്യക്തിയാണ് മൈക്കിൾ ഫാരഡെ. ഏതു മോശമായ സാഹചര്യത്തെയും കഠിനാധ്വാനംകൊണ്ടും ഉത്സാഹംകൊണ്ടും മറികടക്കാം എന്നുള്ളതിന് ഏറ്റവും നല്ല ഉദാഹരണമാണ് വൈദ്യുതിയുടെ പിതാവ് എന്നറിയപ്പെടുന്ന ഈ ശാസ്ത്രജ്ഞൻ.

ഉണ്ണീരിയമ്മ കഥ പറഞ്ഞ് അവസാനിപ്പിച്ചപ്പോൾ എല്ലാവരും പ്രതീക്ഷയോടെ കുഞ്ഞുണ്ണിയുടെ മുഖത്തേക്കാണു നോക്കിയത്. അവൻ ആഹ്ലാദവാനായിരുന്നു.

"ഫാരഡെയെപ്പോലെ ഞാനും ഉത്സാഹിക്കും. പഠിക്കും. നല്ല മാർക്കു വാങ്ങി പരീക്ഷ ജയിക്കുകയും ചെയ്യും."

കുഞ്ഞുണ്ണി പറയുമ്പോൾ എല്ലാവരും അവനെ നോക്കി കയ്യടിക്കുകയായിരുന്നു.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**എന്റെ പടിവാതിൽക്കൽ അനുദിനം കാത്തുനിന്ന്, എന്റെ വാതിലുകളിൽ ദൃഷ്ടിയുറപ്പിച്ച് എന്റെ വാക്കു കേൾക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, എന്നെ കണ്ടെത്തുന്നവൻ ജീവൻ കണ്ടെത്തുന്നു.**

സുഭാഷിതങ്ങൾ 8:34,35

**എഡിറ്റോറിയൽ**

# പൊളിച്ചെഴുതണം ഇത്തരം കാട്ടുനിയമങ്ങൾ

മനുഷ്യജീവനു തലയെണ്ണി വിലപറയുന്ന പ്രാകൃതാവസ്ഥയിലേക്ക് നമ്മുടെ രാജ്യം കൂപ്പുകുത്തുകയാണോ? ജനസംഖ്യാനിയന്ത്രണത്തിനു കരിനിയമം നിർമിക്കാനൊരുങ്ങുന്ന വിവാദബില്ലിലെ വ്യവസ്ഥകൾ രാജ്യമൊട്ടാകെ ചർച്ചാവിഷയമായിരിക്കുന്നു. അസമിൽനിന്നാരംഭിച്ച ഈ പകർച്ചവ്യാധി ഇപ്പോൾ പടർന്നിരിക്കുന്നത് ശിശുമരണത്തിനും ബാലപീഡനത്തിനും കുപ്രസിദ്ധിയാർജിച്ച ഉത്തർപ്രദേശിലേക്കാണ്.

രണ്ടു കുട്ടികളിൽ കൂടുതലുള്ളവർക്ക് സർക്കാർ ജോലിയും സ്ഥാനക്കയറ്റവും ആനുകൂല്യങ്ങളും നിഷേധിക്കാനും തദ്ദേശസ്ഥാപനതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതു വിലക്കാനുമാണ് യു.പി. സർക്കാരിന്റെ ആലോചന. ഇതിനുള്ള കരടുബിൽപ്രകാരം (ഉത്തർപ്രദേശ് ജനസംഖ്യാ-നിയന്ത്രണ, സ്ഥിരത, ക്ഷേമബിൽ 2021) സംസ്ഥാന നിയമകമ്മീഷൻ പൊതുജനാഭിപ്രായം തേടിയിരിക്കുകയാണിപ്പോൾ.

ജനുവരി ഒന്നുമുതൽ അസമിലെ ബിജെപി സർക്കാരും സമാനനിയമം നടപ്പാക്കിയിട്ടുണ്ട്. ലക്ഷദ്വീപിൽ ഇതേ നിയമം കൊണ്ടുവരാൻ അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ കരടുനിയമം പ്രഖ്യാപിച്ചതു വിവാദമായിരുന്നു.

രണ്ടു കുട്ടികളെന്ന നയം പിന്തുടരുന്ന പൊതുജനസേവകർക്ക് ആനുകൂല്യം നൽകാൻ യുപിയിലെ കരടുബിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇവർക്ക് സേവനകാലാവധിക്കിടയിൽ രണ്ട് അധിക ഇൻക്രിമെന്റുകൾ ലഭിക്കും. മുഴുവൻ ശമ്പളവും ആനുകൂല്യങ്ങളുമടങ്ങിയ മാതൃ-പിതൃ അവധി, ദേശീയ പെൻഷൻപദ്ധതിയിൽ മൂന്നു ശതമാനത്തിന്റെ തൊഴിലുടമ വിഹിതവർധന എന്നിവയുമുണ്ടാകും.

ഒരു കുട്ടി മാത്രമുള്ളവർക്കും ബില്ലിൽ ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഒറ്റക്കുട്ടി മാത്രമാണെങ്കിൽ ഇരുപതു വയസുവരെ ഇൻഷുറൻസ്, സൗജന്യ ചികിത്സ, ജോലിയിൽ മുൻഗണന, സ്കോളർഷിപ്പുകൾ, പ്രഫഷണൽ സ്ഥാപനങ്ങളിൽ മുൻഗണന എന്നിവയുണ്ട്. കുടുംബത്തിന് വൈദ്യുതി, വെള്ളക്കരം, വീട്ടുനികുതി എന്നിവയിൽ ഇളവുണ്ടാകും. പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സ്കോളർഷിപ്പു ലഭിക്കും. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് ഒരു കുഞ്ഞു മാത്രമാണെങ്കിൽ ആൺകുട്ടിക്ക് എൺപതിനായിരം രൂപയും, പെൺകുട്ടിക്ക് ഒരു ലക്ഷം രൂപയും ഒറ്റത്തവണ നൽകും.

എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും പ്രസവകേന്ദ്രങ്ങൾ സ്ഥാപിക്കുകയും സന്നദ്ധസംഘടനകൾവഴി ഗർഭനിരോധനഗുളികകളും ഉറകളും വിതരണം ചെയ്യുകയും തുടങ്ങി ഒട്ടേറെ കാര്യങ്ങളും ബില്ലിൽ പ്രതിപാദിക്കുന്നുണ്ട്. സെക്കൻഡറിതലംമുതൽ ജനസംഖ്യാനിയന്ത്രണം നിർബന്ധിത പാഠ്യവിഷയമാക്കണമെന്നും ബില്ലിൽ പറയുന്നു. ചുരുക്കത്തിൽ, സംസ്ഥാനത്തിന്റെ സുസ്ഥിരവികസനത്തിന് ജനസംഖ്യാനിയന്ത്രണം അനിവാര്യമെന്നാണ് ബില്ലിന്റെ കരടുനയം.

അതേസമയം, ജനസംഖ്യാവർധന തടയാൻ കുടുംബാസൂത്രണത്തിനു ദമ്പതികളെ നിർബന്ധിക്കാനാവില്ലെന്നാണ് കേന്ദ്രസർക്കാർനയം. കുടുംബാസൂത്രണത്തിനും നിശ്ചിതയെണ്ണം കുട്ടികളെ ജനിപ്പിക്കുന്നതിനും ജനങ്ങളെ നിർബന്ധിക്കുന്നതു വിപരീതഫലമുണ്ടാക്കുമെന്നാണ് ആരോഗ്യ-കുടുംബക്ഷേമമന്ത്രാലയം കഴിഞ്ഞ ഡിസംബറിൽ സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിരിക്കുന്നത്. കുടുംബാസൂത്രണത്തിലെ ബലപ്രയോഗം എതിർക്കുന്ന 1994 ലെ ഇന്റർനാഷണൽ കോൺഫറൻസ് ഓൺ പോപ്പുലേഷൻ ആൻഡ് ഡവലപ്മെന്റിന്റെ കർമപരിപാടിയിലും ഇന്ത്യ ഒപ്പുവച്ചിട്ടുണ്ട്.

ജനസംഖ്യ ബാധ്യതയല്ല, ആസ്തിയാണെന്നു ചിന്തിച്ചിരുന്ന ഭരണാധികാരികളുണ്ടായിരുന്ന നമ്മുടെ രാജ്യത്ത്, കുട്ടികളെ നിഷേധിക്കുന്ന പുതിയ നയം നിയമരൂപേണ സംസ്ഥാനങ്ങൾതോറും നടപ്പാക്കിവരുന്നതു ഖേദകരമാണ്. ശിശുക്കളെ ഇഷ്ടപ്പെടാത്ത രാജ്യം നാശത്തിലേക്കു കൂപ്പുകുത്തുമെന്ന കാര്യത്തിൽ സംശയംവേണ്ടാ. മക്കൾ ദൈവത്തിന്റെ ദാനമാണ്. അവരെ ഇരുകൈയുംനീട്ടി സ്വീകരിക്കാനുള്ള വിശാലഹൃദയമാണു വിദ്യാസമ്പന്നനായ മനുഷ്യനു വേണ്ടത്. മാനവവിഭവശേഷി അനുഗ്രഹമാണെന്നു തിരിച്ചറിഞ്ഞ പാശ്ചാത്യ രാജ്യങ്ങൾ കൂടുതൽ മക്കളുള്ള ദമ്പതികൾക്കും കുടുംബങ്ങൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നല്കാൻ പദ്ധതിയിടുമ്പോഴാണ്, ഭാരതം ജനസംഖ്യാനിയന്ത്രണനിയമം നിർമിക്കാനൊരുങ്ങുന്നത്. ഇത് യുക്തിക്കു നിരക്കാത്തതും അനൗചിത്യവുമാണ്.

കൊവിഡ് മഹാമാരിക്കാലത്ത് മനുഷ്യന്റെ എല്ലാ പ്രതിരോധശ്രമങ്ങളെയും മറികടന്ന് രാജ്യത്തെ മരണനിരക്കു വർദ്ധിക്കുന്ന സാഹചര്യത്തിൽ, ജനസംഖ്യാനിയന്ത്രണത്തിനു സർക്കാർ തിടുക്കംകൂട്ടുന്നതിന്റെ നിഗൂഢാജണ്ടകൾ മനസ്സിലാകുന്നില്ല. സന്താനനിയന്ത്രണം രാഷ്ട്രപുരോഗതിക്കു തടസ്സമെന്നു കരുതിയിരുന്ന ചൈനപോലും അവരുടെ നയം തിരുത്തിയതും നാം മനസ്സിലാക്കേണ്ടതാണ്. നാലും അതിൽ കൂടുതലും മക്കളുള്ള ദമ്പതികളെയും കുടുംബങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന കത്തോലിക്കാസഭയുടെയും ഇതര ക്രൈസ്തവസഭകളുടെയും ജീവനോടുള്ള കരുതൽനയം പൊതുസമൂഹത്തിൽ മതിപ്പുളവാക്കിയിട്ടുണ്ട്.

കുട്ടികളുടെ എണ്ണമല്ല, ഉദ്യോഗാർത്ഥികളുടെ യോഗ്യതയാണു സർക്കാർ ജോലികളുടെ മാനദണ്ഡം. അതിനാണല്ലോ പബ്ലിക് സർവീസ് കമ്മീഷൻ രൂപീകരിച്ചിട്ടുള്ളതും. കുട്ടികളുടെ തലയെണ്ണി രക്ഷിതാക്കളുടെ തൊഴിലും സർക്കാരാനുകൂല്യങ്ങളും നിശ്ചയിക്കുന്ന കാട്ടുനിയമങ്ങൾ വിദ്യാസമ്പന്നരുടേതെന്ന് അവകാശപ്പെടുന്ന നമ്മുടെ രാജ്യത്ത് ഒരിക്കലും ഉണ്ടാവാൻ പാടില്ല. ■

# ഭാരതത്തിലെ ക്രൈസ്തവർ ഭീതിയുടെ നിഴലിൽ

**റിപ്പോർട്ടുമായി ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിലെ ഗവേഷകർ**

ലണ്ടൻ: ഭാരതത്തിലെ ക്രൈസ്തവർ അക്രമത്തിന്റെയും അപമാനത്തിന്റെയും മാനഭംഗത്തിന്റെയും വിവേചനത്തിന്റെയും നിരന്തരഭീതിയിലാണു കഴിയുന്നതെന്ന റിപ്പോർട്ടുമായി ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിലെ (എൽ.എസ്.ഇ.) ഗവേഷകർ. കത്തോലിക്കാ സന്നദ്ധസംഘടനയായ ഓപ്പൺ ഡോേഴ്സ് ചുമതലപ്പെടുത്തിയതനുസരിച്ച് ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിലെ ഇന്ത്യൻ ഗവേഷകർ തയ്യാറാക്കിയ റിപ്പോർട്ടിലാണ് ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നത്. ഭാരതത്തിൽ ക്രിസ്ത്യാനികൾ ആക്രമിക്കപ്പെട്ട സ്ഥലങ്ങളിൽനിന്നു ശേഖരിച്ച വിവരങ്ങളാണ് റിപ്പോർട്ടിനാധാരം. ഇന്ത്യയിലെ ക്രിസ്ത്യാനികളും മുസ്ലീങ്ങളും വിദേശികളാണെന്നും ഇന്ത്യൻ വ്യക്തിത്വത്തിനു ഭീഷണിയാണെന്നും വരുത്തിത്തീർക്കാനുള്ള ചില ഹിന്ദുത്വവാദികളുടെ പ്രചാരണങ്ങൾ രാജ്യത്തെ ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ഭീഷണിയായിത്തീർന്നിട്ടുണ്ടെന്നു റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.



ഭൂസ്വത്ത് സംബന്ധിച്ച കേസുകളിൽ ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്കു മതിയായ നിയമസഹായം ലഭിക്കുന്നില്ലെന്നു റിപ്പോർട്ടിൽ പരാമർശമുണ്ട്. മതപരിവർത്തന നിരോധനനിയമങ്ങളാകട്ടെ മതന്യൂനപക്ഷങ്ങളുടെ ആരാധനാസ്വാതന്ത്ര്യം വിലക്കുവാൻ ഉപയോഗിക്കപ്പെടുന്നുണ്ട്. ഹിന്ദുദേശീയസംഘടനകളുടെ പ്രീതി പിടിച്ചുപറ്റാനായി ക്രൈസ്തവർക്കും ഇതര ന്യൂനപക്ഷങ്ങൾക്കും നേർക്കുള്ള ആക്രമണങ്ങൾ പോലീസും പ്രാദേശികഭരണകൂടങ്ങളും മാധ്യമങ്ങളും അവഗണിക്കുകയാണു പതിവെന്നും റിപ്പോർട്ടിനെ ഉദ്ധരിച്ച് 'മാറ്റേഴ്സ് ഇന്ത്യ' റിപ്പോർട്ട് ചെയ്യുന്നു. ക്രൈസ്തവരെ കൂട്ടത്തോടെ ആക്രമിക്കുന്ന വീഡിയോകൾ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിക്കുന്നുണ്ട്. ഹിന്ദുത്വവാദികൾ വയറ്റിൽ തൊഴിച്ചതിനെത്തുടർന്ന് ഗർഭിണി അകാലത്തിൽ പ്രസവിച്ചതുൾപ്പെടെ നിരവധി സംഭവങ്ങൾ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

ഇത്തരത്തിലുള്ള അക്രമങ്ങളും മനുഷ്യാവകാശലംഘനങ്ങളും അന്താരാഷ്ട്ര ഫാക്റ്റ് ഫൈൻഡിങ് കമ്മീഷൻ രേഖപ്പെടുത്തണമെന്നതുൾപ്പെടെ ഇന്ത്യൻ ക്രിസ്ത്യാനികൾ നേരിടുന്ന മതപീഡനങ്ങൾ ഇല്ലാതാക്കാനുള്ള ചില അടിയന്തര നിർദേശങ്ങളും റിപ്പോർട്ട് മുന്നോട്ടുവയ്ക്കുന്നു. ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതിനു നേർക്ക് കണ്ണടയ്ക്കാൻ ഇനി അന്താരാഷ്ട്രസമൂഹത്തിനു കഴിയില്ലെന്ന് ഓപ്പൺ ഡോേഴ്സ് യു.കെ, അയർലൻഡ് അഡ്വോക്കസി തലവനായ ഡേവിഡ് ലാൻഡ്രം പറഞ്ഞു. രാജ്യത്തെ ക്രിസ്ത്യാനികൾ നേരിടുന്ന ക്രൂരവും ആസൂത്രിതവുമായ മതപീഡനങ്ങളെക്കുറിച്ച് അന്താരാഷ്ട്രതലത്തിൽ അന്വേഷണം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ഓപ്പൺ ഡോേഴ്സിന്റെ കണക്കുകൾ പ്രകാരം ക്രൈസ്തവപീഡനം രൂക്ഷമായ രാജ്യങ്ങളിൽ പത്താം സ്ഥാനത്താണ് ഇന്ത്യ. ■

## തിരുനാൾ ആശംസകൾ



**ജൂലൈ 25-ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന് ദീപനാളത്തിന്റെ പ്രാർത്ഥനാനിർഭരമായ മംഗളാശംസകൾ!**

# യൂറോപ്പ് കീഴടക്കി അസ്സൂറിപ്പട



ഡോ. ജിൻസ് കാപ്പൻ




**ലോ**കഫുട്ബോളിന്റെ തറവാടായ ലണ്ടനിലെ വെംബ്ലി സ്റ്റേഡിയത്തിൽ നടന്ന ആവേശോജ്ജ്വല ഫൈനലിൽ പെനാൽറ്റി ഷൂട്ടൗട്ടിൽ ആതിഥേയരായ ഇംഗ്ലണ്ടിനെ വീഴ്ത്തിയാണ് ഇറ്റലി തങ്ങളുടെ രണ്ടാമത്തെ യൂറോപ്യൻ കിരീടം ഉയർത്തിയത്. 2006 ലോകകപ്പ് കിരീടനേട്ടത്തിനുശേഷം ഇറ്റലി നേടുന്ന ഒരു പ്രധാന അന്താരാഷ്ട്രകിരീടമാണ് യൂറോ 2020. ഇതിനുമുമ്പ് 1968 ലാണ് ഇറ്റലി യൂറോ ചാമ്പ്യന്മാരായത്. 2000 ലും 2012 ലും യൂറോകപ്പിന്റെ ഫൈനലിൽ കടന്നെങ്കിലും ഫ്രാൻസിനോടും സ്പെയിനോടും പരാജയപ്പെടാനായിരുന്നു വിധി. 2018 ലെ റഷ്യൻ ലോകകപ്പിനു യോഗ്യതപോലും നേടാൻ സാധിക്കാതിരുന്ന ഇറ്റലിയുടെ ഉജ്ജ്വല തിരിച്ചുവരവാണ് റോബർട്ടോ മാഞ്ചീനി എന്ന തന്ത്രജ്ഞനായ പരിശീലകന്റെ കീഴിൽ കണ്ടത്. 1988 യൂറോകപ്പിലും 1990 ലോകകപ്പിലും ഇറ്റലിയുടെ കുപ്പായത്തിൽ കളത്തിലിറങ്ങിയ താരമാണു മാഞ്ചീനി. ഇറ്റലിയുടെ തുടർച്ചയായി 34 മത്സരങ്ങളിൽ പരാജയമറിയാതെയുള്ള കുതിപ്പാണ് ഇന്നു യൂറോകപ്പ് വിജയത്തിൽ എത്തിനിൽക്കുന്നത്. ഗോൾവല കാത്ത യുവതാരം ജിയാൻല്യൂജി ഡോന്നാരുമ്മ, വെറ്ററൻ പ്രതിരോധതാരങ്ങളായ കില്ലെനിയും ബനൂച്ചിയും മധ്യനിരതാരം ജോർജിനോയും മുന്നേറ്റനിരയുടെ കുന്തമുന ഫെഡറിക്കോ കിയേസയും എല്ലാം കളം നിറഞ്ഞു കളിച്ചപ്പോൾ ടൂർണമെന്റിലെ ഏറ്റവും സന്തുലിതമായ ടീമായി ഇറ്റലി.

55 വർഷം നീണ്ട കാത്തിരിപ്പിനൊടുവിലാണ് ഫുട്ബോൾ ഭ്രാന്തന്മാരുടെ നാടായ ഇംഗ്ലണ്ട് ഒരു ഫൈനലിൽ കളിക്കാൻ യോഗ്യത നേടുന്നത്. 1966 ൽ ഫുട്ബോൾ ലോകകപ്പ് നേടിയതിനുശേഷം കിരീടനേട്ടങ്ങൾ ഒന്നുമില്ലാതിരുന്ന ഇംഗ്ലണ്ട് തങ്ങളുടെ കന്നി യൂറോകിരീടം തേടിയാണ് ലോകത്തിലെതന്നെ ഏറ്റവും പ്രശസ്തവും പുരാതനമായ ഫുട്ബോൾ മൈതാനമായ വെംബ്ലിയിൽ ഇറങ്ങിയത്. ആതിഥേയരുടെ പ്രതീക്ഷകൾ വാനോളം ഉയർത്തി കളിയുടെ രണ്ടാം മിനുട്ടിൽ ഇറ്റലിയെ ഞെട്ടിച്ചുകൊണ്ട് ഇംഗ്ലണ്ടിനുവേണ്ടി മാഞ്ചസ്റ്റർ യുണൈറ്റഡ് താരം ലൂക്ഷാ ഒരു മിന്നൽ ഹാഫ് വോളിയിലൂടെ പന്ത് വലയിലെത്തിച്ചു.

യൂറോകപ്പ് ഫുട്ബോളിന്റെ ചരിത്രത്തിലെ ഏറ്റവും വേഗമേറിയ ഗോൾ ആയിരുന്നു ഇത്. ഈ ഗോളിന്റെ ആഘാതത്തിൽനിന്നു മുക്തരാവാൻ ഇറ്റലി നന്നേ വിയർപ്പൊഴുക്കി. ആദ്യപകുതിയുടെ 20 മിനിട്ടുകൾക്കു ശേഷം ഇറ്റലി പതിയെ കളിയിൽ പിടിമുറുക്കാൻ തുടങ്ങി. ഇറ്റലിയുടെ യുവന്റസ് താരം ഫെഡറിക്കോ കിയേസ കളിയിലുടനീളം ഇംഗ്ലണ്ട് ഗോൾ കീപ്പർ ജോർദാൻ പിക്ഫോർഡിനെ പരീക്ഷിച്ചുകൊണ്ടിരുന്നു. രണ്ടാം പകുതിയിൽ കളിയുടെ പൂർണനിയന്ത്രണം ഇറ്റലിയുടെ കയ്യിലായിരുന്നു. എല്ലാ മേഖലയിലും അവർ ആതിഥേയരെ കടത്തിവെട്ടി. എങ്കിലും ഇംഗ്ലണ്ടിന്റെ പ്രതിരോധപ്പൂട്ടു പൊളിക്കാൻ 67-ാമത്തെ മിനിറ്റു വരെ കാത്തിരിക്കേണ്ടിവന്നു ഇറ്റലിക്ക്. കോർണർ കിക്കിനെത്തുടർന്ന് ഇംഗ്ലണ്ട് ബോക്സിനുള്ളിൽ ഉണ്ടായ കൂട്ടപ്പൊരിച്ചിലിനൊടുവിൽ പന്ത് ഇംഗ്ലണ്ട് വലയിലെത്തിച്ചു ഇറ്റലിയുടെ മുതിർന്ന പ്രതിരോധനിരതാരം ലിയാണോർഡോ ബനൂച്ചി വിലപ്പെട്ട സമനിലഗോൾ നൽകി. തുടർന്ന് കളി ഇറ്റലിയുടെയും പരിശീലകൻ മാഞ്ചീനിയുടെയും നിയന്ത്രണത്തിലായിരുന്നുവെങ്കിലും ഗോൾനേടാൻ മാത്രം കഴിഞ്ഞില്ല. മുഴുവൻ സമയത്തും എക്സ്ട്രാടൈമിലും ഇരുടീമുകളും സമനില പാലിച്ചു. തുടർന്ന് അനിവാര്യമായ പെനാൽറ്റി ഷൂട്ടൗട്ടിൽ 3-2 ന് ആതിഥേയരെ കീഴടക്കിയാണ് ഇറ്റലിയുടെ കിരീടനേട്ടം. ഇംഗ്ലണ്ടിന്റെ മാർക്കസ് റാഷ്ഫോർഡ് കിക്ക് പോസ്റ്റിൽ അടിച്ചപ്പോൾ ജയ്ഡോൺ സാഞ്ചോയുടെയും ബുക്കയോ സക്കയുടെയും കിക്കുകൾ രക്ഷിച്ചു. ഇറ്റലിയുടെ ഗോൾകീപ്പർ ജിയാൻല്യൂജി ഡോന്നാരുമ്മ കിരീടവിജയത്തിൽ നിർണായകമായ പങ്കു വഹിച്ചു. ടൂർണമെന്റിലെ എല്ലാ മത്സരങ്ങളിലും മികച്ച പ്രകടനം നടത്തിയ ജിയാൻല്യൂജി ഡോന്നാരുമ്മ ഫൈനലിലും ആ മികവു തുടർന്നു. അതിനുള്ള അംഗീകാരമാണ് മികച്ച കളിക്കാരനുള്ള ഗോൾഡൻബോൾ അദ്ദേഹത്തെ തേടിയെത്തിയത്. ടോപ് സ്കോറർക്കുള്ള സുവർണപാദുകം പോർച്ചുഗൽതാരം ക്രിസ്റ്റ്യാനോ റൊണാൾഡോയും യുവതാരത്തിനുള്ള പുരസ്കാരം സ്പാനിഷ് മധ്യനിരതാരം പെഡ്രി ഗോൺസാലെസും നേടി.

സെമിഫൈനലിൽ തുല്യശക്തികൾ തമ്മിലുള്ള പോരാട്ടമാണ് വെംബ്ലിയിൽ കണ്ടത്. ഇറ്റലിയും സ്പെയിനും തമ്മിൽ കലാശപ്പോരാട്ടത്തിനുള്ള അർഹതയ്ക്കായി ഇഞ്ചോടിഞ്ചു പോരാട്ടമാണു നടന്നത്. ഫ്രെഡറിക്കോ കിയെസയുടെ തകർപ്പൻ ഗോളിൽ അറുപതാം മിനുട്ടിൽ ഇറ്റലി ലീഡ് എടുത്തെങ്കിലും പകരക്കാരനായി വന്ന ആൽവിറോ മൊറാട്ടയുടെ ഗോളിൽ എൺപതാം മിനിട്ടിൽ സ്പെയിൻ സമനില നേടി. നിശ്ചിതസമയത്തും അധികസമയത്തും തുല്യത പാലിച്ച മത്സരത്തിൽ പെനാൽറ്റി ഷൂട്ടൗട്ടിൽ ഇറ്റലിയുടെ മനുവേൽ ലോക്കറ്റിലിയുടെ ആദ്യ കിക്ക് സ്പെയിൻ ഗോൾ കീപ്പർ ഉനായ് സിമോൺ രക്ഷപ്പെടുത്തിയെങ്കിലും ഡാനി ഓൾമോയും അൽവിറോ മൊറാട്ടയും അവസരങ്ങൾ പാഴാക്കിയതോടെ സ്പെയിന് 2-4 ന് പരാജയം സമ്മതിക്കേണ്ടിവന്നു. സ്പെയിനിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ടൂർണമെന്റിന്റെ സെമിയിൽ പരാജയപ്പെട്ടു പുറത്താവുന്നത്. ഇതിനുമുമ്പുള്ള അഞ്ചു സെമിഫൈനലുകളിലും വിജയം സ്പാനിഷ് ടീമിനൊപ്പമായിരുന്നു.

വെംബ്ലിയിൽ അറുപതിനായിരത്തോളം കാണികളെ സാക്ഷിയാക്കി എക്സ്ട്രാടൈമിൽ ഹാരി കെയ്ൻ നേടിയ പെനാൽറ്റി ഗോളിൽ ഡാനിഷ് പടയെ മറികടന്നാണ് ഇംഗ്ലീഷ് ടീം കലാശപ്പോരാട്ടത്തിനെത്തിയത്. രണ്ടാം സെമിയിൽ മുപ്പതാമത്തെ മിനിട്ടിൽ ഒരുഗ്രൻ ഫ്രീകിക്ക് ഗോളിൽ ഡെൻമാർക്ക് ലീഡ് എടുത്തെങ്കിലും ഒമ്പതു മിനിറ്റുകൾക്കുള്ളിൽ ഒരു സെൽഫ് ഗോളിലൂടെ സമനില കണ്ടെത്താനായി ഇംഗ്ലീഷ് ടീമിന്. 2020 യൂറോകപ്പിൽ ഇംഗ്ലണ്ട് വഴങ്ങിയ ആദ്യഗോളായിരുന്നു മൈക്കൽ ഡാംസഗാർഡ് നേടിയ മഴവിൽ അഴകുള്ള ആ ഫ്രീകിക്ക് ഗോൾ. ഹാരി കെയ്ന്റെയും റഹീം സ്റ്റെർലിങ്ങിന്റെയും ആക്രമണങ്ങളുടെ മുന്നിൽ നെഞ്ചു വിരിച്ചുനിന്ന് ഗോൾകീപ്പർ കാസ്പെർസ്ക് മെയ്ക്കൽ പലപ്പോഴും ഡാനിഷ് ടീമിന്റെ രക്ഷകനായി.

ഈ ടൂർണമെന്റിൽ ഉടനീളം മികച്ച പോരാട്ടം കാഴ്ചവച്ച ടീമാണ് ഡെന്മാർക്ക്. ഫിൻലന്റിനെതിരേ ആദ്യമത്സരത്തിൽ ഡെന്മാർക്കിന്റെ പ്രധാന താരം ക്രിസ്ത്യൻ എറിക്സൺ കാർഡിയാക് അറസ്റ്റ്മൂലം ഗ്രൗണ്ടിൽ കുഴഞ്ഞുവീണത് കളിക്കാരെയും ഫുട്ബോൾ ആരാധകരയെയും ആശങ്കയിലാക്കി. എറിക്സണിന്റെ ആരോഗ്യനിലയെപ്പറ്റി അറിയിപ്പു കിട്ടിയശേഷമാണ് നിർത്തിവച്ച മത്സരം പുനരാരംഭിച്ചത്. തങ്ങളുടെ പ്രധാന താരത്തെ നഷ്ടപ്പെട്ടിട്ടും ഗ്രൂപ്പ് സ്റ്റേജിലെ ആദ്യ രണ്ടു മത്സരങ്ങളിലും തോൽവി വഴങ്ങിയിട്ടും പിന്നീടുള്ള മത്സരങ്ങളിൽ മികച്ച പ്രകടനം പുറത്തെടുത്ത് സെമിഫൈനൽവരെ എത്തി ഫുട്ബോൾ ആരാധകരുടെ മനം കീഴടക്കി തലയുയർത്തിപ്പിടിച്ചാണ് ഡാനിഷ് പോരാളികൾ മടങ്ങിയത്.

2020 യൂറോ കപ്പിന്റെ ആദ്യറൗണ്ട് മത്സരങ്ങൾ വലിയ അട്ടിമറികൾ ഒന്നുംതന്നെയില്ലാതെ കടന്നുപോയി. പ്രതീക്ഷിച്ച ടീമുകൾതന്നെ പ്രീക്വാർട്ടറിൽ എത്തുകയും ചെയ്തു. ടൂർണമെന്റിലെ മരണഗ്രൂപ് ആയി അറിയപ്പെട്ട ഗ്രൂപ്പ് എഫിൽനിന്നു നിലവിലെ ലോകചാമ്പ്യന്മാരായ ഫ്രാൻസും 2014 ലെ ലോകചാമ്പ്യന്മാരായ ജർമനിയും നിലവിലെ യൂറോചാമ്പ്യന്മാരായ പോർച്ചുഗലും പ്രീക്വാർട്ടറിലെത്തി. മരണഗ്രൂപ്പിൽനിന്നു പുറത്തായ ഹംഗറിയാവട്ടെ ഫ്രാൻസിനെയും ജർമനിയെയും സമനിലയിൽ തളയ്ക്കുകയും പോർച്ചുഗലിനെതിരേ എൺപത്തിമൂന്നാം മിനിറ്റുവരെ ഗോൾ വഴങ്ങാതെ പൊരുതുകയും ചെയ്താണു മടങ്ങിയത്. മരണഗ്രൂപ്പിൽനിന്നു പൊരുതി പ്രീക്വാർട്ടറിൽ എത്തിയ മൂന്നു ടീമുകൾക്കും ക്വാർട്ടർ കാണാതെ പുറത്താവാനായിരുന്നു വിധി. ആദ്യം 2016 യൂറോ ചാമ്പ്യന്മാരായ പോർച്ചുഗൽ ലോക റാങ്കിങ്ങിൽ ഒന്നാം സ്ഥാനക്കാരായ ബെൽജിയത്തോടു തോർഗൻ ഹസാർഡ് നേടിയ ഏകഗോളിനു കീഴടങ്ങി. ഫ്രാൻസാവട്ടെ സ്വിറ്റ്സർലണ്ടിനെതിരേ ഒന്നിനെതിരേ മൂന്നു ഗോളുകൾക്കു മുന്നിട്ടുനിന്നശേഷം സമനില വഴങ്ങി പെനാൽറ്റി ഷൂട്ടൗട്ടിൽ പരാജയം സമ്മതിക്കുകയായിരുന്നു. നിർണായകമായ പെനാൽറ്റി കിക്ക് പാഴാക്കിയതാവട്ടെ അവരുടെ സൂപ്പർതാരം കിലിയൻ എംബപ്പേയും. ജർമനി, ഇംഗ്ലണ്ടിനെതിരേ രണ്ടാം പകുതിയിൽ വഴങ്ങിയ രണ്ടു ഗോളുകൾക്ക് തോൽവി സമ്മതിക്കുകയായിരുന്നു.

സെൽഫ് ഗോളുകൾക്കു പേരുകേട്ട ഒരു യൂറോ കപ്പാണ് കടന്നുപോയത്. സാധാരണയായി പറഞ്ഞുകേൾക്കുന്ന പോരായ്മകൾ ഇത്തവണ ഉണ്ടായില്ല. ടൂർണമെന്റിന് ഉപയോഗിച്ച പന്തും റഫറിയിങ്ങിലെ പിഴവുകളും വിവാദങ്ങളിൽനിന്ന് അകന്നുനിന്നപ്പോൾ കളം പിടിച്ചത് സെൽഫ് ഗോളുകളായിരുന്നു. 2020 യൂറോകപ്പിൽ വീണ 11 സെൽഫ് ഗോളുകൾ യൂറോകപ്പിന്റെ മുഴുവൻ ചരിത്രം എടുത്താൽ ഉണ്ടായതിനെക്കാൾ വളരെക്കൂടുതലാണ്. ജർമനിക്കെതിരായ മത്സരത്തിൽ രണ്ടു സെൽഫ് ഗോളുകൾ വഴങ്ങിയ പോർച്ചുഗലാണ് സെൽഫ് ഗോളുകളുടെ കയ്പ്പ് നന്നായി അറിഞ്ഞത്. ഇതുവരെ നടന്ന യൂറോകപ്പുകളിൽ ഏറ്റവും കൂടുതൽ ഗോളുകൾ പിറന്നത് ഇത്തവണ ആയിരുന്നു. ആദ്യമായി 11 രാജ്യങ്ങൾ ചേർന്ന് ആതിഥേയത്വം വഹിച്ച ടൂർണമെന്റിൽ 142 ഗോളുകൾ പിറന്നു. ഗ്രൂപ്പ് സ്റ്റേജിൽ മൂന്നു മത്സരങ്ങളിൽനിന്ന് അഞ്ചു ഗോൾ നേടി അന്താരാഷ്ട്ര ഫുട്ബോളിൽ എക്കാലത്തെയും ടോപ്സ്കോറർ പട്ടികയിൽ മുൻ ഇറാൻ താരം അലിദായിയുടെ ലോക റെക്കോർഡിനൊപ്പമെത്തിയ റൊണാൾഡോയ്ക്ക് പ്രീക്വാർട്ടറിൽ ബെൽജിയത്തിനെതിരേ ഗോൾ നേടി മുന്നോട്ടു നയിക്കാൻ കഴിഞ്ഞില്ല. മത്സരത്തിൽ നിരവധി അവസരങ്ങൾ അദ്ദേഹം സൃഷ്ടിച്ചെങ്കിലും ജോട്ടയും, ജാവോ ഫെലിക്സും അതൊക്കെ പാഴാക്കുന്നത് നോക്കിനിൽക്കാനേ റൊണാൾഡോയ്ക്കു സാധിച്ചുള്ളൂ. യൂറോകപ്പ് നിലനിർത്താനായില്ലെങ്കിലും യൂറോയിൽ എക്കാലത്തെയും മികച്ച ഗോൾ സ്കോറർ പട്ടികയിൽ ഫ്രഞ്ച് ഫുട്ബോൾ ഇതിഹാസം മിഷേൽ പ്ലാറ്റിനിയെ മറികടക്കുകയും 2020 യൂറോയിലെ ടോപ് സ്കോറർക്കുള്ള സുവർണപാദുകവും ഒരുപിടി റെക്കോർഡുകളും നേടുകയും ചെയ്താണ് റൊണാൾഡോ മടങ്ങിയത്. അഞ്ചു യൂറോ ചാമ്പ്യൻഷിപ്പുകളിൽ കളിക്കുകയും ഗോൾ നേടുകയും ചെയ്ത ഏകതാരമാണ് ലോകഫുട്ബാളിലെ ഇതിഹാസമായ ക്രിസ്റ്റ്യാനോ റൊണാൾഡോ.

കൊവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും ആവേശം അണുവിട ചോരാതെ പതിവിനു വിപരീതമായി പതിനൊന്നു രാജ്യങ്ങളിലായി ഈ കായികവിരുന്ന് സംഘടിപ്പിച്ച യൂറോപ്യൻ ഫുട്ബോൾ അധികൃതരെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. കൊറോണയുടെ മുന്നിൽ പകച്ചുനിൽക്കാതെ തങ്ങളുടെ രാജ്യത്തിനായി പൊരുതിയ കളിക്കാരാണ് യൂറോ 2020 ലെ യഥാർത്ഥ വിജയികൾ.

■

# വീണ്ടും കരുത്താർജിക്കുന്ന കർഷകസമരം



ഗിഫു മേലാറ്റൂർ

കർഷകവിരുദ്ധനിയമങ്ങൾക്കെതിരേ ഡൽഹി അതിർത്തി കേന്ദ്രീകരിച്ചു നടന്നുവരുന്ന പ്രക്ഷോഭം ഏഴു മാസം പിന്നിട്ടിരിക്കുന്നു. പത്തിലേറെത്തവണ സമരക്കാരുമായി ചർച്ചാനാടകം നടന്നു എന്നതൊഴിച്ചാൽ ഇത്തിരിപോലും വിട്ടുവീഴ്ചയ്ക്ക് കേന്ദ്രസർക്കാർ സന്നദ്ധമായിട്ടില്ല. നിയമങ്ങൾ പിൻവലിക്കുന്ന പ്രശ്നമില്ലെന്ന് കൃഷിമന്ത്രി നരേന്ദ്ര സിങ് തോമർ ആവർത്തിച്ചു വ്യക്തമാക്കുന്നു. "നിയമങ്ങളിലെ ഏതു ഭാഗം സംബന്ധിച്ചും ചർച്ചയാകാം. ആവശ്യമെങ്കിൽ ഭേദഗതിയാകാം. കാർഷികബില്ലുകൾ കർഷകരുടെ ജീവിതം മാറ്റിമറിക്കും. കേന്ദ്രസർക്കാറിനെ നിങ്ങൾ വിശ്വസിക്കണം. സമരം ചെയ്യുന്ന എല്ലാ സംഘടനകളും പിൻമാറണം"- ഇങ്ങനെ പോകുന്നു കഴിഞ്ഞ ദിവസം അദ്ദേഹം പുറത്തിറക്കിയ വീഡിയോയിലെ സന്ദേശം.

എന്നാൽ, ഭാരതീയ കിസാൻ യൂണിയൻ നേതാവ് രാകേഷ് ടികായത്ത് അടക്കമുള്ള കർഷകനേതാക്കൾ ഈ അഭ്യർത്ഥന തള്ളുന്നു. നിയമം ഭാഗികമായി പിൻവലിക്കുന്നതോ, ഭേദഗതി ചെയ്യുന്നതോ പ്രശ്നപരിഹാരത്തിന് ഉതകില്ല. കോർപ്പറേറ്റുകൾക്കും വാണിജ്യചൂഷണക്കാർക്കും സൗകര്യം ചെയ്തു കൊടുക്കുന്ന സമീപനത്തിൽ മാറ്റം വരുത്താൻ കേന്ദ്ര



സർക്കാർ തയ്യാറാകില്ല. ചില വ്യവസ്ഥകളിൽ ഭേദഗതി വരുത്തി അടിസ്ഥാനസ്വഭാവം അതേപടി നിലനിർത്താനുള്ള സർക്കാർ നീക്കമാണിത്. ഇതിൽ കർഷകർ വീഴരുത്. നിയമം പൂർണമായി പിൻവലിക്കുംവരെ സമരം തുടരണം. ട്രാക്ടറെടുത്ത് സമരസജ്ജരാകൂവെന്നാണ് ടികായത്തിന്റെ ആഹ്വാനം.

**തുടരുന്ന പ്രക്ഷോഭം**

കൊവിഡ് മഹാമാരിയുടെ കടന്നാക്രമണത്തിൽ സമരത്തിന്റെ പ്രത്യക്ഷരൂപങ്ങൾ താത്കാലികമായി നിലച്ചുവെങ്കിലും കർഷകർ ഈ പോരാട്ടം ഉപേക്ഷിച്ചിട്ടില്ലെന്നു വ്യക്തമാക്കുന്നതായിരുന്നു ശനിയാഴ്ച വിവിധ സംസ്ഥാനങ്ങളിലെ രാജ്ഭവനുകളിലേക്കു നടന്ന ട്രാക്ടർ മാർച്ചുകൾ. ഡൽഹി, ഉത്തർപ്രദേശ്, ഹരിയാന, പഞ്ചാബ്, കർണാടക സംസ്ഥാനങ്ങളിൽ കർഷകർ രാജ്ഭവനുകൾക്കു മുന്നിൽ ശക്തമായ പ്രതിഷേധം തീർത്തു. മഹാരാഷ്ട്ര, മധ്യപ്രദേശ്, രാജസ്ഥാൻ, ബിഹാർ, ഉത്തരാഖണ്ഡ്, പശ്ചിമബംഗാൾ, ത്രിപുര സംസ്ഥാനങ്ങളിലും പ്രക്ഷോഭം അരങ്ങേറി. ഹരിയാനയിലെ കർഷകർ ചണ്ഡീഗഢിലെ ഗവർണറുടെ വസതിയിലേക്കു നടത്തിയ മാർച്ച് പോലീസ് ഒരുക്കിയ ബാരിക്കേഡുകൾ തള്ളിനീക്കി രാജ്ഭവനു മുന്നിലേക്ക് ഇരച്ചെത്തി. ഇതോടെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. ഡൽഹിയിൽ കർഷക പ്രക്ഷോഭം കണക്കിലെടുത്ത് കനത്ത സുരക്ഷയാണ് ഒരുക്കിയിരുന്നത്. രാകേഷ് ടികായത്തിന്റെ നേതൃത്വത്തിൽ സഹാറൻപൂരിൽനിന്നും സിസൗലിയിൽനിന്നും ആയിരക്കണക്കിനു കർഷകരാണ് ഗാസിപൂർ അതിർത്തിയിൽ എത്തിയത്.

**സംഘടിതമായ സമരരീതിയിൽ**

അസാധാരണവും സുദീർഘവുമായ സമരത്തിനാണ് കഴിഞ്ഞ ഏഴു മാസം രാജ്യം സാക്ഷ്യം വഹിച്ചത്. ട്രാക്ടറുകൾ സമരത്തിന്റെ പ്രതീകവും ഉപകരണവുമായിരുന്നു. ഡൽഹിയിലെ കടുത്ത തണുപ്പും കാലാവസ്ഥാമാറ്റങ്ങളും അവഗണിച്ച് അവർ തെരുവിൽ തമ്പടിച്ചു. ട്രാക്ടറുകളിൽ ഉറങ്ങി. കുടുംബസമേതമാണ് സമരഭടൻമാർ എത്തിയത്. സമരമുഖത്ത് അവർ കുഞ്ഞുങ്ങളെ ഉറക്കാൻ തൊട്ടിലുകൾ കെട്ടി. പഠിക്കാൻ സൗകര്യമൊരുക്കി. വിളവെടുപ്പു കാലമായപ്പോൾ ഊഴം വച്ച് സമരസംഘങ്ങൾ മാറിമാറി വന്നു.

**കുപ്രചാരണങ്ങളെ മറികടന്ന് ഐതിഹാസികസമരം**

ഐ.എസ്.ഐ. നുഴഞ്ഞുകയറ്റം, വിദേശഫണ്ടിങ്... സമരം പൊളിക്കാൻ നുണപ്രചാരണവുമായി കേന്ദ്രമന്ത്രിമാർതന്നെ രംഗത്തെത്തി. റിപ്പബ്ലിക്ദിന മാർച്ചിനിടെ ചെങ്കോട്ടയിൽ നടന്ന അനിഷ്ടസംഭവങ്ങളെ മുൻനിർത്തിയും കുപ്രചാരണമുണ്ടായി. ഡൽഹി ചലോ മാർച്ച് തടയാൻ ഹരിയാന അതിർത്തിയിൽ ഒരുക്കിയ സന്നാഹങ്ങൾ യുദ്ധസമാനമായിരുന്നു. ഇതെല്ലാം മറികടന്നാണ് ഐതിഹാസികമായ ഈ സമരം വീണ്ടും സജീവമാകുന്നത്.

**വിവാദബില്ലുകൾ**

ഭരണസഖ്യത്തിലെ പാർട്ടികൾക്കു പുറമേ പ്രതിപക്ഷത്തെ ചില പാർട്ടികൾപോലും അംഗീകരിച്ചതോടെയാണ് മൂന്നു ബില്ലുകൾ പാർലമെന്റ് കടന്നത്. രാഷ്ട്രീയപ്പാർട്ടികളുടെ നയരാഹിത്യവും കോർപ്പറേറ്റ് പക്ഷപാതവും ഒരിക്കൽക്കൂടി വ്യക്തമാകുകയായിരുന്നു. എൻഡിഎയിലെ ഘടകകക്ഷിയായിരുന്ന ശിരോമണി അകാലിദൾ മന്ത്രിസഭയിൽനിന്നു പുറത്തുകടന്നതുപോലും ആത്മാർത്ഥമായ നീക്കമാണെന്നു പറയാനാകില്ല. കാർഷിക ഉത്പാദന വ്യാപാര വാണിജ്യ(പ്രോത്സാഹന)ബിൽ, പാട്ടക്കൃഷിക്ക് പ്രോത്സാഹനം നൽകുന്ന കർഷക വില സ്ഥിരതാകാർഷിക സേവന കരാർ ബിൽ, അവശ്യസേവനനിയമ (ഭേദഗതി) ബിൽ എന്നിവയാണ് വിവാദ ബില്ലുകൾ. സർക്കാറിന് വില നിയന്ത്രിക്കാനും പൂഴ്ത്തിവയ്പു തടയാനും അധികാരം നൽകുന്നതാണ് അവശ്യവസ്തുനിയമം. അവശ്യവസ്തുക്കൾ സ്വകാര്യ വ്യക്തികൾ പരിധിയിൽ കൂടുതൽ സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും നിയന്ത്രിക്കാനായി 1955 ൽ കൊണ്ടുവന്ന ഈ നിയമം കാലഹരണപ്പെട്ടതായി കേന്ദ്രബജറ്റിനു മുന്നോടിയായ സാമ്പത്തികസർവേ അഭിപ്രായപ്പെടുകയും നിയമം ഭേദഗതി ചെയ്യുമെന്ന് കൊറോണ പ്രതിരോധ സാമ്പത്തിക പാക്കേജിൽ ധനമന്ത്രി നിർമലാ സീതാരാമൻ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.


**നിയമത്തിലെ കുരുക്കുകൾ**

നിയമഭേദഗതിയോടെ വിളകൾ എത്രയും സംഭരിക്കാനും രജിസ്ട്രേഡ് അല്ലാത്ത വ്യാപാരികൾക്കു നൽകാനും സാധിക്കും. വിതയ്ക്കുന്ന സമയത്തു തന്നെ വില നിശ്ചയിച്ച് ഉത്പന്നങ്ങൾ വാങ്ങാനും സംഭരിക്കാനും കഴിയും. ഏതുഭാഗത്തുനിന്നും എവിടേക്കു വേണമെങ്കിലും ഉത്പന്നങ്ങൾ കടത്താം. ഇ-വ്യാപാരത്തിനും അനുമതി നൽകും. വൻകിടക്കാർക്ക് മേഖല കൈയടക്കി വില നിയന്ത്രണം കൈപ്പിടിയിലൊതുക്കാനുള്ള സാധ്യത ബില്ലിൽ ഒളിഞ്ഞുകിടപ്പുണ്ട്. മൊത്തക്കച്ചവടക്കാർ, കയറ്റുമതിക്കാർ, സംസ്കരണരംഗത്തുള്ളവർ എന്നിവർക്ക് തങ്ങളുടെ വ്യാപാരത്തിനനുസരിച്ച് കാർഷികോത്പന്നങ്ങൾ സൂക്ഷിക്കാനുള്ള അവസരമൊരുക്കിക്കൊണ്ടാണ് നിയമം ഭേദഗതി ചെയ്തത്. കർഷകന്റെ വിലപേശൽശേഷി ഇടിയും. വിളകൾ സംഭരിച്ചശേഷം വില യഥേഷ്ടം കൂട്ടി വിൽക്കുകയായിരിക്കും കോർപ്പറേറ്റുകൾ ചെയ്യുക.

**ജനാധിപത്യത്തിന്റെ സൗന്ദര്യം കുടികൊള്ളുന്നത്**

കൊവിഡ് പ്രതിസന്ധിയിലാണ് രാജ്യത്തെ സർവ മേഖലയും. ഈ ഘട്ടത്തിൽ കേന്ദ്രസർക്കാറിന്റെ മുൻഗണനയെന്താണ്? സെൻട്രൽ വിസ്ത പദ്ധതി മാത്രം മതിയാകും ഇതിന് ഉത്തരം. ലക്കില്ലാത്ത സ്വകാര്യവത്കരണം മറ്റൊരു ഉത്തരം. കാർഷിക ബില്ലിൽ തുടരുന്ന പിടിവാശി ഏറ്റവും വലിയ ക്രൂരത. ജനാധിപത്യത്തിന്റെ സൗന്ദര്യം കുടികൊള്ളുന്നത് അതിന്റെ തിരുത്തൽ ശേഷിയിലാണ്. തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയെന്നു വച്ച് എന്തും ചെയ്യാനുള്ള ലൈസൻസ് ഒരു കക്ഷിക്കും നൽകിയിട്ടില്ല. ജനകീയ സമരത്തിനുമുന്നിൽ വഴങ്ങുന്നത് ദൗർബല്യമല്ല. ജനാധിപത്യത്തിന്റെ ശക്തിയാണ്.

# കത്തോലിക്ക വൈദികന് ടിക് ടോക് അവാർഡ്



മനില: ഫിലിപ്പീൻസിൽ ആദ്യമായി ഇപാകിത മോ (ഷോ ഇറ്റ്) എന്ന പ്രമേയവുമായി സമൂഹ മാധ്യമങ്ങളിലൂടെ സംഘടിപ്പിച്ച ടിക് ടോക് മത്സരത്തിൽ മനില അതിരൂപതയിൽ സേവനം ചെയ്യുന്ന യുവ കത്തോലിക്കാ വൈദികന് അവാർഡ്. 'ഫാ. ടിക് ടോക്' എന്നു വിളിപ്പേരുള്ള ഫാ. ഫിയേൽ പരേജയാണ് 'റൈസിങ് സ്റ്റാർ' വിഭാഗത്തിൽ അവാർഡിന് അർഹനായിരിക്കുന്നത്. ജൂലൈ നാലിന് യൂട്യൂബ്, ഫേസ്ബുക്ക് എന്നിവയിലെ 'ടിക് ടോക് ഫിലിപ്പീൻസ്' എന്ന പേജിലൂടെ സംഘടിപ്പിച്ച മത്സരത്തിൽ ഫാ. പരേജയ്ക്ക് പുറമേ യൂട്യൂബ് താരങ്ങളും കൊമേഡിയനും, ബോയ് ബാൻഡും വിജയികളായി. കഴിഞ്ഞ വർഷമാണ് ഫാ. പരേജ തന്റെ ടിക് ടോക് അക്കൗണ്ട് ആരംഭിക്കുന്നത്. ഏതാണ്ട് 11 ലക്ഷം പേരാണ് നിലവിൽ അദ്ദേഹത്തെ ഫോളോ ചെയ്യുന്നത്.

ബൈബിൾ വിചിന്തനങ്ങളും പ്രാർത്ഥനകളും മാർഗനിർദേശങ്ങളുമാണ് അദ്ദേഹം പോസ്റ്റ് ചെയ്യുന്നതെങ്കിലും, സമൂഹ മാധ്യമചലഞ്ചുകളിലും പങ്കെടുക്കാറുണ്ട്. 'വൈപ് ഇറ്റ് ഡൗൺ' ചലഞ്ചിൽ പോസ്റ്റ് ചെയ്ത വീഡിയോ അദ്ദേഹത്തെ അവാർഡിനർഹനാക്കുന്നതിൽ നിർണായകപങ്കു വഹിച്ചു. കണ്ണാടിക്കു മുന്നിൽ നിൽക്കുന്ന ഫാ. പരേജ തുണി കൊണ്ട് കണ്ണാടി തുടയ്ക്കുന്നതാണ് വീഡിയോയുടെ ഉള്ളടക്കം. ഓരോ തവണ അദ്ദേഹം കണ്ണാടി തുടയ്ക്കുമ്പോഴും ഓരോ പുതിയ വസ്ത്രത്തിലാണ് കണ്ണാടിയിൽ അദ്ദേഹത്തെ കാണുന്നത്. ഈ വീഡിയോ പതിനായിരക്കണക്കിന് ആളുകളാണ് കണ്ടത്.

അതേസമയം 90 സെക്കൻഡ് ദൈർഘ്യമുള്ള ബൈബിൾ വിചിന്തനങ്ങൾ ലക്ഷക്കണക്കിന് ആളുകൾ കാണുന്നുണ്ടെന്നതും ശ്രദ്ധേയമാണ്. തന്റെ സ്വന്തം ഭാഷയിലും ഇംഗ്ലീഷിലുമായി കത്തോലിക്കാ ഉള്ളടക്കമുള്ള നിരവധി വീഡിയോകളാണ് ഫാ. പരേജ ടിക് ടോക്കിൽ പോസ്റ്റ് ചെയ്തിട്ടുള്ളത്.

കൊവിഡ് പകർച്ചവ്യാധിക്കാലത്ത് സുവിശേഷങ്ങളെയും സങ്കീർത്തനങ്ങളെയും ആസ്പദമാക്കി അദ്ദേഹം നിർമിച്ച ചെറു വീഡിയോകൾ വൻതരംഗമായിരുന്നു. പത്തു ലക്ഷം ആളുകൾ കണ്ട വീഡിയോകളും ഇവയിൽ ഉൾപ്പെടുന്നു.

# ഷെവ. ഐ. സി. ചാക്കോ അവാർഡ് ജോൺ കച്ചിറമറ്റത്തിന്



ചങ്ങനാശ്ശേരി: ബഹുഭാഷാപണ്ഡിതൻ, ഭൂഗർഭശാസ്ത്രജ്ഞൻ, സാഹിത്യകാരൻ, നിരൂപകൻ, ചരിത്രകാരൻ, ഭരണകർത്താവ് തുടങ്ങിയ നിരവധി മേഖലകളിൽ അതുല്യ പ്രതിഭയും ഉത്തമ സഭാസ്നേഹിയുമായിരുന്ന ഷെവലിയാർ ഐ.സി. ചാക്കോയുടെ സ്മരണാർത്ഥം ചങ്ങനാശേരി അതിരൂപത ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിന് സഭാതാരം ശ്രീ. ജോൺ കച്ചിറമറ്റം തെരഞ്ഞെടുക്കപ്പെട്ടതായി മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത പ്രഖ്യാപിച്ചു.

നാലു വർഷത്തിലൊരിക്കൽ നൽകുന്ന ഈ പുരസ്കാരം 25,000 രൂപയും പ്രശസ്തി പത്രവും അടങ്ങിയതാണ്. സമുദായ-ചരിത്ര-സാമൂഹിക-സാംസ്കാരിക മേഖലകളിൽ നൽകിയ സംഭാവനകളാണ് സഭാതാരം ശ്രീ. ജോൺ കച്ചിറമറ്റത്തെ ഈ പുരസ്കാരത്തിന് അർഹനാക്കിയത്.

# ഡോ. സുനിൽ സി. മാത്യു ദേവമാതാ കോളജ് പ്രിൻസിപ്പൽ



കുറവിലങ്ങാട്: ദേവമാതാ കോളജ് പ്രിൻസിപ്പലായി ഡോ. സുനിൽ സി. മാത്യു ചുമതലയേറ്റു. പാലാ സെന്റ് തോമസ് കോളജ് ഗണിതശാസ്ത്രവിഭാഗം മേധാവിയായിരുന്നു.

കുറവിലങ്ങാട് ദേവമാതാ കോളജിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദവും കോട്ടയം സി.എം.എസ്. കോളജിൽനിന്ന് ബിരുദാനന്തരബിരുദവും എം.ജി സർവകലാശാലയിൽ നിന്ന് പിഎച്ച്ഡിയും കരസ്ഥമാക്കി. എം.ജി സർവകലാശാലയിൽ റിസർച്ച് ഗൈഡായ ഡോ. സുനിൽ 51 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ഡൽഹി ലാഡോസറായി ലിറ്റിൽ ഫ്ളവർ ദേവാലയം പൊളിച്ച നടപടി

# നീതീകരണമർഹിക്കുന്നതോ?



സി. സോണിയ തെരേസ് ഡി.എസ്.ജെ.

ഡൽഹി നഗരപരിധിയിലെ ലാഡോസറായി അന്ധേരിയ മോഡിലുള്ള സീറോമലബാർ ദേവാലയം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ നിർദേശപ്രകാരം തകർത്തതായുള്ള വാർത്ത ജൂലൈ 12 തിങ്കളാഴ്ച സമൂഹമാധ്യമങ്ങളിലൂടെയാണ് പൊതുസമൂഹം അറിഞ്ഞത്. നടുക്കമുളവാക്കുന്ന വാർത്തകൾക്കും ദൃശ്യങ്ങൾക്കും പിന്നാലെ പലവിധ വിശദീകരണങ്ങളുമെത്തി. കയ്യേറ്റസ്ഥലം ഒഴിപ്പിച്ചു എന്ന രീതിയിലാണ് പ്രധാനമായും വിശദീകരണങ്ങൾ പ്രത്യക്ഷപ്പെട്ടത്. എന്നാൽ, ഒരു വ്യാഴവട്ടക്കാലമായി നിയമാനുസൃതമായിത്തന്നെ ഉപയോഗിച്ചുകൊണ്ടിരുന്ന സ്ഥലമാണ് അത് എന്ന വാസ്തവം മനസ്സിലാക്കി ഈ വിഷയത്തെ സമീപിച്ചാൽ ആരോപണങ്ങൾക്ക് ഒരു മറുവശം കൂടിയുണ്ടെന്നു വ്യക്തമാകും.

ഡൽഹിയിൽ വിവിധ സേവനമേഖലകളിൽ പ്രവർത്തനനിരതരായിരിക്കുന്ന വലിയൊരുവിഭാഗം മലയാളികളായ കത്തോലിക്കർ അംഗങ്ങളായ ഇടവകയാണ് ലാഡോസറായി ലിറ്റിൽ ഫ്ളവർ ഇടവക. ഈ കൊവിഡ് കാലത്ത് ആരോഗ്യരംഗത്ത് സ്തുത്യർഹമായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന നഴ്സുമാരാണ് അവരിൽ നല്ലൊരു വിഭാഗം. നിർണായകമായ പ്രവർത്തനമേഖലകളിലായിരുന്ന് രാജ്യസേവനം നടത്തിവരുന്ന ഒരു വിഭാഗത്തെയാണ് ശത്രുതാപരമായ നീക്കത്തിലൂടെ ഭരണകൂടം മുറിവേല്പിച്ചിരിക്കുന്നത് എന്നുള്ളത് നിസ്സാരമായ കാര്യമല്ല. ഈ സംഭവത്തെത്തുടർന്നു നടന്ന ചർച്ചകൾക്കിടയിൽ, അമ്മയെ തല്ലിയാലും രണ്ടുണ്ട് പക്ഷം എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന രീതിയിൽ ക്രൈസ്തവരുടെ വിവിധ വാദഗതികളും കാണപ്പെട്ടു. ഉടമസ്ഥാവകാശമില്ലാത്ത സ്ഥലം കൈവശം വച്ച് ദൈവാലയത്തിനായി ഉപയോഗിച്ചു എന്ന ആരോപണമാണ് മുഖ്യമായും രൂപതയ്ക്കും ഇടവകയ്ക്കും എതിരേ ഉയർന്നത്. സംഭവുമായി ബന്ധപ്പെട്ട് ഫരീദാബാദ് രൂപത ഇറക്കിയ വിശദീകരണക്കുറിപ്പും മെത്രാനും വിമർശിക്കപ്പെട്ടു. വാസ്തവം വ്യക്തമായി മനസ്സിലാക്കാതെയാണ് പലരും ഈ വിഷയത്തിൽ അഭിപ്രായപ്രകടനങ്ങൾ നടത്തിയത്.

ഈ വിഷയത്തിൽ ഉയരുന്ന ചോദ്യങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും വ്യക്തത നൽകാൻ ശ്രമിക്കുകയാണ് ഇവിടെ.

1. ദൈവാലയം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച ആരോപണങ്ങളുടെ വാസ്തവമെന്ത്?

ഡൽഹിയിലെ സീറോ മലബാർ ഇടവകകളിൽ പ്രമുഖ സ്ഥാനമുള്ള ഒന്നാണ് ലാഡോസറായി ലിറ്റിൽ ഫ്ളവർ ഇടവക. നാനൂറിൽപരം മലയാളികുടുംബങ്ങൾ അവിടെയുണ്ട്. പ്രശസ്തമായ കുത്തബ് മിനാറിന്റെ സമീപമാണ് ഈ പ്രദേശം. ഭൂമി പതിറ്റാണ്ടുകളായി കൈവശം വച്ചുപോരുകയും കൈവശാവകാശത്തിന്റേതായ പരിഗണനകൾ പൊതുവെ എല്ലാവർക്കും ലഭിക്കുകയും ചെയ്യുന്ന ഒരു പ്രദേശമാണിത്. അതായത്, ലാഡോസറായിയിലെ ഒട്ടേറെ കെട്ടിടങ്ങൾ, വീടുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കൊന്നും പൂർണമായ ഉടമസ്ഥാവകാശമില്ല. എന്നുവച്ച് കൈവശാവകാശം ഇല്ലാതെ വരുന്നുമില്ല. ഡൽഹി നഗരപരിധിയിലെ മിക്കവാറും പ്രദേശങ്ങളും ഇങ്ങനെയാണ്. അത്തരം പ്രദേശങ്ങളിൽ ക്രൈസ്തവദേവാലയങ്ങൾ മാത്രമല്ല, ധാരാളം മോസ്കുകളും അമ്പലങ്ങളും മറ്റു സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. ലാഡോസറായിയിൽ സ്ഥിതിചെയ്തിരുന്ന സീറോമലബാർ ദേവാലയംപോലെതന്നെ അതേ രീതിയിൽ ആ പരിസരങ്ങളിൽ നിലനിൽക്കുന്ന മറ്റു മതസ്ഥരുടെയും അകത്തോലിക്കരുടേതുമായ ആരാധനാലയങ്ങൾ പലതുണ്ട്. ലിറ്റിൽ ഫ്ളവർ ദൈവാലയത്തോടു ചേർന്നുതന്നെ ഒരു മോസ്കും ഒരു പ്രൊട്ടസ്റ്റന്റ് ആരാധനാലയവുമുണ്ട്. ഇവിടെ സ്ഥലം കൈവശം വച്ച് ഉപയോഗിക്കുന്ന കാര്യത്തിൽ ലിറ്റിൽ ഫ്ളവർ ഇടവകയുടെ അവകാശം മാത്രം ചോദ്യം ചെയ്യപ്പെടുന്നത് ദുരൂഹമാണ്. ചില വർഷങ്ങൾക്കുമുമ്പ് ഇതേ ആരോപണങ്ങൾ ലിറ്റിൽ ഫ്ളവർ ഇടവക നേതൃത്വത്തിനെതിരേ ഉയർന്നതിനെത്തുടർന്ന് കേസ് കോടതിയിൽ എത്തിയപ്പോൾ, മറ്റാർക്കും ബാധകമല്ലാത്ത നിയമം കത്തോലിക്കാദൈവാലയത്തിനുമേൽ മാത്രം അടിച്ചേൽപ്പിക്കാൻ പാടില്ല എന്ന നിർദേശം കോടതിയിൽനിന്ന് ഉണ്ടായിട്ടുള്ളതാണ്. മാത്രമല്ല, ഈ വിഷയത്തിൽ മനുഷ്യാവകാശക്കമ്മീഷനും ഇടപെടുകയും അവിടെ ആരാധന നടത്താനുള്ള അവകാശത്തെ ചോദ്യംചെയ്യാൻ പാടില്ല എന്ന നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിനാൽ, ഉടമസ്ഥാവകാശം സംബന്ധിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. മറ്റെല്ലാവർക്കും നിരുപാധികം ഉപയോഗിക്കാൻ അനുമതിയുണ്ടായിരിക്കെ, ഒരു കത്തോലിക്കാദേവാലയത്തിനു മാത്രം അനുമതി നിഷേധിക്കപ്പെടുന്നത് എന്തുകൊണ്ട് എന്നതാണ് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടത്.

2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസുകളിൽ കോടതിയുടെ നിലപാട് എന്തായിരുന്നു?

ലാഡോസറായി ലിറ്റിൽ ഫ്ളവർ ഇടവകയുടെ സ്ഥലം ഉടമസ്ഥതയുമായി ബന്ധപ്പെട്ട് കോടതിയുടെ പരിഗണനയിൽ നിലവിൽ കേസുകളില്ല. മറ്റെല്ലാവർക്കും തങ്ങളുടെ ആവശ്യങ്ങൾക്ക് ഈ ഭാഗത്തുള്ള സമാനസ്വഭാവമുള്ള ഭൂമി ഉപയോഗിക്കാൻ കഴിയുന്നപക്ഷം അതിനുള്ള അവകാശം ലിറ്റിൽ ഫ്ളവർ ഇടവകയ്ക്കും ഉണ്ട്. അതിനാൽ ആ ദൈവാലയം മാത്രമായി പൊളിക്കാൻ പാടില്ല എന്നും ആവശ്യമായ സംരക്ഷണം ദൈവാലയത്തിനു നൽകണമെന്നുമായിരുന്നു ഹൈക്കോടതി നിർദേശം. ആ പ്രദേശത്തെ സ്ഥലവിനിയോഗവുമായി ബന്ധപ്പെട്ട് മറ്റൊരു പോളിസി സർക്കാർ സ്വീകരിക്കാത്തപക്ഷം ഏതുരീതിയിലും ഭൂമി വിനിയോഗിക്കുന്നതിന് മറ്റാരെയുംപോലെതന്നെ ഇടവകയ്ക്കുള്ള അവകാശത്തെ കോടതി മാനിച്ചിരുന്നു. ഇപ്പോഴുണ്ടായ നിയമനടപടികൾ തികച്ചും അപ്രതീക്ഷിതമായിരുന്നു. വൈകിയവേളയിൽ നോട്ടീസ് ലഭിച്ചപ്പോൾപോലും കോടതിയുടെയും മനുഷ്യാവകാശക്കമ്മീഷന്റെയും നിർദേശങ്ങളെ മറികടന്ന് ഉടനടി ഒരു പൊളിച്ചുനീക്കൽ ഉണ്ടാകുമെന്ന് ആരും കരുതിയിരുന്നില്ല.

3. പൊളിച്ചുനീക്കലിന്റെ ഉത്തരവാദിത്വം ആർക്ക്?

ജൂലൈ ഏഴാംതീയതിയിലെ ഡേറ്റ് വച്ച് നോട്ടീസ് ഇഷ്യൂ ചെയ്തിരിക്കുന്നത് ഡൽഹി സർക്കാരിനു കീഴിലുള്ള ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ബിഡിഒ) ആണ്. എന്നാൽ, ലാൻഡ് സംബന്ധമായ നടപടികൾക്കു പരമാധികാരമുള്ളതും പോളിസികൾ സ്വീകരിക്കുന്നതും കേന്ദ്രസർക്കാരിനു കീഴിലുള്ള ഡൽഹി ഡവലപ്മെന്റ് അതോറിറ്റി (ഡിഡിഎ) ആണ്. അതിനാൽ, ഇത്തരമൊരു നടപടി ഡിഡിഎയുടെ അറിവില്ലാതെ നടക്കുമെന്നു കരുതാനാവില്ല. പ്രത്യേകിച്ച്, ഇടവകദൈവാലയത്തിന് സംരക്ഷണം നൽകാനുള്ള നിർദേശം ഹൈക്കോടതിയും മനുഷ്യാവകാശക്കമ്മീഷനും നൽകിയിട്ടുണ്ടായിരിക്കെ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് തനിച്ച് ഇത്തരമൊരു തീരുമാനം സ്വീകരിക്കാൻ കഴിയില്ല.

4. പള്ളി പൊളിച്ചുനീക്കാനുള്ള തീരുമാനം തിടുക്കത്തിൽ സ്വീകരിച്ചതെന്തിന്?

ഏതാനും വർഷങ്ങൾക്കുമുമ്പ് ചില തർക്കങ്ങളെയും ആരോപണങ്ങളെയും തുടർന്ന് ലാഡോസറായിയിലെ സ്ഥലത്തിന്റെ കൈവശാവകാശവിഷയത്തിൽ കോടതി ഇടപെടുകയും, ദൈവാലയം പൊളിക്കുന്നതു നീതീകരിക്കാനാവില്ല എന്ന നിലപാടു സ്വീകരിക്കുകയും ചെയ്തിരുന്നു. അതോടൊപ്പം, ദേശീയ മനുഷ്യാവകാശക്കമ്മീഷനും ഈ വിഷയത്തിൽ ഇടപെട്ടിരുന്നതാണ്. ആ പ്രദേശത്തുള്ള രണ്ടായിരത്തോളം വരുന്ന സീറോമലബാർ വിശ്വാസികൾ ആരാധനയ്ക്കായി ഒത്തുകൂടിയിരുന്ന ആ സ്ഥലത്തിനുമേലുള്ള മറ്റ് അവകാശവാദങ്ങൾ നീങ്ങി എന്ന ധാരണയിൽ തുടരവേയാണ് അപ്രതീക്ഷിതമായി കഴിഞ്ഞ ദിവസം കെട്ടിടങ്ങൾ പൊളിച്ചുമാറ്റപ്പെടുന്നത്. അവിടെയുള്ള ഇതര വിഭാഗങ്ങളെക്കുറിച്ചില്ലാത്ത





ആരോപണം എങ്ങനെ കത്തോലിക്കാദൈവാലയത്തെ കുറിച്ചുമാത്രം ഉണ്ടായി എന്ന ചോദ്യം ഇവിടെ ഉയർന്നുനിൽക്കുന്നു. അവിടെ ഒരു കത്തോലിക്കാക്കൂട്ടായ്മ രൂപപ്പെടുന്നതിനോടു യോജിക്കാൻ കഴിയാത്ത ചിലർ ഇതിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട് എന്ന സൂചനകളുണ്ട്. സ്ഥലമാഫിയകളുടെ ഇടപെടലുകളും ചൂണ്ടിക്കാണിക്കപ്പെടുന്നു. ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തെത്തുടർന്നുണ്ടായ പ്രതികരണങ്ങൾ ഇത്തരമൊരു കത്തോലിക്കാവിരുദ്ധനീക്കത്തിലേക്കു ചില രാഷ്ട്രീയശക്തികളെ നയിച്ചിട്ടുമുണ്ടാകാം. എന്തുതന്നെയായാലും, കത്തോലിക്കാസഭയോടുള്ള വിരോധമാണ് ഇവിടെ പ്രകടമായിരിക്കുന്നത് എന്നുള്ളത് നിസ്തർക്കമാണ്.

5. ലാഡോസറായിയിലെ സ്ഥലത്തിന് ലിറ്റിൽഫ്ളവർ ഇടവകയ്ക്ക് അവകാശമുണ്ടോ?

ഉണ്ട് എന്നാണ് ഉത്തരം. കഴിഞ്ഞ നാല്പതോളം വർഷമായി, ആദ്യം ഒരു ഇടവകക്കാരനും തുടർന്ന് പന്ത്രണ്ടു വർഷമായി ഇടവകയും കൈവശമായി വച്ചിരിക്കുന്നതും ഉപയോഗിക്കുന്നതുമായ സ്ഥലമാണ് ഇത്. നിയമാനുസൃതമായ രീതിയിൽ നികുതികൾ അടയ്ക്കുകയും മറ്റും ചെയ്തുപോന്നിരുന്നു. ലാഡോസറായി ഏരിയയിൽ ഇപ്രകാരം സ്ഥലം കൈവശം വച്ചുപയോഗിക്കുന്ന അനേകം വ്യക്തികളും പ്രസ്ഥാനങ്ങളുമുണ്ട്. ഫ്ളാറ്റുകളും വിവിധ ആരാധനാലയങ്ങളും പണിതുയർത്തപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള സ്ഥലവിനിയോഗങ്ങളൊന്നും അനധികൃതകയ്യേറ്റമെന്ന പേരിൽ ഒഴിപ്പിക്കാനുള്ള ശ്രമങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. അത്തരത്തിൽ എല്ലാവർക്കും അവരവരുടെ കൈവശമുള്ള സ്ഥലം ഉപയോഗിക്കാൻ അനുവാദമുള്ളപക്ഷം ലിറ്റിൽ ഫ്ളവർ ഇടവകയ്ക്കും അതിനുള്ള അവകാശമുണ്ട്. ആ അവകാശത്തെ മാനിക്കണമെന്നുതന്നെയാണ് ഹൈക്കോടതിയും മനുഷ്യാവകാശക്കമ്മീഷനും നിർദേശിച്ചിട്ടുള്ളതും.

■

# വിശുദ്ധ കുർബാനയർപ്പണം: സിനഡ് തീരുമാനം പ്രായോഗികമാക്കണം

## ഫ്രാൻസിസ് പാപ്പ സീറോ മലബാർ മെത്രാന്മാരോട്



വത്തിക്കാൻസിറ്റി: ദൈവ ജനത്തോടൊപ്പം സഭാത്മക മായി ഒന്നിച്ചു നടക്കണ മെന്നും സഭയുടെ ഉപരിനന്മ യ്ക്കും ഐക്യത്തിനുമായി ഒരേ രീതിയിൽ വിശുദ്ധ കുർ ബാന അർപ്പിക്കുന്നതിനുള്ള 1999 ലെ സിനഡ് തീരുമാനം പ്രായോഗികമാക്കുന്നതിനു വേണ്ടി യത്നിക്കണമെന്നും സീറോ മലബാർ മെത്രാന്മാ രോട് ഫ്രാൻസിസ് മാർപാപ്പ. സ്ഥലത്തെക്കാൾ വലുതാണ് കാലമെന്നും സംഘർഷ ത്തിനുമേൽ ഐക്യം വിജയി ക്കുമെന്നും അദ്ദേഹം ഓർമി പ്പിച്ചു. സീറോമലബാർ സഭ യിലെ മെത്രാന്മാർ, വൈദി കർ, സന്ന്യസ്തർ, അല്മായർ എന്നിവർക്കായി ദുക്റാനത്തിരു നാൾ ദിവസം അയച്ച കത്തിലാ ണ് ഈ ആഹ്വാനം.

ഒരേ രീതിയിലെ ബലിയർപ്പ ണം സഭാശരീരത്തിനുള്ളിലെ ഐക്യവും സ്ഥിരതയും വളർ ത്തുമെന്ന് പാപ്പാ പറഞ്ഞു. മഹാ ജൂബിലിവർഷത്തിനു മുമ്പായി സഭ എത്തിച്ചേർന്ന ഈ സന്തോ ഷകരമായ തീരുമാനം വിശുദ്ധ ജോൺപോൾ പാപ്പായ്ക്ക് ഈ സഭയിലുണ്ടായിരുന്ന ശുഭാപ്തി വിശ്വാസം വർധിപ്പിച്ചിരുന്നതായി മാർപാപ്പ അനുസ്മരിച്ചു. സിന ഡിന്റെ തീരുമാനം നടപ്പാക്കു ന്നതിനുവേണ്ടി സഭാംഗങ്ങൾ മു ഴുവനും കൂട്ടായ്മയിലും സാ ഹോദര്യത്തിലും ഐക്യത്തിലും ഒന്നിക്കണമെന്ന് അദ്ദേഹം ഉദ് ബോധിപ്പിച്ചു.

തന്റെ പ്രാർത്ഥന വാഗ്ദാനം ചെയ്തുകൊണ്ടും പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശു ദ്ധ യൗസേപ്പിതാവിന്റെയും മാർ ത്തോമ്മാശ്ലീഹായുടെയും മാധ്യ സ്ഥ്യം അപേക്ഷിച്ചുകൊണ്ടു മാണ് അദ്ദേഹം കത്ത് അവസാനി പ്പിച്ചിരിക്കുന്നത്.


സീറോ മലബാർ സഭയിലെ രൂപതകളിൽ കുർബാനയർപ്പണ ത്തിനു വ്യത്യസ്തരീതികൾ നില നിന്നിരുന്ന സാഹചര്യത്തിലാണ് അത് ഏകീകരിക്കുന്നതിനു സിന ഡ് ഐകകണ്ഠ്യേന തീരുമാനമെ ടുത്തത്. ഇതിൻപ്രകാരം കുർ ബാനയുടെ പ്രാരംഭഭാഗവും സമാപനഭാഗവും ജനാഭിമുഖ മായും അനാഫൊറഭാഗം അൾ ത്താരാഭിമുഖമായുമാണ് അർപ്പി ക്കേണ്ടത്. ഈ ക്രമം എല്ലാ രൂപ തകളിലും പ്രാബല്യത്തിലാക്ക ണമെന്നാണു മാർപാപ്പ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. വിഷ യം സൂചിപ്പിച്ചുകൊണ്ട് സീറോ മലബാർ സഭയുടെ തലവൻ മേ ജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സഭ യിലെ മെത്രാപ്പോലീത്താമാർ ക്കും മെത്രാന്മാർക്കും കത്തയ ച്ചിട്ടുണ്ട്.

# മാനവികതയുടെ മഹാചാര്യൻ

## ജൂൺ ഏഴിന് അന്തരിച്ച ആത്മീയാചാര്യൻ സ്വാമി പ്രകാശാനന്ദയെക്കുറിച്ച്

■ **ഡാലിയ**

**മാ**നവസാഹോദര്യത്തിലധി ഷ്ഠിതമായ ശ്രീനാരായണദർശന ങ്ങളെ ലോകജനതയ്ക്കു പകർ ന്നു നല്കിയ ആത്മീയാചാര്യനാ യിരുന്നു സ്വാമി പ്രകാശാനന്ദ. ശ്രീനാരായണഗുരുവിന്റെ താ ത്ത്വികദർശനങ്ങളിലടിയുറച്ച് പ്രകാശിതമാ യതായിരു ന്നു അദ്ദേഹ ത്തിന്റെ ജീ വിതം.



ശ്രീനാരാ യണദർശന ങ്ങളുടെ പ്ര ചാരണത്തി നുവേണ്ടി 1924 ൽ പ്ര ഖ്യാപിക്ക പ്പെട്ട സർവ മത പാഠ ശാല ബ്രഹ്മ വിദ്യാലയം എന്ന പേരിൽ ആരം ഭിച്ചതും അതിന്റെ ഉത്തരോത്ത രമുള്ള പുരോഗമനം യാഥാർത്ഥ്യ മാക്കിയതും സ്വാമി പ്രകാശാന ന്ദയാണ്.

1923 ൽ കൊല്ലം പിറവന്തൂർ കളത്തരാടി വീട്ടിൽ രാമൻ-വെ ളുമ്പി ദമ്പതികളുടെ ഇളയമക നായി ജനനം. കുമാരൻ എന്നാ യിരുന്നു പൂർവാശ്രമത്തിലെ പേര്. കുടുംബത്തിന്റെ സ്വന്തം വിദ്യാ ലയമായിരുന്ന കളത്തരാടി യു.പി. സ്കൂളിൽ ഏഴാം ക്ലാസുവരെ പഠിച്ചു. ഗവൺമെന്റ് ജോലിക്കും അധ്യാപകനിയമനത്തിനുമൊ ക്കെ അക്കാലത്ത് ഏഴാം ക്ലാസ് വിദ്യാഭ്യാസയോഗ്യത മതിയായി രുന്നു.

1945 ൽ ശിവഗിരി ആശ്രമത്തി ലെത്തി. ശ്രീനാരായണഗുരുവിൽ നിന്നു നേരിട്ടു സന്ന്യാസദീക്ഷ സ്വീകരിച്ച സ്വാമി ശങ്കരാനന്ദയു ടെയും മഹാസമാധിയിലെ പൂജാ കാര്യങ്ങൾ നോക്കിനടത്തിയി രുന്ന സ്വാമി സുധാനന്ദയുടെയും ശിഷ്യനായി ഹിന്ദു തത്ത്വസംഹി തയും ശ്രീനാരായണദർശനങ്ങ ളും അഭ്യസിച്ചു. 35-ാം വയസ്സിൽ ശങ്കരാനന്ദയിൽനിന്നുതന്നെ സന്ന്യാസദീക്ഷ സ്വീകരിച്ച് കുമാ രൻ, സ്വാമി പ്രകാശാനന്ദയായി.

ത്യാഗപൂർണമായിരുന്നു സ്വാമി പ്രകാശനന്ദയുടെ ജീവി തം. ആത്മനവീകരണത്തിനായി നേരറിവുകൾ തേടി അദ്ദേഹം, കന്യാകുമാരിമുതൽ ഹിമാലയം വരെ യാത്ര ചെയ്തു. തീർത്ഥാട നകേന്ദ്രങ്ങളും സ്നാനഘട്ടങ്ങളും മഹാക്ഷേത്രങ്ങളുമെല്ലാം സന്ദർ ശിച്ച് സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും ഏകത്വ ത്തിന്റെയും മഹാസന്ദേശം ഉൾ ക്കൊണ്ടു. 47-ാമത്തെ വയസ്സിൽ അദ്ദേഹം ശ്രീ നാരായണ ധർമസംഘം സെക്രട്ടറിയാ യി തിരഞ്ഞെ ടുക്കപ്പെട്ടു. ഗുരു ആഗ്രഹി ച്ചതുപോലെ ശിവഗിരിയെ സർവമതസാ ഹോദര്യത്തി ലധിഷ്ഠിത മായ ഒരു വിശ്വസാഹോദര്യകേ ന്ദ്രമാക്കി മാറ്റാൻ സ്വാമി പ്രകാ ശാനന്ദ അഹോരാത്രം പ്രയ ത്നിച്ചു.

ഗുരു ആഹ്വാനം ചെയ്തതു പോലെ എല്ലാ മതങ്ങളുടെയും സത്ത എന്തെന്നറിയാൻ സഹാ യിക്കുന്ന ബ്രഹ്മവിദ്യാലയം സാക്ഷാത്കരിച്ചുകൊണ്ട് ശ്രീനാ രായണസംഹിത ലോകമെമ്പാ ടും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റായി മൂന്നുതവണയും ജനറൽ സെക്ര ട്ടറിയായി രണ്ടുതവണയും പ്ര സ്ഥാനത്തിനു നേതൃത്വം നൽകി.

ഷഷ്ടിപൂർത്തിവേളയിൽ എട്ടുവർഷവും മൂന്നുദിവസവും മൗനവ്രതം അനുഷ്ഠിച്ചത് സ്വാമി യുടെ ആത്മബലത്തിന്റെ പ്രകാ ശനമാണ്. ശിവഗിരിമഠത്തിന്റെ ഭരണം സർക്കാർ ഏറ്റെടുക്കുന്ന തിനുള്ള നീക്കത്തിനെതിരേ ആത്മീയപ്രതിരോധവുമായാണ് അദ്ദേഹം മുന്നിൽ നിന്നത്.

തികഞ്ഞ മതേതരവാദിയായ ഒരു ആത്മീയാചാര്യനെയാണ് സ്വാമി പ്രകാശാനന്ദയുടെ വിയോ ഗത്തിലൂടെ സാംസ്കാരികകേര ളത്തിനു നഷ്ടമായിരിക്കുന്നത്.

**10**
**പ്രകൃതിക്കൊരു പുനർവായന**

# പരിസ്ഥിതിദിനാചരണം പ്രഹസനമാകുമ്പോൾ





**മാത്യു എം. കുര്യാക്കോസ്**

**ജൂ**ൺ അഞ്ച് ലോകപരി സ്ഥിതിദിനമായി നാം ആച രിച്ചുവരുന്നു. പരിസ്ഥിതിയെക്കു റിച്ച് ആഗോളതലത്തിൽ ധാരാളം ചർച്ചകൾ നടന്ന ദിവസം.

പലപ്പോഴും ജൂൺ 5 ന്റെ പ്രസക്തി എന്തെന്നുപോലുമറി യാതെ നാനാമേഖലകളിൽപ്പെട്ട വർ എവിടെനിന്നെങ്കിലും ഒരു വൃക്ഷത്തൈ കണ്ടെത്തി നാലു പേരെക്കൂട്ടി നട്ട്, കൈയടിച്ച്, ഫോട്ടോയുമെടുത്ത് സ്വയം സംതൃപ്തിയടയുന്ന ദിവസം. തീർന്നില്ല, ആ ദിവസത്തെ ദൃശ്യ മാധ്യമങ്ങളിലും പിറ്റേദിവസ ത്തെ ദിനപത്രങ്ങളിലും സ്വന്തം മുഖംകണ്ട് അഭിമാനിക്കുകയും സായുജ്യമടയുകയും ചെയ്യും. ഇത്രയുമൊക്കെ ഒരു ശരാശരി മനുഷ്യനിൽനിന്നു നാം പ്രതീ ക്ഷിക്കണം. അവരെ കുറ്റപ്പെടു ത്തുകയോ പരിഹസിക്കുകയോ ചെയ്യാനും പാടില്ല. പരിഹാസ വും കുറ്റപ്പെടുത്തലും എപ്പോ ഴാണ് ഉണ്ടാവേണ്ടത്?

'പൗലോസ് നട്ടു, അപ്പോ ളോസ് നനച്ചു, ദൈവം വളർത്തി' എന്നു പറയുന്നതുപോലെ നട്ടതി ന്റെയും വളർത്തിയതിന്റെയും ഇടയിലുള്ള ഒരു പ്രയത്നമുണ്ട്, നനച്ചതിന്റെ - അതായത്, പരി പാലനത്തിന്റെ - ഗൗരവമായ ഒരു സോഷ്യൽ ഓഡിറ്റിങ് ആവശ്യ പ്പെടുന്ന കാര്യമാണത്.

ബഹുമാന്യരായ ജനപ്രതിനി ധികളേ, പോലീസ് ഓഫീസേ ഴ്സ്, ഉദ്യോസ്ഥപ്രമുഖരേ, സാമൂ ഹികസന്നദ്ധപ്രവർത്തകരേ, സ്കൂൾ അധികൃതരേ, നട്ട വൃക്ഷ ത്തൈകളെ പിന്നീടൊരു മിഴി നോട്ടംകൊണ്ടെങ്കിലും പിന്തു ടർന്നുവോ? ചാരെ ചെന്ന് ഒന്നു തൊട്ടുതലോടിയോ? ചുവടൊ രുക്കി സ്നേഹതീർത്ഥം തളി ച്ചുവോ? വളർച്ച ഉറപ്പിക്കാനായി ഒരു സംരക്ഷണവേലി തീർത്തു വോ? ഒന്നുംവേണ്ട, പിൻചെ ല്ലാതെ പോയല്ലോ എന്നൊരു കുണ്ഠിതമെങ്കിലും... മതി.

ജൂൺ അഞ്ച് കഴിഞ്ഞ് ഒരു മാസം പിന്നിടുന്ന ഈ സമയം നെഞ്ചിൽ കൈവച്ച് മുൻപറഞ്ഞ ഏതെങ്കിലുമൊരു പിൻതുടരൽ അവകാശപ്പെടാനുണ്ടെങ്കിൽ നിങ്ങൾ പരിസ്ഥിതിയുടെ വക്താ ക്കളാണ്. മറിച്ചെങ്കിൽ സ്വയം പരി ഹസിക്കാനും കുറ്റപ്പെടുത്താനു മുള്ള ഒരവസരമാണിത്.

വർഷങ്ങൾക്കുമുമ്പ്, ഒരു ജൂൺ അഞ്ചിന് പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ പാലാ നഗരത്തിന്റെ മധ്യത്തി ലുള്ള റിവർവ്യൂറോഡിന്റെ അരി കിൽ വൃക്ഷത്തൈകൾ നട്ട്, സംര ക്ഷണവേലിതീർത്ത്, വേലി മുഴു വൻ വാഴക്കച്ചി പൊതിഞ്ഞ്, ഓരോ ദിനവും അറുപതോളം നടകൾ ഇറങ്ങി മീനച്ചിലാ റ്റിൽനിന്നു വെള്ളമെടുത്തു നനച്ച് സ്നേഹപരിചരണങ്ങൾ നൽകി യതിന്റെ ഓർമകൾ മനസ്സിലുണ്ട്.

സാമൂഹ്യവിരുദ്ധരാൽ രണ്ടുത വണ പിഴുതെറിയപ്പെട്ട വൃക്ഷ ത്തൈകൾ അവർ വീണ്ടും വീണ്ടും നട്ടുനനച്ചു വളർത്തി. കാര്യക്ഷമമായ തുടർപരിചരണ ത്തിലൂടെ നാടിനു പച്ചക്കുടകൾ സമ്മാനിച്ച ഈ വിദ്യാർത്ഥിസ മൂഹത്തിന്റെ അർത്ഥവത്തായ പരിസ്ഥിതിദിനാചരണപ്രവർത്ത നങ്ങളുടെ മാതൃകപോലെ, ധാ രാളം നല്ല മാതൃകകൾ നമുക്കു ചുറ്റുമുണ്ട്.


തീക്കോയിയിലെ മരം മത്താ യിച്ചേട്ടനും പ്രഫസർ സി.പി. റോയിയും കല്ലേൻ പൊക്കുടനും, പ്രഫ. ജോൺ സി. ജേക്കബും, പാതാമ്പുഴയിലെ ദേവസ്യാച്ചൻ പൂണ്ടിക്കുളവും ഡോ. സതീഷ് കുമാറും, കെ.വി. ദയാൽ സാ റും, എം.ആർ. ഹരിയുമൊക്കെ ഈ പ്രവർത്തനങ്ങളിൽ നമുക്ക് മാർഗദീപങ്ങളാണ്. വാർത്താമാ ധ്യമങ്ങളിൽ സ്ഥാനം പിടിക്കാതെ നിസ്വാർത്ഥമായി ഇത്തരം പ്രവർ ത്തനങ്ങൾ നടത്തുന്ന ധാരാളം മനുഷ്യർ നമുക്കു ചുറ്റുമുണ്ട്.

മണ്ണിനെയും മരങ്ങളെയും മനുഷ്യനുവേണ്ടി പ്രണയിക്കുന്ന, പ്രണയിച്ച മഹാമനീഷികളുടെ പ്രവർത്തനങ്ങൾക്കും ഓർമ കൾക്കും മുന്നിൽ പ്രണാമം.

■

# അഭിനയകലയുടെ വിളക്കുമരം

■ ഡാലിയ വിജയകുമാർ



## ജൂൺ ഏഴിനു മൺമറഞ്ഞ ബോളിവുഡ്താരം ദിലീപ്കുമാർ ഇനി ഓർമകളിൽ

**അ**തിഭാവുകത്വം നിറഞ്ഞ നാടകാഭിനയശൈലിയിൽനിന്നു വേറിട്ട് സ്വാഭാവികാഭിനയത്തിലൂടെ ഹിന്ദി സിനിമയ്ക്കു പുതിയ ഭാവുകത്വം സമ്മാനിച്ച മൗലികപ്രതിഭയായിരുന്നു ദിലീപ് കുമാർ. അഭിനയകലയുടെ പാഠപുസ്തകവും അവസാനവാക്കുമായിരുന്നു അദ്ദേഹം.

ഇപ്പോൾ പാക്കിസ്ഥാനിൽ ഉൾപ്പെട്ടിരിക്കുന്ന പെഷവാറിൽ 1922 ഡിസംബർ 11 നു ജനിച്ചു. ലാലാ ഗുലാം സർവർഖാനും അയിഷാബീഗവുമായിരുന്നു മാതാപിതാക്കൾ. പെഷവാറിൽനിന്ന് 1930 കളുടെ തുടക്കത്തിൽ ഖാൻകുടുംബം കച്ചവടത്തിനുള്ള സൗകര്യാർത്ഥം ബോംബെയിലേക്കു താമസം മാറ്റി. ദേവ്‌ലാലിയിലെ ബാൺ സ്കൂളിലും ബോംബെ ഖൽസ കോളജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. ദിലീപ്കുമാറിന്റെ യഥാർത്ഥപേര് യൂസഫ് ഖാൻ എന്നാണ്. ഹിന്ദി സിനിമയിലെ 'ഖാൻ' നടന്മാരിൽ ആദ്യത്തെയാളാണ്, പിന്നീട് ദിലീപ്കുമാർ എന്നറിയപ്പെട്ട യൂസഫ് ഖാൻ.

ഹിന്ദിസിനിമയിലെ അക്കാലത്തെ സൂപ്പർനായികയായിരുന്ന ദേവികാറാണിയുടെ 'ബോംബെ' ടാക്കീസ് എന്ന സിനിമാനിർമാണക്കമ്പനിയിൽ 1250 രൂപ മാസശമ്പളത്തിനാണ് നടനായി 'ജോലി ചെയ്യാൻ' യൂസഫ് ഖാൻ ചേർന്നത്. അദ്ദേഹത്തിന് ദിലീപ്കുമാർ എന്ന പേരു നല്കിയതും ദേവികാറാണിയായിരുന്നു. 1944 ൽ പുറത്തിറങ്ങിയ 'ജ്വാർഭട്ട'യായിരുന്നു ദിലീപ്കുമാർ നായകനായെത്തിയ ആദ്യസിനിമ. ആദ്യസിനിമ ശ്രദ്ധിക്കപ്പെട്ടതോടെ അദ്ദേഹം സിനിമാഭിനയത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചു കൂടുതൽ പഠിക്കാൻ ശ്രമിച്ചു. അശോക് കുമാർ മുതലായ ആദ്യകാല സൂപ്പർനായകന്മാരുടെ അഭിനയശൈലി സസൂക്ഷ്മം നിരീക്ഷിച്ചു മനസ്സിലാക്കി.

പ്രതിമ (1945), മിലൻ (1946), ജുഗ്നു(1947) എന്നിവ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ആദ്യകാല ചിത്രങ്ങളാണ്. ദിലീപ്കുമാർ നായകനായ അന്ദാസ്, ആൻ, ദേവ്ദാസ്, മുകൾ ഇ അസം, ഗംഗ യമുന തുടങ്ങിയ ചിത്രങ്ങൾ ബോളിവുഡ് ക്ലാസിക്കുകളാണ്.

1944 മുതലുള്ള സിനിമാജീവിതത്തിൽ 62 സിനിമകൾ മാത്രം ചെയ്താണ് ദിലീപ്കുമാർ ഇന്ത്യൻസിനിമയുടെ താരരാജാവ് എന്ന പദവിയിലെത്തിയത്. ഒരു വർഷം ഒരു സിനിമ മാത്രമേ ചെയ്തിരുന്നുള്ളൂ. കഥാപാത്രവുമായി ഇഴുകിച്ചേരുന്നതിനും മറ്റു കഥാപാത്രങ്ങളും സാങ്കേതിക കാര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

അഭിനയകലയുടെ ഒരു വിളക്കുമരമായിരുന്നു അദ്ദേഹം. സുദീർഘമായ കലാജീവിതത്തിനുടമയായ ദിലീപ്കുമാറിനെ 2015ൽ പദ്മവിഭൂഷണും 1991 ൽ പദ്മഭൂഷണും നല്കി രാഷ്ട്രം ആദരിച്ചു. 1994 ലെ ദാദാസാഹിബ് ഫാൽക്കെ അവാർഡ്, മികച്ച നടനുള്ള ഫിലിം ഫെയർ അവാർഡ് (ആദ്യത്തെ അവാർഡുൾപ്പെടെ എട്ടുതവണ) തുടങ്ങിയവ അദ്ദേഹത്തിനു ലഭിച്ച അംഗീകാരങ്ങളിൽ ചിലതുമാത്രമാണ്.

രാജ്യത്തെ ഏറ്റവും ഉയർന്ന സിവിലിയൻ അവാർഡായ 'നിഷാൻ എ ഇംതിയാസ്' നൽകി പാക്കിസ്ഥാൻ ഗവൺമെന്റ് ദിലീപ്കുമാറിനെ ആദരിക്കുകയും അദ്ദേഹത്തിന്റെ പെഷവാറിലെ ജന്മഗൃഹം ദേശീയ പൈതൃകമായി പ്രഖ്യാപിക്കുകയും ചെയ്തു.

ജവഹർലാൽ നെഹ്റുവുമായുള്ള ദിലീപ്കുമാറിന്റെ അടുപ്പം കുറച്ചുകാലത്തേക്ക് രാഷ്ട്രീയപ്രവർത്തനത്തിനും കാരണമായി. 1962 ൽ വി.കെ. കൃഷ്ണമേനോനുവേണ്ടി തിരഞ്ഞെടുപ്പുപ്രചാരണത്തിനിറങ്ങിയത് ഇതോടനുബന്ധിച്ചായിരുന്നു. എൺപതുകളുടെ തുടക്കത്തിൽ അന്നത്തെ മഹാരാഷ്ട്ര മുഖ്യമന്ത്രിയായിരുന്ന ശരദ്പവാറിന്റെ അഭ്യർത്ഥനയെത്തുടർന്ന് 'ഷെരീഫ് ഓഫ് ബോംബെ' എന്ന പദവി ഏറ്റെടുത്തു. സിനിമയിൽ നിറഞ്ഞുനിന്നിരുന്ന അക്കാലത്ത് സാമൂഹിക - സാംസ്കാരികപ്രവർത്തനങ്ങളിലും അതോടെ അദ്ദേഹം വ്യാപൃതനായി. 2000-2006 കാലഘട്ടത്തിൽ ബോംബെയിൽനിന്നുള്ള രാജ്യസഭാംഗമായി നാമനിർദേശം ചെയ്യപ്പെട്ടതോടെ പ്രദേശത്തിന്റെ വിവിധങ്ങളായ വികസനപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തു.

അവശകലാകാരന്മാർക്കു സാമ്പത്തികസഹായം നല്കുന്നതിനായി രൂപീകരിച്ച ഫിലിം ഇൻഡസ്ട്രി വെൽഫെയർ ട്രസ്റ്റിന് നേതൃത്വം കൊടുത്തതും ദിലീപ് കുമാറായിരുന്നു. നാഷണൽ അസോസിയേഷൻ ഓഫ് ബ്ലൈൻഡിന്റെ ചെയർമാനായി പ്രവർത്തിച്ചപ്പോൾ 'A Journey with Dileep kumar' എന്ന പരിപാടി നടത്തി സംഘടനയുടെ പ്രവർത്തനങ്ങൾക്കായുള്ള ധനസമാഹരണം നടത്തി.

പ്രശസ്ത നടി സൈറാബാനുവാണ് ദിലീപ്കുമാറിന്റെ ജീവിതപങ്കാളി. ഹിന്ദിസിനിമയിലെ റൊമാന്റിക് ഹീറോ ആയിരുന്ന രാജ്കപൂർ അദ്ദേഹത്തിന്റെ ബാല്യകാല സുഹൃത്തും സഹപാഠിയുമായിരുന്നു. വില്ലൻ വേഷങ്ങൾ അവതരിപ്പിച്ചിരുന്ന പ്രാൺ ദിലീപ് കുമാറിന്റെ ഉറ്റസുഹൃത്തായിരുന്നു.

രാജ്കുമാർ, ദേവാനന്ദ് എന്നിവർക്കു പിന്നാലെ ദിലീപ്കുമാറും യാത്രയായതോടെ ഹിന്ദി സിനിമാലോകത്തെ ആദ്യകാല 'ഹിറ്റ് ത്രയം' ഓർമയായി. ■

# പാലാ മരിയൻ മെഡിക്കൽ സെന്ററിന് ആധുനിക ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്



*പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പുതുതായി നിർമിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സിന്റെ വെഞ്ചരിപ്പുകർമം പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു.*

പാലാ: പാലാ മരിയൻ മെഡിക്കൽ സെന്ററിൽ ആധുനിക ഓപ്പറേഷൻ തിയേറ്ററിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും ജൂലൈ ഏഴിന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ അഞ്ചു പുതിയ ഓപ്പറേഷൻ തിയേറ്ററുകളാണ് കോംപ്ലക്സിൽ സ്ഥാപിച്ചിരിക്കുന്നത്. പ്രീ ഓപ്പറേറ്റീവ് റൂമുകളും പോസ്റ്റ് ഓപ്പറേറ്റീവ് റൂമുകളും തിയേറ്ററുകൾക്ക് അനുബന്ധമായി സജ്ജീകരിച്ചിട്ടുണ്ട്.

1973 ൽ ആരംഭിച്ച മരിയൻ മെഡിക്കൽ സെന്ററിൽ ഇരുപത്തഞ്ചിലധികം ഡിപ്പാർട്ടുമെന്റുകളും അമ്പതിൽപ്പരം ഡോക്ടർമാരുമുണ്ട്.

മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, ഫാ. ജോർജ് ഞാറക്കുന്നേൽ, ഫാ ജോർജ് വേളൂപ്പറമ്പിൽ, സിസ്റ്റർ ഗ്രേസ് മുണ്ടപ്ലാക്കൽ, അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ഷേർളി ജോസ്, പിആർഒ സിസ്റ്റർ ബെൻസി, നഗരസഭാ കൗൺസിലർ ജിമ്മി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. മാത്യു തോമസ്, മെഡിക്കൽ കൗൺസിലർ സിസ്റ്റർ ലൂസി സേവ്യർ, സിസ്റ്റർ ആൻ ഫെലിക്സ് തുടങ്ങിയവർ പങ്കെടുത്തു.



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# ഇടവം

മേടം കഴിഞ്ഞശേഷം വരുന്ന മലയാളമാസമാണ് ഇടവം. രാശിചക്രത്തിലെ രണ്ടാം രാശിയാണത് (ജ്യോതിഷത്തിൽ പന്ത്രണ്ടു രാശികളാണുള്ളത്). മലയാള മാസങ്ങളിൽ പത്താമത്തേതാണ് ഇടവം (മലബാറിലെ നടപ്പനുസരിച്ച് ഒമ്പതാമത്തേത്). ഋഷഭം(കാള) എന്ന സംസ്കൃതശബ്ദത്തിന്റെ രൂപാന്തരമാണ് ഇടവം. (ഋഷഭം → ഇടവം). രൂപം കാളയുടേതുപോലെയാകയാലാണ് ദ്വിതീയരാശിക്ക് ഋഷഭം എന്ന പേർ സിദ്ധിച്ചത്. ഇടവം, വാമൊഴിയിൽ ഇടപം എന്നോ എടവം എന്നോ ആകാറുണ്ട്. ഇടവപ്പാതിക്ക് (ഇടവമാസത്തിന്റെ മദ്ധ്യത്തോട് അടുത്തു തുടങ്ങുന്ന മഴക്കാലം) എടവപ്പാതി എന്നു വ്യവഹരിക്കാറുണ്ടല്ലോ. ഇടപം, എടവം എന്നിവയെ പരിനിഷ്ഠിത ശബ്ദങ്ങളായി വ്യാകരണം കണക്കാക്കുന്നില്ല.

വിവിധ ജനസഞ്ചയങ്ങളിൽ ഉൾപ്പെടുന്ന ഭാഷയ്ക്ക് രൂപാന്തരങ്ങൾ ഉണ്ടാകാം. ഉച്ചാരണത്തിൽ സംഭവിക്കുന്ന മാറ്റമാണ് അവയിൽ പ്രധാനം. സംസാരവേളകളിൽ, വർണ്ണങ്ങൾ ദുഷിക്കുമ്പോഴാണ് വർണ്ണവികാരങ്ങൾ സംഭവിക്കുന്നത്. ഉദാസീനത വർണ്ണമാറ്റങ്ങളുടെ അടിസ്ഥാനകാരണങ്ങളിൽ ഒന്നായി വ്യാകരണം ഗണിക്കുന്നു. പ്രയത്നലഘൂകരണം ഓരോ വർണ്ണമാറ്റവും ലക്ഷ്യം വയ്ക്കുന്നുണ്ട്. "പദാദിയിൽ കേവലമായോ വ്യഞ്ജനത്തിനു പരമായോ ഇകാരം വന്നാൽ അത് എകാരമായി മാറും"* അങ്ങനെ, ഇല - എല; ഇടം - എടം; വില - വെല; പിട - പെട; ഇടക്കൊച്ചി - എടക്കൊച്ചി; ഇലഞ്ഞി - എലഞ്ഞി എന്നിങ്ങനെ വാമൊഴിയിൽ രൂപം മാറുന്നു. ഇവയെപ്പോലെ ഇടവം, എടവമായി പരിണമിച്ചു. ശുദ്ധമായ ഇകാരം ഉച്ചരിക്കുന്നതിനെക്കാൾ എളുപ്പമാണ് എകാരം ഉച്ചരിക്കാൻ. ഇകാരം മദ്ധ്യപ്രയത്നസ്വരവും എകാരം ലഘുപ്രയത്നസ്വരവുമാണ്. ഇതാവാം മേൽക്കാണിച്ച വർണ്ണവികാരങ്ങളുടെ ഹേതു.

ഭാഷയുടെ ജീവനായ ഉച്ചാരണം നിലനില്ക്കുന്നതുതന്നെ വാമൊഴിയിലാണ്. വർണ്ണമാറ്റങ്ങൾ അതതുകാലത്തെ സംഭാഷണസ്വരൂപങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ വാമൊഴിഭേദങ്ങളെ എഴുത്തിലേക്കു പ്രവേശിപ്പിക്കാൻ വ്യാകരണം അനുവദിക്കുന്നില്ല. അങ്ങനെ ചെയ്താൽ മലയാളം അക്ഷരോച്ചാരണഭാഷ അല്ലെന്നു സമ്മതിക്കേണ്ടിവരും. വസ്തുത അങ്ങനെയല്ലല്ലോ!

* ആന്റണി, ടി.പി., പ്രൊഫ., മലയാളവ്യാകരണപഠനം, പ്രണത ബുക്സ്, കൊച്ചി, 2015, പുറം - 37.



നോവൽ 13

ഗിരീഷ് കെ. ശാന്തിപുരം

# പതിനാലാമെടം

## കള്ളിമുൾച്ചെടികൾ

പെസഹക്കുഞ്ഞാടിനെ യാഗം കഴിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിവസമായിരുന്നു.

രാത്രിയായപ്പോൾ അനനിയാദ് നഗരത്തിനു പുറത്തുള്ള ഒരു യഹൂദന്റെ ഭവനത്തിനോടു ചേർന്നുള്ള ചാർത്തിൽ അഭയം തേടി. ദൂരസ്ഥലങ്ങളിൽനിന്നു തിരുനാളിനെത്തിയവരിൽ ചിലരും അവിടെയുണ്ടായിരുന്നു.

അത്താഴസമയത്ത് ഗൃഹനാഥൻ അവർക്ക് ഭക്ഷിപ്പാൻ പുളിപ്പില്ലാത്ത അപ്പവും കുടിക്കാൻ വീഞ്ഞും കൊടുത്തു.

പക്ഷേ, അനനിയാദ് ഭക്ഷണം സ്നേഹപൂർവ്വം നിരസിക്കുകയായിരുന്നു. ഭക്ഷണം കഴിച്ചിട്ട് ദിവസങ്ങളായിരുന്നിട്ടും അവൻ അങ്ങനെ ചെയ്തു. അവന്റെ വിശപ്പ് ആത്മാവിലായിരുന്നു. അപ്പത്തെക്കൊണ്ട് ആത്മാവിലെ വിശപ്പ് ശമിപ്പിക്കാനാകുമായിരുന്നില്ല.

അവൻ അവിടെനിന്നെഴുന്നേറ്റ് അവരുടെ കാലിത്തൊഴുത്തിൽ അഭയംതേടി. രാത്രി അതിന്റെ മധ്യയാമങ്ങളോടടുക്കുകയായിരുന്നു. പതിവില്ലാത്തവിധം അനനിയാദ് വിവശനും അസ്വസ്ഥനുമാകാൻ തുടങ്ങി. അവന്റെ ആത്മാവ് പ്രാണവേദനയോടടുത്ത ദുഃഖം അനുഭവിച്ചു. തന്റെ ജീവിതം അസ്തമിക്കാറായിരിക്കുന്നു എന്ന് ഒരു വെളിപാടുപോലെ അനനിയാദിനു തോന്നി. അവൻ അനന്തതയിലേക്കു കണ്ണുകളുയർത്തി പ്രാർത്ഥിച്ചു.

“നിന്നെ കണ്ടുമുട്ടുന്നതിനുമുമ്പ് എന്റെ ജീവൻ എന്നിൽനിന്ന് നീ എടുക്കരുതേ...”

അനനിയാദ് വല്ലാതെ വിയർത്തിരുന്നു. രോമകൂപങ്ങളിൽനിന്ന് രക്തമാണ് വിയർപ്പിനൊപ്പം പുറത്തുവന്നതെന്ന് അനനിയാദ് അറിഞ്ഞു. അവനപ്പോൾ യേശുവിനെ ചിന്തിച്ചു.

യേശു അപ്പോൾ ഗദ്സെമനിയിലായിരുന്നു. അവൻ ദുഃഖിതനും അസ്വസ്ഥനുമാകാൻ തുടങ്ങി. അവൻ ശിഷ്യന്മാരോടു പറഞ്ഞു.

“തീവ്രദുഃഖത്തിൽ ഞാൻ മരണത്തോടടുത്തിരിക്കുന്നു. നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുക...”

അവൻ അവരെ വിട്ട് ഒരു കല്ലേറുദൂരം ചെന്ന് മുട്ടുകുത്തി പ്രാർത്ഥിച്ചു:

“പിതാവേ, ഈ പാനപാത്രം എന്നിൽനിന്നകറ്റേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ.”

കഠിനവേദനയിലായിരുന്ന അവൻ ഉള്ളുരുകി പ്രാർത്ഥിച്ചു. വിയർപ്പ് രക്തത്തുള്ളികൾപോലെ നിലത്തുവീണു. പ്രാർത്ഥനകഴിഞ്ഞ് അവൻ വന്നപ്പോൾ ശിഷ്യന്മാർ ഉറങ്ങുന്നതാണു കണ്ടത്. യേശു അവരെ ഉണർത്തി.

അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ജനക്കൂട്ടം വന്നെത്തി. ശിഷ്യന്മാരിൽ ഒരുവനായ യൂദാസ് ആണ് അവരെ നയിച്ചിരുന്നത്. യൂദാസ് വന്ന് അവനെ ചുംബിച്ചു:


“ഗുരോ സ്വസ്തി.”

യൂദാസ് ഒരു ചുംബനംകൊണ്ട് അവനെ കാട്ടിക്കൊടുത്തു. ഭടന്മാരും അവരുടെ തലവനും സേവകന്മാരും ചേർന്ന് യേശുവിനെ പിടിച്ചുകെട്ടി.

അനനിയാദ് വന്യവും ഭീതിജനകവുമായ ഒരു ദർശനത്തിൽ നിന്നു ഞെട്ടി.

അവന്റെ കൈകാലുകൾ ആരോ ബന്ധിച്ചിരിക്കുന്നതുപോലെ അവനു തോന്നി. ഹൃദയത്തിൽ ഒരഗ്നികുണ്ഠം എരിഞ്ഞുകത്തുന്നു.

കിരാതമായ ദർശനത്തിന്റെ ഭാരം താങ്ങാനാവാതെ അനനിയാദ് പിടഞ്ഞു. നിലാവും നക്ഷത്രങ്ങളുമില്ലാതെ രാത്രി ഒരു കറുത്ത ശവത്തുണിപോലെ അവനെ മൂടി.



അവന്റെ ആത്മാവ് അനന്തതയിൽനിന്ന് ഭീതിജനകമായ മുഴക്കങ്ങൾ കേട്ടു. ശരീരത്തിലെ മുറിവുകൾ പതിവിലേറെ വേദനിക്കുകയും രക്തം പുറപ്പെടുവിക്കുകയും ചെയ്തു.

തനിക്ക് എന്താണു സംഭവിക്കാൻ പോകുന്നത്...? മരണം തന്റെ സമീപത്തെവിടെയോ പതുങ്ങിനിൽക്കുന്നുവെന്ന് അവനു തോന്നി. അവന്റെ ഹൃദയം വല്ലാത്തൊരു പിടച്ചിലോടെ യേശുവിനെ വിളിച്ചു.

“ലാസറിനെ ഉയിർപ്പിച്ചവനേ, എന്റെ പ്രാണൻ കെട്ടുപോകും മുമ്പ് ഒരു മാത്രയെങ്കിലും നിന്നെയെനിക്ക് കാട്ടിത്തരേണമേ...”

യേശുവപ്പോൾ മഹാപുരോഹിതനായ കയ്യഫാസിന്റെ അരമനയിലായിരുന്നു. അവൻ ബന്ധിതനായിരുന്നു. അവിടെ വേദജ്ഞരും മൂപ്പന്മാരും ഒത്തുകൂടിയിരുന്നു.

മുഖ്യപുരോഹിതന്മാരും സംഘം മുഴുവനും യേശുവിനു മരണശിക്ഷ വിധിക്കാൻ അവനെതിരേ കള്ളത്തെളിവുകൾ കിട്ടുമോ എന്നു നോക്കി.

പലരും കള്ളസാക്ഷി പറഞ്ഞെങ്കിലും അതൊന്നും മതിയായ തെളിവുകളായിരുന്നില്ല. അപ്പോൾ രണ്ടുപേർ മുന്നോട്ടു വന്നു പറഞ്ഞു:

“ദൈവത്തിന്റെ ആലയം നശിപ്പിക്കാനും മൂന്നുദിവസംകൊണ്ട് നിർമിക്കാനും എനിക്കു കഴിയും എന്ന് ഈ മനുഷ്യൻ പറഞ്ഞു...”

മഹാപുരോഹിതൻ എഴുന്നേറ്റുനിന്നു ചോദിച്ചു:

“നിനക്കു സമാധാനമെന്നും ബോധിപ്പിക്കാനില്ലേ?”

പക്ഷേ, യേശു മിണ്ടടക്കം പാലിച്ചതേയുള്ളൂ. പുരോഹിതൻ വീണ്ടും അവനോടു ചോദിച്ചു:

“ജീവനുള്ള ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്തു ഞാൻ ചോദിക്കുന്നു, ദൈവപുത്രനായ ക്രിസ്തുവോ നീ...”

“താങ്കൾ അങ്ങനെ പറഞ്ഞു.” യേശു അയാളോടു പറഞ്ഞു: “എന്നാൽ, ഞാനും നിങ്ങളോടു പറയുന്നു ഇനി മനുഷ്യപുത്രനെ ശക്തിയുടെ വലതുഭാഗത്തിരിക്കുന്നവനായും നിങ്ങൾ കാണും.”

ഉടനെ മഹാപുരോഹിതൻ തന്റെ മേലങ്കി സ്വയം വലിച്ചുകീറിക്കൊണ്ട് ആക്രോശിച്ചു: “ഇയാൾ ദൈവദൂഷണം പറഞ്ഞിരിക്കുന്നു. നിങ്ങൾ കേട്ടുവല്ലോ. ഇനി എന്താണ് നിങ്ങളുടെ തീരുമാനം?”

“ഇയാൾ വധശിക്ഷ അർഹിക്കുന്നു...” അവർ ഉത്തരം പറഞ്ഞു. അവർ അവനെ മുഷ്ടിചുരട്ടി ഇടിക്കുകയും പ്രഹരിക്കുകയും ചെയ്തു. പുലർകാലെ അവർ ബന്ധനസ്ഥനായ യേശുവിനെ പീലാത്തോസിന്റെ അടുത്തേക്കു കൊണ്ടുപോയി.

പ്രഭാതമായപ്പോഴേക്കും ആ വാർത്തകേട്ട് നഗരം നടുങ്ങി. “യേശു പിടിക്കപ്പെട്ടിരിക്കുന്നു.” ഗദ്സെമനിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന യേശുവിനെ പിടിച്ചുകെട്ടി മുഖ്യപുരോഹിതനായ കയ്യഫായുടെ അരമനയിലേക്കു കൊണ്ടുപോയിരിക്കുന്നു.

നഗരത്തിനുമീതെ ഒരു മ്ലാനത പരന്നു. ഒരു പിശറൻ കാറ്റ് നഗരത്തിനു മുകളിലൂടെ പിടഞ്ഞോടിക്കൊണ്ടിരുന്നു.

പക്ഷികൾ പ്രഭാതമാഘോഷിച്ചില്ല. അലചിലയ്ക്കുകയോ കൂടുവിട്ട് പറക്കുകയോ ചെയ്തില്ല. വൃക്ഷങ്ങളാകട്ടെ അതിന്റെ ചില്ലകളനക്കാതെ നിശ്ചലം നിന്നു. പ്രഭാതത്തിന് പതിവ് സ്നിഗ്ധതയുണ്ടായിരുന്നില്ല. സൂര്യനാകട്ടെ അഗ്നിനേത്രങ്ങൾ ഭൂമിക്കു നേരേ തുറന്നുപിടിച്ചു.

യേശു പിടിക്കപ്പെട്ട വാർത്ത കേട്ട് അനനിയാദ് നടുങ്ങി. ഒരു വിറയൽ അവനെ ബാധിച്ചു. മഴനനഞ്ഞതുപോലെ അവൻ വിയർപ്പിൽ കുളിച്ചു. കാലുകൾ നിലത്തുറയ്ക്കുന്നില്ല. അത് ഇടറിപ്പോകുന്നു.

അനനിയാദ് കാറ്റിലുലയുന്ന ഞാങ്ങണപോലെ ആയിത്തീർന്നു. എങ്കിലും അവൻ സർവ്വശക്തിയും സംഭരിച്ച് നടക്കാൻ തുടങ്ങി. കയ്യഫായുടെ അരമനയിലേക്ക്.

കയ്യഫായുടെ അരമനയ്ക്കു മുമ്പിൽ മറ്റൊരറിവിൽ അനനിയാദ് വീണ്ടും നടുങ്ങി.

യേശുവിനെ ഗവർണരായ പീലാത്തോസിന്റെ മുമ്പിലേക്കു കൊണ്ടുപോയിരിക്കുന്നു.

അനനിയാദിൽ ശേഷിച്ചിരുന്ന ശക്തിയും ചോർന്നുപോയി. അവൻ നിലത്തുവീണു. നടുവ് തളർന്ന സർപ്പത്തെപ്പോലെ ആയിരുന്നു അവൾ. അവൻ നിലത്തുകിടന്ന് യേശുവിനെപ്രതി വിലപിച്ചു.

അവന്റെ വിലാപം കേട്ട കയ്യഫായുടെ കാവലാളുകൾ അവനെ കവാടത്തിനു പുറത്തേക്കു വലിച്ചിഴച്ചു. അവനെ ശക്തിയായി പ്രഹരിക്കുകയും ചെയ്തു. അവർ അവനോടു പരിഹാസത്തോടെ പറഞ്ഞു:

“നസ്രായനെ വിളിച്ചു കരയുക. അവൻ നിന്നെ രക്ഷിക്കാതിരിക്കില്ല.”

അവർ അനനിയാദിന്റെ മുഖത്തേക്കു കവാടം വലിച്ചടച്ചു. അനനിയാദ് നിലത്തുതന്നെ കിടന്നു. എഴുന്നേല്ക്കാൻ ശ്രമിച്ച് വീണ്ടും വീണു. അവൻ പൂഴിയിൽ കിടന്നുകൊണ്ട് വിളിച്ചു കരഞ്ഞു:

‘‘മനുഷ്യപുത്രാ, യേശുവേ...”

പക്ഷേ, അനനിയാദിന്റെ ശബ്ദം പുറത്തേക്കുവന്നില്ല. അത് തൊണ്ടയിലെവിടെയോ കുരുങ്ങിപ്പോയി. അനനിയാദിന്റെ ശബ്ദമില്ലാത്ത വിലാപം കേട്ടിട്ടെന്ന വണ്ണം രണ്ടു കരങ്ങൾ പൂഴിയിൽനിന്ന് അവനെ എഴുന്നേല്പിച്ചിരുത്തി.

അത് യോറ ആയിരുന്നു. പെസഹാത്തിരുനാളിനായി ജറുസലേമിലേക്കു വന്നതായിരുന്നു യോറ. തിരിച്ച് സമേറിയായിലേക്ക് അത്യാവശ്യമായി മടങ്ങേണ്ടതുണ്ടായിരുന്നു. പക്ഷേ, വഴിയരുകിൽ രക്തത്തിൽ കുളിച്ച് അർദ്ധനഗ്നനായി കിടക്കുന്ന ഒരു മനുഷ്യനെ കണ്ടപ്പോൾ അയാൾ കുതിരയെ നിർത്തി.

“എന്താണു സംഭവിച്ചത്?” യോറ ചോദിച്ചു.

മറുപടിയായി അനനിയാദ് മുഖത്താകെ പടർന്ന രക്തത്തിലൂടെ ഒരർദ്ധമന്ദഹാസം പൊഴിച്ചതല്ലാതെ ശബ്ദിച്ചില്ല. യോറയാകട്ടെ ഒരു ഞെട്ടലോടെ അനനിയാദിനെ തിരിച്ചറിഞ്ഞു. അയാൾ വിളിച്ചു.

“അനനിയാദ്...”

അപ്പോഴും അനനിയാദിന്റെ ചുണ്ടിൽ രക്താഭിഷിക്തമായ ചിരിമാത്രം തങ്ങിനിന്നു.

കാവൽഭടന്മാരുടെ പ്രഹരത്താൽ അനനിയാദിന്റെ പല്ലുകളടർന്നു പോയിരുന്നു. അവൻ തുപ്പിയപ്പോൾ രക്തത്തോടൊപ്പം പല്ലുകളും നിലത്തുവീണു. അനനിയാദിന്റെ മുഖത്തും ചുണ്ടുകളിലും ഒഴുകിപ്പടർന്ന രക്തം തുടച്ചുകളയാൻ യോറ തുനിഞ്ഞപ്പോൾ അനിയാദ് തടഞ്ഞു. യോറ കൊടുത്ത കുപ്പായമോ ഭക്ഷണപാനീയമോ അവൻ സ്വീകരിച്ചില്ല. അനനിയാദ് യോറയോടു ശബ്ദിച്ചില്ല. അവൻ മൗനംകൊണ്ടും ആംഗ്യംകൊണ്ടും യോറയോടു പറഞ്ഞു:

“എനിക്കിനി ഒന്നും ആവശ്യമില്ല. നിങ്ങൾ യാത്ര തുടരുക...”

ശേഷം 14-ാം പേജിൽ

# ആ മാന്ത്രികസ്പർശം ഇനിയില്ല

■ കെ.ജി. രഞ്ജിത്ത്

ഒരു സ്പർശനംകൊണ്ട് രോഗത്തിന്റെ ആഴവും രോഗിയുടെ മനസ്സും അളക്കാനുള്ള അപൂർവസിദ്ധി ലഭിച്ച ചുരുക്കം ചില ആയുർവേദാചാര്യന്മാരിൽ ഒരാളായിരുന്നു ഡോ.പി.കെ. വാരിയർ. അദ്ദേഹത്തിന്റെ മാന്ത്രികസ്പർശംകൊണ്ട് പതിനായിരങ്ങളാണ് രോഗമുക്തി നേടിയത്. ആയുർവേദത്തോടൊപ്പം ചിട്ടയായ ജീവിതവും പ്രാർത്ഥനയുംകൊണ്ട് വാർദ്ധക്യത്തെപ്പോലും തോല്പിക്കാനാകുമെന്ന് തന്റെ ജീവിതംകൊണ്ട് അദ്ദേഹം തെളിയിച്ചു. ജൂൺ ആറിനായിരുന്നു അദ്ദേഹത്തിന്റെ നൂറാം പിറന്നാൾ ആഘോഷിച്ചത്. ആശംസകളർപ്പിക്കാനെത്തിയവരെ അന്നും പുഞ്ചിരിയോടെ സ്വീകരിച്ച അദ്ദേഹം ജൂലൈ പത്താം തീയതി നമ്മെ വിട്ടുപിരിഞ്ഞു.



1921 – 2021

നൂറാം വയസ്സിലും രോഗീപരിചരണത്തിനു സമയം മാറ്റിവച്ച അദ്ദേഹത്തിന്റെ ജീവിതം പുതുതലമുറയ്ക്കു മാതൃകയാണ്. രോഗികളോടു കുശലം ചോദിച്ചുകൊണ്ട് ചികിത്സയാരംഭിക്കുന്ന വാരിയർ, കുശലാന്വേഷണത്തിനിടയിൽ രോഗിയിൽ കയറിക്കൂടിയിരിക്കുന്ന രോഗാവസ്ഥയെ കണ്ടെത്തുകയും മരുന്നു നിശ്ചയിക്കുകയും ചെയ്യും. അതിനുശേഷമാകും രോഗിപോലും അറിയുക, അദ്ദേഹം നടത്തിയ കുശലാന്വേഷണം തന്നോടല്ല, രോഗത്തോടായിരുന്നുവെന്ന സത്യം. അപൂർവമായിമാത്രം ലഭിക്കുന്ന ഈ സിദ്ധി സ്വായത്തമാക്കിയ ഡോക്ടർമാരുടെ പട്ടികയിൽ ഏറ്റവും മുന്നിലുള്ള പേര് പി.കെ. വാരിയരുടേതുതന്നെയാണ്.

വേദനയോടെ തന്റെ മുന്നിൽ എത്തുന്ന രോഗികൾ സന്തോഷത്തോടെ തിരിച്ചുപോകണമെന്ന് വാരിയർക്കു നിർബന്ധമുണ്ടായിരുന്നു. ചികിത്സയിലും മരുന്നിലും കൃത്രിമം കാട്ടുന്നത് വൈദ്യവൃത്തിക്കു നിരക്കുന്നതല്ലെന്ന വലിയ പാഠം ലോകത്തെ പഠിപ്പിച്ച മഹാനായിരുന്നു പി.കെ. വാരിയർ. ആതുരസേവനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തെ രാജ്യം പത്മഭൂഷൺ, പത്മശ്രീ തുടങ്ങിയ ബഹുമതികൾ നൽകി ആദരിച്ചു.

വൈദ്യം ജീവിതമാർഗമല്ല, ജീവിതനിയോഗം തന്നെയാണ്. രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുമ്പോൾ വാക്പുണ്യമാണ് ആദ്യം വരിക. പിന്നീടാണ് കൈപ്പുണ്യമെന്നും അദ്ദേഹം പറഞ്ഞിരുന്നു. ആയുർവേദത്തെ അടിസ്ഥാനമാക്കി നിരവധി പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തിയ വ്യക്തിയാണ് വാരിയർ.

**ആയുർവേദത്തിന്റെ വെളിച്ചം ലോകത്തിന്റെ നെറുകയോളമെത്തിച്ച വൈദ്യകുലപതി ഡോ. പി. കെ. വാരിയർ (100) ഇനി ഓർമ.**

തന്റേതായ മാതൃക ചികിത്സാരീതിയിലും കൊണ്ടുവരാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

ആയുർവേദത്തിന്റെ പരമപ്രധാനമായ രണ്ടു ഘടകങ്ങളാണ് ചികിത്സയും പഥ്യവും. ഇവ രണ്ടും കൃത്യമായെങ്കിൽമാത്രമേ വൈദ്യനു രോഗത്തെ പിടിച്ചുകെട്ടാനാവൂ. ഇക്കാര്യങ്ങളിൽ കർക്കശക്കാരനായ വ്യക്തിയായിരുന്നു വാരിയർ. ഏഴു പതിറ്റാണ്ടിലധികം ചികിത്സാരംഗത്തുണ്ടായിരുന്നിട്ടും ഒരു രൂപപോലും കൺസൾറ്റേഷൻ ഫീസായി അദ്ദേഹം വാങ്ങിയിട്ടില്ല.

രോഗിക്കു വൈദ്യനോടും വൈദ്യനു രോഗിയോടുമുള്ള വിശ്വാസമാണ് ആയുർവേദം നിഷ്കർഷിക്കുന്ന പ്രധാന ഔഷധം എന്നാണ് പി.കെ. വാരിയരുടെ പക്ഷം.

ജീവിതശൈലിയിലും തന്റേതായ മാതൃക നിലനിർത്തിയ വ്യക്തിത്വമായിരുന്നു പി.കെ. വാരിയർ. അതിൽ ഏറ്റവും പ്രധാനം സമയനിഷ്ഠയാണ്. അതിൽ മാറ്റമുണ്ടായാൽ അദ്ദേഹത്തിന്റെ ചിരിമാറും. ഒരു വൈദ്യൻ സമയക്ലിപ്തത പാലിച്ചില്ലെങ്കിൽ അനിഷ്ടങ്ങൾ വരെ സംഭവിക്കാമെന്നും, അതിനാലാണ് സമയത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറാകാത്തതെന്നും അദ്ദേഹം കൂടക്കൂടെ പറയുമായിരുന്നു.

1921 ൽ തലപ്പണത്ത് ശ്രീധരൻ നമ്പൂതിരിയുടെയും കുഞ്ചിവാരസ്യാരുടെയും ആറു മക്കളിൽ ഇളയവനായാണ് പന്നിയമ്പള്ളി കൃഷ്ണൻകുട്ടി വാരിയർ എന്ന പി. കെ. വാരിയരുടെ ജനനം. പിന്നിട്ട വർഷങ്ങളിൽ അദ്ദേഹം നടന്നുപോകാത്ത വഴികളില്ല. സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടാനും പൊതുപ്രവർത്തനരംഗത്തു സജീവമാകാനും വാരിയർ യൗവനകാലം മാറ്റിവച്ച ചരിത്രവുമുണ്ട്. പാരമ്പര്യത്തിലേക്കു തിരിച്ചുവരണമെന്ന ബോധ്യമുണ്ടായപ്പോൾ സജീവരാഷ്ട്രീയം ഉപേക്ഷിച്ചു. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ സാധാരണക്കാരനായ ഫാക്ടറി മാനേജറായി, കർമരംഗത്തെത്തി. തുടർന്ന്, ചരിത്രനേട്ടങ്ങളിലേക്കു നയിച്ച അമരക്കാരനായി, ഇന്ന് ലോകം കൈകൂപ്പുന്ന മഹാവൈദ്യനായി. ആയുർവേദത്തെ ലോകത്തിന്റെ നിറുകയിലെ സിന്ദൂരമായി വരച്ചിട്ട പി.കെ. വാരിയർ വിടവാങ്ങുമ്പോൾ നഷ്ടം മലയാളികൾക്കു മാത്രമല്ല, രാജ്യത്തിനുതന്നെയാണ്.

■

# സിസ്റ്റർ ഫിദെലിസ് തളിയത്ത് എസ്.ഡി. ദൈവദാസി പദവിയിലേക്ക്

കൊച്ചി: അഗതികളുടെ സഹോദരികൾ (Sisters of Destitute) സന്ന്യാസിനീസമൂഹാംഗമായ സിസ്റ്റർ ഡോ. ഫിദെലിസ് തളിയത്ത് വിശുദ്ധപദവിയിലേക്കുള്ള ആദ്യപടിയായ ദൈവദാസിയായി ഉയർത്തപ്പെടുന്നു. നാമകരണനടപടികൾ ജൂലൈ 14 ന് സിസ്റ്ററുടെ കബറിടം സ്ഥിതിചെയ്യുന്ന, ഡൽഹിക്കു സമീപമുള്ള ഗാസിയാബാദിലെ എസ്.ഡി. പ്രവിശ്യഭവനത്തിൽ ആരംഭിച്ചു. ഫരീദാബാദ് ആർച്ചുബിഷപ് മാർ കുര്യാക്കോസ് ഭരണിക്കുളങ്ങരയുടെ മുഖ്യകാർമികത്വത്തിൽ സമൂഹബലി അർപ്പിച്ച് 'ദൈവദാസി' പ്രഖ്യാപനം നടത്തി.



ഭാരതകത്തോലിക്കാസഭയിൽ വൈദ്യശാസ്ത്രവിഭാഗത്തിൽനിന്നുള്ള ആദ്യ ദൈവദാസിയാണു സിസ്റ്റർ ഡോ. ഫിദെലിസ്. വരാപ്പുഴ പുത്തൻപള്ളി തളിയത്ത് ജോസഫിന്റെയും ചാലക്കുടി പരിയാരം കിഴക്കൂടൻ മറിയംകുട്ടിയുടെയും മകളായി 1929 ഫെബ്രുവരി 20 ന് കൊച്ചുത്രേസ്യാ എന്ന സിസ്റ്റർ ഫിദെലിസ് ജനിച്ചു.

പുത്തൻപള്ളി, വരാപ്പുഴ, എറണാകുളം സെന്റ് മേരീസ് സ്കൂളുകളിൽ നിന്നു സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. മംഗലാപുരം സെന്റ് ആൻസ് കോളജിൽനിന്നു ഗണിതശാസ്ത്രത്തിൽ സ്വർണമെഡലോടെ ബിരുദം കരസ്ഥമാക്കി. തുടർന്ന്, തിരുവനന്തപുരം, കറുകുറ്റി കർമലീത്താ സ്കൂളുകളിൽ പഠിപ്പിക്കുമ്പോളാണ് പാവപ്പെട്ടവരെ ശുശ്രൂഷിക്കാനുള്ള ദൈവവിളി കൊച്ചുത്രേസ്യ തിരിച്ചറിഞ്ഞത്. ആലുവയ്ക്കടുത്ത് ചുണങ്ങുംവേലിയിൽ അഗതികളുടെ സഹോദരികൾ എന്ന സന്ന്യാസിനീസമൂഹത്തിൽ അർത്ഥിനിയായി ചേർന്ന് 1953 ജനുവരി ആറിനു വ്രതവാഗ്ദാനം നടത്തി.

അമേരിക്കയിൽ ഷിക്കാഗോയിലെ ലയോള സർവകലാശാലയിൽനിന്നു ഗൈനക്കോളജിയിൽ ബിരുദവും ബിരുദാനന്തരബിരുദം കരസ്ഥമാക്കിയശേഷം ഡൽഹി അശോകവിഹാറിൽ അഗതികളുടെ സഹോദരികളുടെ ജീവോദയ ഹോസ്പിറ്റൽ എന്ന സ്വപ്നം സാക്ഷാത്കരിക്കുകയും അനാഥരായ അനേകം അമ്മമാരെയും ശിശുക്കളെയും പരിപാലിക്കുകയും ചെയ്തു. ഡൽഹിയിലെയും പ്രാന്തപ്രദേശങ്ങളിലെയും പാവപ്പെട്ടവരുടെ അത്താണിയായിരുന്നു ഫിദെലിസ് അമ്മ. 2008 ജനുവരി 17 നാണ് അന്തരിച്ചത്.

■

# പ്രതിരോധവഴിയിൽ ഇനി സികയും?

*(1-ാം പേജ് തുടർച്ച)*

**രോഗബാധയുടെ ലക്ഷണങ്ങൾ**

നേരിയ പനി, ശരീരത്തിൽ ചുവന്ന പാടുകൾ, ചെങ്കണ്ണ്, സന്ധിവേദന, പേശിവേദന ഇത്യാദി ആണെങ്കിലും 80 ശതമാനത്തോളം രോഗികളിൽ ശ്രദ്ധേയമായ ലക്ഷണങ്ങൾ ഉണ്ടാവാറേയില്ല.

**രോഗബാധ കണ്ടെത്തുന്നത് എങ്ങനെ?**

രോഗബാധിതന്റെ കോശങ്ങൾ, രക്തം, ശുക്ലം, മൂത്രം എന്നിവയിൽ വൈറസ് ബാധയുടെ തെളിവു കണ്ടെത്താം. ഇന്ത്യയിൽ നിലവിൽ എൻ.സി.ഡി.സി. ഡൽഹി, എൻ.ഐ.വി. പുണെ എന്നിവിടങ്ങളിലാണ് സിക വൈറസ് സ്ഥിരീകരിക്കാനുള്ള സംവിധാനമുള്ളത്. ആർടിപിസിആർ ടെസ്റ്റാണ് സാധാരണയായി നടത്തുന്നത്.

**ചികിത്സ എങ്ങനെ?**

ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ വേണ്ടിവരാറില്ല. സിക വൈറസിനെ നശിപ്പിക്കുന്ന ഫലപ്രദമായ ആന്റി വൈറസ് മരുന്നുകളോ ഇതിനെതിരേയുള്ള വാക്സിനുകളോ നിലവിൽ വികസിപ്പിച്ചിട്ടില്ല.

വിശ്രമവും ശരിയായ ഭക്ഷണവും പാനീയങ്ങളും മതിയാവും രോഗശമനത്തിന്. ആവശ്യമെങ്കിൽ പനിക്കും വേദനയ്ക്കും പാരസെറ്റമോൾപോലുള്ള മരുന്നുകളും കഴിക്കാവുന്നതാണ്. എന്നാൽ, മറ്റുചില വേദനസംഹാരികൾ ഒഴിവാക്കേണ്ടതാണ്.


**പ്രതിരോധം എങ്ങനെ?**

ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ അസുഖങ്ങൾ പകരുന്ന അതേ രീതിയിലാണ് ഈ രോഗവും പകരുന്നത്. അതുകൊണ്ട് നിയന്ത്രണവും അതേ മാർഗേണതന്നെ. കൊതുകുകടി ഏൽക്കാതെ സൂക്ഷിക്കുകയാണു നടപടികളിൽ പരമപ്രധാനം (പ്രധാനമായും വൈകുന്നേരവും അതിരാവിലെയും).

ഉറങ്ങുമ്പോൾ കൊതുകിനെ തടയുന്ന തരത്തിൽ ശരീരം മുഴുവൻ മൂടുന്ന വസ്ത്രം ധരിക്കുകയോ കൊതുകുവല ഉപയോഗിക്കുകയോ ചെയ്യുക. കൊതുകുനാശിനികൾ ഉപയോഗിക്കാവുന്നതാണ്.

ചുരുക്കിപ്പറഞ്ഞാൽ, അമിതാശങ്കകൾ വേണ്ട. ഗർഭിണികളും ഗർഭവതികൾ ആവാനിടയുള്ളവരും കരുതലോടെയിരിക്കുക.

■




**ജൂലൈ 25**
**കൈത്താക്കാലം**
**മൂന്നാം ഞായർ**



നിയമ. 5:6 – 16
ഏശ. 5:1 – 7
2 കോറി. 7:1 – 11
യോഹ. 9:1 – 12,35 – 38

ഡോ. എമ്മാനുവേൽ പാറേക്കാട്ട്



# അന്ധതയിലും കാത്തിരിക്കുന്ന ജീവിതനേട്ടം

സഭയുടെ വളർച്ചയാണ് കൈത്താക്കാലത്തിന്റെ ചിന്താവിഷയം. അതു കേവലം എണ്ണത്തിൽ മാത്രമല്ല, ഗുണത്തിലുമുള്ള പുരോഗതിയാണ്. പിറവിക്കുരുടൻ പടിപടിയായി വിശ്വാസപാതയിൽ വളർച്ചയുടെ പടവുകൾ താണ്ടുന്നത് യോഹന്നാൻ സുവിശേഷകൻ മനോഹരമായി അവതരിപ്പിക്കുന്നതാണ് കൈത്താക്കാലം മൂന്നാം ഞായറാഴ്ചയിലെ പ്രതിപാദ്യവിഷയം (യോഹ. 9:1–38).

അന്ധന് ഈശോമിശിഹായെക്കുറിച്ച് വ്യക്തമായ അറിവില്ല. അത് അവന്റെ വാക്കുകളിൽ നിഴലിക്കുന്നുണ്ട്: "ഈശോ എന്നു പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി" (9:11). ഫരിസേയരുടെ ചോദ്യശരങ്ങൾക്കുമുമ്പിൽ പതറാതെ 'അവൻ ഒരു പ്രവാചകനാണ്' (9:17) എന്നു പ്രഘോഷിക്കാൻ അവൻ ധൈര്യം കാണിക്കുന്നു. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്ന അവന്റെ അടുപ്പക്കാരനാണ് ഈശോ എന്നും അവൻ പറയുന്നുണ്ട് (9:31). സമൂഹത്തിൽ ഒറ്റപ്പെടുകയും സിനഗോഗിൽനിന്നു പുറത്താക്കപ്പെടുകയും ചെയ്ത സന്ദർഭത്തിൽ, അവന് ഈശോ തന്നെത്തന്നെ വെളിപ്പെടുത്തുമ്പോൾ അവന്റെ കണ്ണുകൾ ശരിക്കും തുറക്കുകയും 'വിശ്വസിക്കുന്നു കർത്താവേ' എന്നു പറഞ്ഞ് അവൻ വിശ്വാസത്തിന്റെ സമ്മതം കൊടുക്കുകയും, ഈശോയെ കർത്താവായി പ്രഖ്യാപിക്കുകയുമാണ്. ഈശോമിശിഹായെ കർത്താവായി സ്വജീവിതത്തിൽ സ്വീകരിക്കുക എന്നത് വിശ്വാസപാതയിലെ ഒരു പ്രധാന നാഴികക്കല്ലാണ്.

പാപവും രോഗവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചുള്ള യഹൂദകാഴ്ചപ്പാട് വളരെ പ്രാകൃതമെന്ന് അത്യന്താധുനികരായ നമ്മൾ പറയുമെങ്കിലും നമ്മുടെ നാട്ടുഭാഷയിൽ ഇപ്പോഴും കേട്ടുകൊണ്ടിരിക്കുന്ന ചില പ്രയോഗങ്ങളുണ്ട്. 'ഞാൻ എന്തു തെറ്റു ചെയ്തിട്ടാ എനിക്കിങ്ങനെ', 'കാരണവന്മാർ ചെയ്തുകൂട്ടിയതിന്റെ ഫലം' എന്നിങ്ങനെയുള്ള ചൊല്ലുകൾ നമുക്കു സുപരിചിതമാണ്. ഇതെല്ലാം യഹൂദകാഴ്ചപ്പാടിന്റെ പരാവർത്തനങ്ങളാണ്. യഹൂദകാഴ്ചപ്പാടനുസരിച്ച് ഒരുവന്റെ രോഗത്തിന് അല്ലെങ്കിൽ ശാരീരികവൈകല്യത്തിനു കാരണം അവന്റെ പാപമാണ്. ഇനി ഒരു കുഞ്ഞിനാണ് ഇതു സംഭവിക്കുന്നതെങ്കിൽ അത് അവന്റെ മാതാപിതാക്കളുടെ പാപംമൂലമാണെന്ന് അവർ അനുമാനിച്ചു. ഈ ഒരു പശ്ചാത്തലത്തിലാണ് ജന്മനാ അന്ധനായ ഒരുവനെ ചൂണ്ടി, 'റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ?' (9:12) എന്ന ചോദ്യം അവർ ഉന്നയിക്കുന്നത്. ഈശോയുടെ മറുപടി സുവ്യക്തമാണ്: "ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (9:3).

അന്ധനായ ഒരു മനുഷ്യനിൽ എന്തു ദൈവമഹത്ത്വം! ഇവൻ അന്ധനായി ജനിച്ചതും അന്ധനായി വളർന്നതും ദൈവം അവന്റെമേൽ മഹത്ത്വം കാണിക്കുന്ന ആ ഒരു ദിവസത്തെപ്രതി ആയിരുന്നോ? അതിലും നല്ലത് അവൻ അരോഗദൃഢഗാത്രനായി ജനിക്കുകയും അവന്റെ പൂർണാരോഗ്യത്തെപ്രതി ജനം ദൈവത്തെ മഹത്ത്വപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥയായിരുന്നില്ലേ? ഈ ആശങ്കകൾക്കു മറുപടി കിട്ടണമെങ്കിൽ ഒന്നുരണ്ടു ചോദ്യങ്ങൾക്ക് നാംതന്നെ മറുപടി പറഞ്ഞാൽ മതി. ജീവിതത്തിൽ എല്ലാക്കാര്യങ്ങളും നേരേ ചൊവ്വേ ആയിരിക്കുമ്പോൾ നീ ദൈവത്തെ ഓർക്കുകയും നന്ദി പറയുകയും ചെയ്യുന്നുണ്ടോ? ജീവിതത്തിൽ നിനക്കു സന്തോഷവും ആനന്ദവും നൽകുന്ന കാര്യങ്ങളിൽ നീ ദൈവമഹത്ത്വം ദർശിക്കുന്നുണ്ടോ?

ജീവിതം സ്വാഭാവികമായി മുന്നോട്ടു നീങ്ങുമ്പോൾ അതിൽ ദൈവത്തിന്റെ കരം ദർശിക്കാനാകുന്നതാണ് സംശുദ്ധമായ ആത്മീയത. വി. ക്രിസോസ്റ്റമിന്റെ അഭിപ്രായത്തിൽ, അന്ധതകൊണ്ട് ജീവിതത്തിൽ നേട്ടമുണ്ടാക്കിയവനാണ് പിറവിക്കുരുടൻ. അവന്റെ കണ്ണിന്റെ കാഴ്ചയോടൊപ്പം ആന്തരികനയനങ്ങളും കർത്താവ് തുറന്നു. കാഴ്ചയുള്ളവരായി കാണപ്പെടുന്ന യഹൂദർ അവരുടെ കാഴ്ചകൊണ്ട് വാസ്തവത്തിൽ ഒരു നേട്ടവുമുണ്ടാക്കുന്നില്ല. കാഴ്ചയില്ലായ്മയല്ല; മറിച്ച്, പാപമാണ് വലിയ തിന്മ എന്ന വലിയ അറിവിലേക്ക് അന്ധൻ എത്തുന്നു.

ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ദൈവം നടത്തുന്ന ഇടപെടലുകൾ വ്യത്യസ്തമാണ്. ഹോറെബ് മലയിൽ കർത്താവിന്റെ സന്നിധിയിൽ ഏലിയ ചെന്നു നിൽക്കുകയാണ്. ദൈവത്തെ കാണാനുള്ള നില്പാണ്. കൊടുങ്കാറ്റടിക്കുന്നു, ഭൂകമ്പമുണ്ടാകുന്നു, അഗ്നിയിറങ്ങുന്നു. ഇവയിലൊന്നും കർത്താവുണ്ടായിരുന്നില്ല. പിന്നീട് ഇളംകാറ്റിൽ ഒഴുകിയെത്തിയ മൃദുസ്വരമായി ദൈവം ഏലിയായോടു സംസാരിക്കുന്നുണ്ട് (1 രാജാ. 19:11,12). വലിയ സംഭവങ്ങളിലും ജീവിതത്തിന്റെ നിസ്സാരതകളിലും ദൈവം ഇടപെടൽ നടത്തുകയും നമ്മോടു സംസാരിക്കുകയും ചെയ്യുന്നുണ്ട്. ഇടപെടൽ എങ്ങനെയായിരുന്നാലും ലക്ഷ്യം ഒന്നു മാത്രമാണ്; നമ്മുടെ ആത്മരക്ഷ.

പിറവിക്കുരുടൻ ആളുകളുടെ മുമ്പിൽ കൈനീട്ടി ഭിക്ഷ യാചിച്ചു ജീവിച്ചുപോന്നവനാണ്. ഇവിടെ മനുഷ്യജീവിതത്തിന്റെ ഒരു ചിത്രം കാണാൻ സാധിക്കും. നമ്മളും കൈനീട്ടുന്നവരാണ്. അംഗീകാരത്തിനായി, പ്രശംസകൾക്കായി, ആശംസകൾക്കായി നമ്മൾ ഭിക്ഷയെടുക്കുന്നവരാണ്. ഇവയൊന്നും നമ്മുടെ ദാരിദ്ര്യത്തെ മാറ്റുന്നില്ല. പിറവിക്കുരുടൻ ഭിക്ഷ യാചിക്കൽ അവസാനിപ്പിക്കുന്നത് അവൻ ഈശോമിശിഹായുടെ നോട്ടത്തിൻകീഴിലായപ്പോഴാണ്. അതാണ് അവനു സന്തോഷവും ആനന്ദവും നൽകിയത്. സങ്കീർത്തനം 16 ൽ നാം വായിക്കുന്നു: "അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിന്റെ പൂർണതയുണ്ട്; അങ്ങയുടെ വലതുകൈയിൽ ശാശ്വതമായ സന്തോഷമുണ്ട്." അതുകൊണ്ട് കടന്നുപോകുന്ന കർത്താവിന്റെ നോട്ടം എന്റെമേൽ വീഴത്തക്കവിധം ഞാനിരിക്കണം. "കടന്നുപോകുന്നത് കർത്താവാണെന്നു ഞാൻ തിരിച്ചറിയാതെ മാനസാന്തരപ്പെടാതിരിക്കുമോ എന്നതാണു ഭയം" എന്നു വി. ആഗസ്തീനോസ് പറയുന്നുണ്ട്.

"എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു" (9:4). ഇവിടെ 'പകൽ' ഈശോമിശിഹാ ഭൂമിയിൽ ആയിരിക്കുന്ന സമയത്തെ സൂചിപ്പിക്കുന്നു. 'അന്ധകാരം' അവന്റെ മരണത്തെ സൂചിപ്പിക്കുന്നു. അവൻ ലോകത്തിന്റെ പ്രകാശമാണ്. ഈശോ തന്റെ വാക്കുകൾ അടയാളങ്ങൾകൊണ്ടു സ്ഥിരീകരിക്കുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ പലയാവർത്തി നാം കാണുന്നുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹാ കുരുടനു കാഴ്ച നൽകി. അവന്റെ സ്വത്വം നമുക്ക് വെളിവാക്കുകയാണിവിടെ ചെയ്യുന്നത്. ഈശോ ഇവിടെ തന്നെത്തന്നെ 'പ്രകാശം' എന്നു വിശേഷിപ്പിക്കാൻ കാരണം വിശ്വസിക്കുന്നവന്റെ ആത്മാവിനെ പ്രകാശിപ്പിക്കാൻ കഴിയുന്നവനാണ് അവൻ എന്നതുകൊണ്ടും പിറവിക്കുരുടന് കാഴ്ച കൊടുക്കാൻ പോകുന്നുവെന്നതുകൊണ്ടുമാണ്. ഈശോമിശിഹായാകുന്ന പ്രകാശം ലോകാവസാനം വരെ നമ്മോടൊപ്പം ഉണ്ടാകും. അത് അവന്റെ ഉറപ്പാണ് (മത്താ. 28:20).

അവൻ നിലത്തു തുപ്പി, ചെളിയുണ്ടാക്കി അവന്റെ കണ്ണുകളിൽ പൂശി (9:6). മറ്റെല്ലാ അദ്ഭുതങ്ങളിലും കർത്താവ് തന്റെ വചനത്താൽ സൗഖ്യം നൽകുമ്പോൾ ഇവിടെ പ്രകടമായ ഒരു പ്രവൃത്തി കൊണ്ടാണ് സൗഖ്യം നൽകുക. 'സൃഷ്ടിയുടെ ഒരു കുറവ് പരിഹരിച്ച് അതിനെ പൂർണതയിലെത്തിക്കാനുള്ള ഒരു പ്രവൃത്തി' എന്നാണ് വി. അപ്രേം ഈ പ്രവൃത്തിയെ വിശേഷിപ്പിക്കുന്നത്. പിറവിക്കുരുടനെ പുതുസൃഷ്ടിയാക്കാൻ ഈശോ ചെയ്യുന്ന പ്രവൃത്തി സൃഷ്ടികർമത്തെത്തന്നെ അനുസ്മരിപ്പിക്കുംവിധമാണ് (ഉത്പ. 2:7). മനുഷ്യനെ സൃഷ്ടിച്ച അതേ കരംകൊണ്ടു തന്നെ അവൻ പുനഃസൃഷ്ടികർമം നടത്തുകയാണ്.

**പാപം മനുഷ്യനിൽനിന്നു നീക്കം ചെയ്യാൻ നിയമത്തിനു കഴിവില്ല. കൃപയ്ക്കുമാത്രമേ അതിനു സാധിക്കൂ. കൃപയില്ലാത്ത നിയമാനുഷ്ഠാനം മനുഷ്യനെ ഒരിടത്തും കൊണ്ടുചെന്നെത്തിക്കില്ല.**


മണ്ണ് സൗഖ്യദായകമായത് ഈശോമിശിഹായുടെ ഉമിനീരിനോടു ചേർന്നപ്പോഴാണ്. മണ്ണ് നിയമവും ഉമിനീര് കൃപയുമായി ബൈബിൾ പണ്ഡിതന്മാർ വ്യാഖ്യാനിക്കാറുണ്ട്. നിയമത്തിനു മനുഷ്യന്റെ തെറ്റു ചൂണ്ടിക്കാണിക്കാം. അവനിൽ കുറ്റബോധം ജനിപ്പിക്കാം. പക്ഷേ, പാപം മനുഷ്യനിൽനിന്നു നീക്കം ചെയ്യാൻ നിയമത്തിനു കഴിവില്ല. കൃപയ്ക്കുമാത്രമേ അതിനു സാധിക്കൂ. കൃപയില്ലാത്ത നിയമാനുഷ്ഠാനം മനുഷ്യനെ ഒരിടത്തും കൊണ്ടുചെന്നെത്തിക്കില്ല.

ആദത്തിന്റെ പാപംമൂലം അധഃപതിച്ച മനുഷ്യവംശത്തിന് ഒരു കഴുകലും പുനഃസൃഷ്ടിയും ആവശ്യമായിരുന്നു. അതുകൊണ്ട് ഈശോ അവനോടു പറഞ്ഞു: "നീ പോയി സീലോഹക്കുളത്തിൽ കഴുകുക" (9:7). ആ കഴുകലിലൂടെ അവൻ ആത്മീയമായും ശാരീരികമായും സൗഖ്യമുള്ളവനായി – നവസൃഷ്ടിയായി. അവൻ സ്രഷ്ടാവിനെ തിരിച്ചറിഞ്ഞു. 'സീലോഹ' എന്ന വാക്കിന്റെയർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് ഈശോമിശിഹാ. അവനാൽ കഴുകി വിശുദ്ധീകരിക്കപ്പെടുമ്പോഴാണ് നാം പുതുസൃഷ്ടിയാകുന്നത്. ഈശോ പത്രോസിനോടു പറയുന്നുണ്ട്: "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടു പങ്കില്ല (യോഹ. 13:8). കർത്താവിന്റെ വചനത്തിന്റെ ശക്തിയും ഇവിടെ പ്രകടമാകുകയാണ്. കർത്താവിന്റെ അധരത്തിൽനിന്നു പുറപ്പെടുന്ന വാക്ക് ഫലരഹിതമായി തിരിച്ചുവരില്ല (ഏശ. 55:11). അന്ധനു കാഴ്ച കൊടുത്തത് സീലോഹാക്കുളമോ നാമാനു സൗഖ്യം കൊടുത്തത് ജോർദാനിലെ വെള്ളമോ അല്ല; മറിച്ച്, കർത്താവിന്റെ വചനമാണെന്ന് വി. അപ്രേം പഠിപ്പിക്കുന്നു.

പിറവിക്കുരുടൻ നമ്മുടെയെല്ലാം പ്രതിനിധിയാണ്. നമ്മൾ ദൈവത്തെ അറിയാനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നവരാണെങ്കിലും പാപം നിമിത്തം നമ്മൾ അന്ധരാണ്. നമുക്കു പുതിയ വെളിച്ചം ആവശ്യമാണ്; ഈശോ നമുക്കു തരുന്ന വിശ്വാസത്തിന്റെ വെളിച്ചം. 'നിന്നോടു സംസാരിക്കുന്ന ഞാൻതന്നെയാണവൻ' (9:37) എന്ന ഈശോയുടെ വാക്കുകളാൽ കുരുടൻ മിശിഹാരഹസ്യത്തിന്റെ അന്തരാളങ്ങളിലേക്ക് ഊളിയിട്ടിറങ്ങുന്നു. 'കർത്താവേ, ഞാൻ വിശ്വസിക്കുന്നു' (9:38) എന്ന അവന്റെ മറുപടിയിൽ ഇത് ഉൾച്ചേർന്നിരിക്കുന്നു.

■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.**

*(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)*

**ഒരു വിശ്വാസി**
**വലവൂർ**

# പതിനാലാമെടം

*11-ാം പേജ് തുടർച്ച*

ഗത്യന്തരമില്ലാതെ യോറ പിൻവാങ്ങി. പോകുംമുമ്പ് തന്റെ ഭാണ്ഡത്തിൽനിന്ന് ഒരു കുഴലെടുത്ത് അനനിയാദിനു കൊടുത്തു. അനനിയാദിന്റെ അരുമയായ കുഴൽ. അത് മരുഭൂമിയിൽനിന്നു കളഞ്ഞുകിട്ടിയതാണ്.

എങ്കിലും യോറ അതെടുത്തു സൂക്ഷിച്ചു. അനനിയാദിന്റേത് എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. എന്നെങ്കിലും കണ്ടുമുട്ടിയാൽ കൊടുക്കണമെന്നു കരുതി. പക്ഷേ, കാലം പോകപ്പോകെ അനനിയാദ് മരിച്ചുപോയിട്ടുണ്ടാകുമെന്ന് യോറ കണക്കുകൂട്ടി. എങ്കിലും ആ കുഴൽ ദൂരത്തെറിയുവാൻ യോറ കൂട്ടാക്കിയില്ല.

അനനിയാദ് കുഴൽ സ്വീകരിച്ചു. യോറ വിടപറഞ്ഞു. യോറയുടെ കുതിരക്കുളമ്പടികൾ അകന്നുപോയി.

അനനിയാദ് കുഴൽ ചോരപുരണ്ട ചുണ്ടോടുചേർത്തുവച്ച് ഊതാൻ തുടങ്ങി. പക്ഷേ, ശബ്ദം പുറത്തുവന്നില്ല. അതിനുള്ള ത്രാണി അവന് ഉണ്ടായിരുന്നില്ല.

ആ കുഴൽ വെൺപ്രാവുകളുടെ ചിറകടിപോലെ ഗതകാല സംഭവങ്ങളെ അവനിലേക്കു കൊണ്ടുവന്നു.

ഹെർമോൺകുന്നിറക്കത്തിലെ തന്റെ ഭവനം...

കൃഷിയിടങ്ങളിലെ ഭൃത്യന്മാരോടൊത്തുള്ള ജീവിതം.

ശീതമുറയുന്ന രാത്രികളിലെ കുഴൽവായന...

അനനിയാദിന്റെ ശരീരത്തിൽ ഒരു ചമ്മട്ടിയുടെ പ്രഹരം ശക്തിയായി വന്നുപതിച്ചു. മാംസം ചിതറിവീണു. അവൻ ഒരു പിടച്ചിലോടെ ഓടി. സർവതും മറന്നുള്ള ഓട്ടത്തിൽ അവൻ യേശുവിനെ വിളിച്ചു കരഞ്ഞുകൊണ്ടിരുന്നു.

അങ്ങുദൂരെ തലയോട്ടിമല അവനുകാണായി. തന്റെ തോളിൽ വല്ലാത്തൊരു ഭാരം അമരുന്നു. വീണ്ടും ചമ്മട്ടികൾ അവനിൽ പതിക്കുന്നു. രക്തവും മാംസവും ചിതറുന്നു...

അവൻ കാലുതട്ടി നിലത്തുവീണു. കല്ലിൽത്തട്ടി അവന്റെ കാൽമുട്ടുകൾ പൊട്ടി. അവൻ കൈകൾ കുത്തി ഒരുവിധം എഴുന്നേറ്റു. പക്ഷേ, കാലുകൾ നീട്ടിക്കുത്താൻ കഴിയുന്നില്ല. തോളിൽ ഭാരം വർദ്ധിക്കുകയാണ്. എങ്കിലും അവൻ ക്ലേശിച്ച് മുന്നോട്ടു നീങ്ങി. കല്ലും മുള്ളും നിറഞ്ഞ വഴിയിലൂടെ അല്പദൂരം. അവൻ രണ്ടാമതും കമിഴ്ന്നു വീണു.

വീഴ്ചയുടെ ആഘാതത്തിൽ എഴുന്നേല്ക്കാനാവാതെ അവൻ കിടന്നു. പുറത്ത് ചമ്മട്ടിയടികൾ വീഴുകയാണ്... രക്തം ചിതറുന്നു. അസഹ്യമായ വേദനയാൽ അനനിയാദ് പുളഞ്ഞു.

എങ്കിലും അവൻ എഴുന്നേറ്റ് പിന്നെയും നടക്കാൻ തുടങ്ങി. തോളിലെ ഭാരം താങ്ങാനാവാത്തവിധം വർധിച്ചിരിക്കുന്നു. ദേഹമാസകലം ചമ്മട്ടിപ്പാടുകളിൽനിന്ന് രക്തം കിനിയുന്നു.

ദൂരെ തലയോട്ടിമല... താഴ്‌വാരത്തിലൂടെ എറുമ്പിൻ സൈന്യംപോലെ ജനക്കൂട്ടം മലകയറുന്നത് അവൻ കണ്ടു...

എത്രദൂരം അങ്ങനെ നടന്നു എന്നവനറിയില്ല. അവൻ മൂന്നാമതും നിലത്തുവീണു. കുറച്ചു നേരം അവൻ അങ്ങനെ കിടന്നു. എത്ര ശ്രമിച്ചിട്ടും അവന് എഴുന്നേല്ക്കാൻ കഴിഞ്ഞില്ല. കൈകാലുകൾ മുറിഞ്ഞുപോകുന്നു. ദേഹം പിളരുന്നതുപോലെ... രോമകൂപങ്ങളിലൂടെ രക്തം ഒഴുകുന്നു.

മലയുടെ മുകൾപ്പരപ്പിൽനിന്ന് രണ്ടോ മൂന്നോ കല്ലേറ് ദൂരത്തായിരുന്നു അവൻ കിടന്നിരുന്നത്. പൂഴിയിൽ കിടന്നുകൊണ്ടുതന്നെ അവൻ മലമുകളിലേക്കു നോക്കി.

ഇരുമ്പാണികളിൽ ചുറ്റികവീഴുന്ന ശബ്ദം അവൻ നിസ്സഹായതയോടെ കേട്ടു. അവിടെ യേശുവിനെ കുരിശിൽ തറയ്ക്കുകയാണ് എന്ന് വിങ്ങുന്ന സങ്കടത്തോടെ അവൻ അറിഞ്ഞു.

ഇടറിപ്പോയ, കെട്ടഴിഞ്ഞ മനസ്സോടെ അവൻ നിശ്ശബ്ദം പ്രാർത്ഥിച്ചു.

"യൂദന്മാരുടെ രാജാവായ നസ്രായനേ, നീ അനുഭവിക്കുന്ന വേദന എനിക്കുംകൂടി പങ്കുവയ്ക്കേണമേ...'

പെട്ടെന്ന് അവന്റെ കൈകാലുകളിൽ ആണികളിറങ്ങുന്നതിന്റെ വേദന...

അവൻ കണ്ണുകളുയർത്തി, മലമുകളിലെ കുരിശിൽ മൂന്നാണികളിൽ മിശിഹായെ കണ്ടു.

അപ്പോൾ ഏതാണ്ട് ആറാം മണിക്കൂറായിരുന്നു. ഒൻപതാംമണിക്കൂർവരെ ഭൂമിയിലെങ്ങും ഇരുട്ടു പരന്നു. സൂര്യന്റെ പ്രകാശം മങ്ങി. ദേവാലയത്തിലെ തിരശ്ശീല നടുവേ കീറി. അപ്പോൾ യേശു ഉറക്കെ നിലവിളിച്ചു:

"പിതാവേ, നിന്റെ കൈകളിൽ ഞാൻ എന്റെ ആത്മാവിനെ ഏല്പിക്കുന്നു." ഇതു പറഞ്ഞശേഷം അവൻ അന്ത്യശ്വാസം വലിച്ചു.

പടയാളികൾ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു.

കാറ്റ് വീശി... അനനിയാദ് ഇപ്രകാരം പ്രാർത്ഥിച്ചു:

"ദാവീദിന്റെ പുത്രാ, എന്റെ ജീവനെ ഞാൻ നിന്റെ കാല്ച്ചുവട്ടിൽ വയ്ക്കുന്നു. നിന്റെ രക്തത്താൽ എന്നെ പവിത്രീകരിക്കേണമേ."

കാറ്റിനു ശക്തികൂടി. മലയിറങ്ങി വന്ന കാറ്റ് യേശുവിന്റെ തിരുവിലാവിൽനിന്ന് ഒരു തുള്ളി രക്തം പറത്തിക്കൊണ്ടുവന്ന് അനനിയാദിന്റെ ശിരസ്സിൽ വീഴ്ത്തി. ആ രക്തം അവനോടു മന്ത്രിച്ചു:

''അനനിയാദ്, നീ ഇന്ന് എന്നോടൊപ്പം പറുദീസയിലായിരിക്കും."

അവൻ കണ്ണുകളടച്ചു. അന്ത്യശ്വാസം വലിച്ചു.

സ്വർഗം തുറക്കപ്പെട്ടു. മേഘമാലകൾക്കിടയിലൂടെ ഒരു പറ്റം ദൈവദൂതന്മാർ ഭൂമിയിലേക്കിറങ്ങിവന്നു. അവർ കാഹളം മുഴക്കുന്നുണ്ടായിരുന്നു. അവർ അനനിയാദിനു സമീപം വന്നു നിന്നു. അനന്തരം അവന്റെ ആത്മാവിനെ സ്വർഗത്തിലേക്കെടുത്തു.

*(തുടരും)*

പ്രണയപാഠാവലി



87

# വൈകാരികതയുടെ പെൺപാഠങ്ങൾ

ഡോ. ആന്റണി ജോസ്

കുടുംബകേന്ദ്രീകൃത ലൈംഗികതയുടെ വികാസക്രമത്തെ അപ്പടി മാനിക്കുന്നതിൽ അഭിമാനിക്കുന്നവളാണ് 'സ്ത്രീ'. പ്രണയമില്ലാത്ത ലൈംഗികതയെക്കുറിച്ച് അവൾക്കെങ്ങനെ ചിന്തിക്കാനാകും? കുറുക്കുവഴികൾ അവൾക്ക് അശ്രീകരവും അസ്വീകാര്യവുമാകുന്നു. 'അവൻ' പരിചയിച്ചു പഴകിയ കൗശലങ്ങളെ അവൾക്ക് അവജ്ഞയാണ്.



കൃത്യമായിപ്പറഞ്ഞാൽ കാഴ്ചയും കേൾവിയും ഭാവനയുമൊക്കെ രതിയുടെ ഉണർത്തുപാട്ടാകണമെങ്കിൽ പ്രണയം വേണം. അതവളുടെ വ്യതിരിക്തതതന്നെയാകുന്നു.

ഗർഭധാരണമെന്ന ജീവശാസ്ത്രപരമായ ലക്ഷ്യത്തോടു കൂടിയതാണ് സ്ത്രീലൈംഗികത. അതേസമയം പുരുഷൻ, ബീജദാനമെന്ന നൈമിഷികകർമത്തിന്റെ വക്താവാണ്. അവളിൽ നൈമിഷികതയെക്കാൾ സുദീർഘതയുടെ പരവതാനിവിരിപ്പാണ് ലൈംഗികത. സ്ഖലനത്തെപ്പോലെ, അണ്ഡോത്സർജനം ഒരു വൈകാരിക, ആനുഭൂതിക പ്രതിഭാസമല്ല. ആർത്തവാരംഭം തുടങ്ങി രണ്ടാഴ്ചയോളം എടുക്കും അണ്ഡരൂപീകരണത്തിന്.

ലൈംഗികത അതിന്റെ ധർമനിർവഹണം സമാരംഭിച്ചിട്ടേയുള്ളൂ. പത്തോളം മാസം, അവൾക്കുള്ളിൽ നടക്കുന്ന അവിച്ഛിന്നമായ നിരവധി ജൈവപ്രക്രിയകൾക്കൊടുവിലാണ് ഗർഭസ്ഥശിശു പൂർണവളർച്ചയെത്തുക. ലൈംഗികതയുടെ മറ്റൊരു ഘട്ടമാണിത്, തുടർച്ചയുമാണ്.

പ്രസവിച്ച സ്ത്രീ ലൈംഗികതയുടെ ഉദാത്തമായ പടികൾ ഉത്തരോത്തരം ചവിട്ടിക്കയറുകയായി. ഓർക്കണം, ലൈംഗികത ഒന്നാകലിന്റെ പ്രത്യക്ഷീകരണമാണ്. പ്രത്യുത്പാദനാവയവങ്ങളുടെ കൂടിച്ചേരലായി മാത്രം അതിനെ കാണുന്നത് ഒരർത്ഥത്തിൽ നീചമാണ്. സ്വത്വങ്ങളാണ് അദ്വൈതത്തെ പുൽകുക. ആ മഹനീയമുഹൂർത്തത്തിൽ എവിടെയോ, ശരീരങ്ങൾ ഇണചേരുന്നു; അത്രതന്നെ.

ഭർത്താവിൽനിന്നു സ്വീകരിച്ച പ്രണയപുഷ്പം വീണ്ടും അവളിൽ വിടർന്ന്, പരിമളം പൊഴിക്കാൻ തുടങ്ങുന്ന സമയമായി. അതവളുടെ കുഞ്ഞിലേക്കാണ്. കരുണയും കരുതലും സാമീപ്യവും ഒക്കെ നുകർന്ന് ശിശു വളർന്നുവരുന്നു. മുലയൂട്ടുന്ന അമ്മയായും ലൈംഗികവഴിത്താരകളിൽ അവൾ തന്റെ പാദമുദ്രകൾ ചാർത്തുന്നു.

ശൈശവത്തിൽ മാത്രമല്ല, കൗമാരത്തിലും യുവത്വത്തിലുമൊക്കെ അമ്മ മക്കൾക്കൊപ്പമുണ്ട്. അമ്മയുടെ പ്രണയം അവരെ സ്വസമൂഹത്തിൽ നിലനിർത്തിക്കൊണ്ട് സ്വയംപര്യാപ്തതയിലെത്തിക്കുന്നു.

അങ്ങനെ ലൈംഗികത സന്താനോത്പാദനത്തിന്റെ മാത്രമല്ല, സന്താനപരിപാലനത്തിന്റെ കൂടി അടയാളപ്പെടുത്തലായി മാറുന്നു. അതിനു ഗാർഹികവ്യവസ്ഥിതിയെത്തന്നെ രൂപകല്പന ചെയ്യുന്നതിനുള്ള ത്രാണിയുണ്ടെന്നു പറഞ്ഞാൽ അതിശയോക്തിയാകില്ല. ലൈംഗികത പ്രണയത്തിലൂടെ ഏകീഭവിക്കുന്നതിന്റെ മൂർത്താവിഷ്കാരമാണല്ലോ. ഭർത്താവും കുട്ടികളുമടങ്ങുന്ന സ്വസമൂഹത്തിന്റെ നിർമിതിയും അങ്ങനെയാണു സംഭവിക്കുക. ചുരുക്കത്തിൽ, സ്ത്രീലൈംഗികത അതിന്റെ യാത്ര തുടങ്ങി അവസാനിക്കുമ്പോൾ എത്രയോ ഏടുകളിലാണ് വൈവിധ്യം നിറഞ്ഞ സർഗക്രിയകൾ നടത്തുക!

ഈ ലൈംഗികസ്വഭാവത്തിനു വേണ്ടുന്ന ഊർജം പ്രണയമാണ്. കാരുണ്യവും കരുതലും അംഗീകാരവും വിശ്വസ്തതയും സാമീപ്യവും അതിനു കരുത്തും ലക്ഷ്യബോധവും നൽകുന്നു. സംതൃപ്തലൈംഗികതയ്ക്കു പ്രണയം അനിവാര്യമായിത്തീരുന്നു. ഇന്ദ്രിയാനുഭൂതിക്കായി ബോധമണ്ഡലത്തിന്റെ വാതായനങ്ങൾ മലർക്കെ തുറക്കണമെങ്കിൽ പ്രണയം വേണം.

ഇന്ദ്രിയാനുഭൂതിയെക്കാൾ എത്രയോ അദ്വിതീയവും ശ്രേയസ്കരവുമാണ് പ്രണയനിഷ്ഠമായ, വൈകാരികതയുടെ ഇഴയടുപ്പം! അതവളുടെ എക്കാലത്തെയും മോഹമാണ്, സ്വപ്നമാണ്, സർവസ്വവുമാണ്. അതുകൊണ്ട് പ്രണയം കഴിഞ്ഞേയുള്ളൂ, രതിയുടെ ജാലവിദ്യകൾ.

അവളിൽ പ്രണയത്തിന്റെ മറ്റെല്ലാ ദളങ്ങളും പ്രദ്യോതിക്കപ്പെടുന്നത്, കരുണയിലാണ്. അവനാകട്ടെ, അത് ദൈവഗത്യാ നേടിയതോ കഷ്ടപ്പെട്ടു കരസ്ഥമാക്കിയതോ ആണ്. അല്ലാത്തപക്ഷം അഹംബോധത്തിന്റെ ദളഭാരം, പ്രണയത്തെ നിർജീവമാക്കുന്നു. അവനെ കാരുണ്യം ഗ്രസിക്കുമ്പോൾ, മനുഷ്യത്വത്തിന്റെ മഞ്ഞലിവുകൾ രൂപപ്പെടുകയായി.

സ്ത്രീലൈംഗികതയെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും പലപ്പോഴും ഏകപക്ഷീയമാകുന്നത്, പുരുഷലൈംഗികവീക്ഷണം കടന്നുകയറുമ്പോഴാണ്. സമഗ്രമായ അർത്ഥത്തിൽ അത് സ്ഖലനംപോലെയുള്ള ഒരു റിഫ്ളക്സ് പ്രവർത്തനമല്ല. അവസ്ഥാന്തരങ്ങളുടെ ഒരു ശൃംഖലതന്നെയാകുന്നു. അതിൽ കണ്ണിമാത്രമാണ് രതിജന്യമായ അനുഭൂതി.

ഈ തിരിച്ചറിവ്, പുരുഷനെ പ്രബുദ്ധനാക്കുന്നത് പലവിധത്തിലാണ്. അവളുടെ സ്വത്വബോധത്തിന്റെ ഭാഗമാകാൻ അവനു സാധിക്കുന്നു. അവളോടുള്ള പ്രണയം കളങ്കരഹിതമാകുന്നു. പൗരുഷം സൃഷ്ടിച്ച അഹംബോധത്തിന്റെ മരുഭൂമികളിൽ, മാതൃത്വത്തിന്റെയും സാഹോദര്യത്തിന്റെയും പുതുമഴ പെയ്തിറങ്ങുന്നു...

പുരുഷനിൽനിന്ന് എപ്രകാരമാണ് സ്ത്രീലൈംഗികത ഭിന്നമായിരിക്കുന്നത്? അതിന്റെ അനന്യത എന്താണ്? ഇതിനെല്ലാം ശാസ്ത്രീയപഠനഗവേഷണങ്ങളിലൂടെ വിശദീകരണം നൽകാൻ ശ്രമിച്ചത് റോസ്മേരി ബാസൺ എന്ന വനിതയാണ്.

*(തുടരും)*

മിനിക്കഥ

ജോൺ ജെ. പുതുച്ചിറ

## കൂർക്കംവലി

കൂർക്കംവലിയായിരുന്നു അയാളുടെ അസുഖം.

സുമലതയ്ക്ക് അതായിരുന്നു അസഹ്യം.

എങ്കിലും, ഭർത്താവായിപ്പോയില്ലേ, സഹിക്കാതിരിക്കാനാവുമോ!

സഹിച്ചു; ഒത്തിരി സഹിച്ചു. പ്രഥമരാത്രിമുതൽ ഈ കഴിഞ്ഞ രാത്രിവരെയും.

വയ്യ; ഇനി വയ്യ.

ഇയാളുടെ കൂർക്കംവലി കേട്ടുകൊണ്ട് ഇനി ഉറങ്ങാൻ വയ്യ. ഏതോ ഒരു വന്യമൃഗം മുരളുന്നതുപോലെയുണ്ട്!

വിവാഹത്തിന്റെ ഒന്നാം വാർഷികദിനത്തിൽത്തന്നെ അവൾ അയാളെയുംകൂട്ടി ഡോക്ടറുടെ അടുത്തുപോയി.

അദ്ഭുതം, കേവലം ഒരു ദിവസത്തെ മരുന്നുകൊണ്ടുതന്നെ അയാളുടെ അസുഖം മാറി.

അന്നുരാത്രി അയാൾ കൂർക്കം വലിച്ചില്ല.

അതുകൊണ്ടുതന്നെ അവൾക്ക് ഉറക്കം വന്നതുമില്ല!



# സാറായുടെ പുതിയ നിയമം കുത്തഴിഞ്ഞത്



സിനിമ

ബിജോ രാജു ഗ്രേഷ്യസ്



പഴയനിയമത്തിൽ അബ്രഹാമിന്റെ ഭാര്യയാണ് സാറാ. യഹോവയായ ദൈവം സാറായ്ക്കു നൽകുന്ന പ്രധാന ഉപദേശങ്ങളിലൊന്നായിരുന്നു, ഭർത്താവായ അബ്രഹാമിനെ ദൈവത്തെപ്പോലെ കണ്ട് ബഹുമാനിക്കുക എന്നത്. സാറാ അത് നിരുപാധികം അനുസരിച്ച് അബ്രഹാമിനെ യജമാനനായിക്കണ്ടു ജീവിച്ചു. ദീർഘനാളുകൾ അനപത്യതാദുഃഖം പേറി വിഷമിച്ച സാറായ്ക്ക് തൊണ്ണൂറാമത്തെ വയസ്സിലാണ് ദൈവാനുഗ്രഹത്താൽ ഇസഹാക്ക് എന്ന മകനു ജന്മം കൊടുക്കാനായത്.

ഭാര്യ എന്ന പദവിയുടെ സാർവലൗകിക മാതൃകയായി വേദപുസ്തകം ചൂണ്ടിക്കാട്ടുന്ന സാറായുടെ ആദർശങ്ങൾക്കു നേർവിപരീതമായാണ് ഈ പുതിയ സാറായെ ജൂഡ് ആന്റണി എന്ന സംവിധായകൻ 'സാറാസ്' എന്ന പുതിയ സിനിമയിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. സ്ത്രീകൾ പഴയ സാറായെ മാതൃകയാക്കേണ്ടതില്ല; മറിച്ച്, അവർക്ക് ഇഷ്ടമുള്ളതുപോലെ ജീവിക്കാം എന്ന ഈ സിനിമയിലെ ആഖ്യാനം ക്രൈസ്തവസമൂഹത്തിൽ ചർച്ചയ്ക്കും വിമർശനത്തിനും വിഷയമായിക്കഴിഞ്ഞു.

നമ്മുടെ സമൂഹം എല്ലായ്പ്പോഴും അനുവർത്തിച്ചുപോരുന്ന ഒരു പൊതുബോധതലമുണ്ട്. അതിനു വിരുദ്ധമായ ചിന്തകളും നിലപാടുകളും പുരോഗനപരമെന്നും വിപ്ലവാത്മകമെന്നുമൊക്കെ പറയാനിവിടെ ആളുകളുണ്ടെങ്കിലും മതസംഹിതകളുടെയും പാരമ്പര്യങ്ങളുടെയും വീക്ഷണകോണുകളിലൂടെ നോക്കുമ്പോൾ പലപ്പോഴും അത് ചട്ടവിരുദ്ധമോ അസഭ്യമോ ഒക്കെയായി നിർവചിക്കപ്പെട്ടുപോകും.

പ്രശസ്ത തിരക്കഥാകൃത്ത് ബെന്നി പി. നായരമ്പലത്തിന്റെ മകളായ അന്ന ബെൻ ആണ് ടൈറ്റിൽ കഥാപാത്രമായ സാറായെ അവതരിപ്പിക്കുന്നത്. അപ്പന്റെയും അമ്മയുടെയും ഏകമകളായി അമിതലാളനകളേറ്റു വളർന്നുവന്ന സാറാ തികച്ചും അസാധാരണവും വ്യത്യസ്തവുമായ തീരുമാനങ്ങളിലൂടെ, ഒരു ക്രൈസ്തവപെൺകുട്ടിയുടെ അച്ചടക്കത്തിൽനിന്ന് അകന്നുപോകുകയാണ്. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും വ്യത്യസ്ത ആൺസുഹൃത്തുക്കളുമായി സാറാ എല്ലാത്തരത്തിലുമുള്ള അടുപ്പങ്ങൾ സൂക്ഷിക്കുന്നു. മദ്യം കഴിക്കുന്നു, പുകവലിക്കുന്നു, ഇഷ്ടമുള്ള വസ്ത്രം ധരിക്കുന്നു, സർവോപരി പ്രസവിക്കില്ല എന്ന് ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നു. അതിലൊന്നും ധാർമികനീതിക്കു നിരക്കാത്ത എന്തെങ്കിലുമോ അഥവാ പാപമോ അവൾ കാണുന്നില്ല. ഒരു ചലച്ചിത്രസംവിധായിക ആകുക എന്ന തന്റെ ലക്ഷ്യത്തിനുവേണ്ടി നിരന്തരമായ പരിശ്രമത്തിലാണ് സാറാ.

സ്ത്രീത്വം സാഫല്യമടയുന്നത് മാതാവാകുന്നതോടെയാണെന്നാണു പൊതുകാഴ്ചപ്പാട്. എന്നാൽ, അപൂർവം ചിലരുടെ നിലപാടുകൾ പല തട്ടിലാണ്. വിവാഹം കഴിക്കാം, പക്ഷേ, മക്കൾ വേണ്ട എന്ന് ഒരു കൂട്ടർ. പുരുഷനും സ്ത്രീയ്ക്കും ഒരുമിച്ചുകഴിയാം, വിവാഹമേ വേണ്ട എന്നു മറ്റൊരു കൂട്ടർ. അതിനുള്ള സ്വാതന്ത്ര്യം ഇവിടെയുണ്ടത്രേ. എന്നാൽ, വിവാഹിതയാകുന്ന സ്ത്രീ, വിശേഷിച്ച് ക്രിസ്തീയ പെൺകുട്ടി തലമുറകൾക്കു ജന്മം കൊടുത്ത് അനുഗ്രഹിക്കപ്പെടണമെന്നത് ക്രൈസ്തവധർമശാസ്ത്രം ഊന്നിപ്പറയുന്ന കാര്യമാണ്. അതുകൊണ്ട് വിശ്വാസിസമൂഹത്തിന് ഈ ചിത്രം അസ്വീകാര്യമായിത്തീരുക സ്വഭാവികം.

ഗർഭച്ഛിദ്രം ശിക്ഷാർഹമായ കുറ്റമാണെന്ന് എല്ലാ ആതുരാലയങ്ങളിലും എഴുതിവച്ചിട്ടുണ്ടെങ്കിലും അപ്രതീക്ഷിതസമയത്തുണ്ടാകുന്ന ഗർഭം അലസിപ്പിക്കാൻ ഇന്ത്യയിൽ സ്ത്രീകൾക്കു സ്വാതന്ത്ര്യമുണ്ടെന്നും അതിന് ഭർത്താവിന്റെപോലും അനുമതി ആവശ്യമില്ലെന്നുമുള്ള നിയമവശം ചൂണ്ടിക്കാട്ടിയാണ് സാറായുടെ ഗൈനക്കോളജിസ്റ്റ് അവളെ പിന്തുണയ്ക്കുന്നത്. മാരകരോഗം, പ്രായപൂർത്തിയാകാത്ത ഗർഭം, മാറാത്ത മതിഭ്രംശം, അപകടങ്ങൾ മൂലമുണ്ടാകുന്ന മാരകക്ഷതങ്ങൾ എന്നിവ മൂലമുള്ള ഗർഭച്ഛിദ്രം ഒരുപക്ഷേ, ന്യായീകരിച്ചേക്കാം. എന്നാൽ അവിടെയും ധാർമികപ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ട്. അതേസമയം, ഉത്തമജീവിതം നയിക്കുന്ന ക്രിസ്തീയകുടുംബത്തിലെ ഒരു യുവതി വെറും അപ്രതീക്ഷിതം എന്ന കാരണം പറഞ്ഞ് ഭർത്താവിന്റെയും മാതാപിതാക്കളുടെയും ആഗ്രഹത്തിനും നിർബന്ധങ്ങൾക്കും വിരുദ്ധമായി ഗർഭച്ഛിദ്രം നടത്തുന്നതിനോടു യോജിക്കാൻ കഴിയുന്നില്ല. അത് എന്തു ഗുണപരമായ സന്ദേശമാണ് നമ്മുടെ സമൂഹത്തിനു നൽകുന്നത്? താൻ സ്വപ്നം കാണുന്ന ആദ്യ സിനിമയുടെ സാക്ഷാത്കാരത്തെക്കാൾ തീരെ നിസ്സാരമാണോ ദൈവം നൽകുന്ന ഉദരഫലം?

ആരോഗ്യവും സൗന്ദര്യവും പണവുമുള്ള എത്രയോ ദമ്പതികൾ നേർച്ചകളും കാഴ്ചകളും പൂജകളും വഴിപാടുകളുമൊക്കെയായി ഒരു കുഞ്ഞിക്കാലുകാണാൻ നാടുനീളെ അലയുന്നു! അതുകൊണ്ട് നമ്മുടെയിടയിൽ സാറായുടെ നിലപാട് പ്രോത്സാഹനാർഹമാണെന്നു തോന്നുന്നില്ല.

സണ്ണി വെയ്ൻ, ബെന്നി പി. നായരമ്പലം, സിദ്ദിഖ്, മല്ലിക സുകുമാരൻ, വിജയകുമാർ, വിനീത് ശ്രീനിവാസൻ, പ്രശാന്ത് നായർ, ധന്യ വർമ, അജു വർഗീസ്, തുടങ്ങിയവരാണ് മറ്റ് അഭിനേതാക്കൾ. ഡോ. അക്ഷയ് ഹരീഷാണ് കഥാകൃത്ത്. ഭേദപ്പെട്ട ഗാനങ്ങളും പശ്ചാത്തലസംഗീതവും കൊണ്ടുമാത്രം ഒരു സിനിമ മേന്മ നേടുന്നില്ലല്ലോ. ■

---

കവിത

ഫാ. തോമസ് പാട്ടത്തിൽചിറ CMF

## കുട

ഇടിമിന്നലോടൊത്തു ചടുപിടെ പെയ്തോരു
അടമഴയത്തു ഭയനേകനായ്,
ഇടവഴിയിലൊരു നെടുമാമരത്തിന്റെ
അടിയിലായ് ഞാനന്നുനിന്നനേരം.
കിടുകിടുപ്പോടെയാതരുവിൻ കടയ്ക്കലായ്
അടിമുടിയീറനായ് നില്ക്കവേയെൻ-
കുടിലിന്റെയൊരു പറ്റമോർമകൾ മാനസ-
പടവുകളോടിക്കയറിവന്നു.
വടിവൊത്തതല്ലേലുമെന്റെയാചെറുചെറ്റ-
വീടാണെനിക്കെന്നുമഭയമിടം.
പടിയിറങ്ങിപ്പോന്നതല്ലേ നനഞ്ഞീടുവാൻ
ഇടയായതെന്നു നിനച്ചുപോയി.
ചൊടികൾ വിറച്ചിരുമിഴികൾ നിറഞ്ഞു ഞാൻ
കടുകിട ശാന്തിയില്ലാതെ നില്ക്കേ,
കുടയുമായെന്നച്ഛനാവഴിയെന്നെയും
തേടിയലഞ്ഞെന്റെ ചാരെയെത്തി.
വടികൊണ്ടടിക്കാതെ തോളിലെ തോർത്തിനാൽ
തടവിത്തുടച്ചെന്റെ തലയാകവേ,
ഉടലോടുചേർത്തുപിടിച്ചെന്നെയാ കുഞ്ഞു-
കുടയുടെ കീഴിൽ നടന്നു മെല്ലെ.
പൊടിപോലുമെൻമേനിയിനിയും നനയാതെ
നടവഴിനീളേ സൂക്ഷിച്ചയച്ഛൻ,
ഉടുതുണിയാകെ നനഞ്ഞങ്ങു വെറുമൊരു-
കടലാസുപോലെ കുതിർന്നിരുന്നു.
കുടയാണെനിക്കച്ഛനെന്നുമെൻ കൂരതൻ-
ഇടവേളയില്ലാത്ത കാവലാളും.
കിടയറ്റയാപിതൃഹൃദയത്തിലെ സ്നേഹ-
തുടികൊട്ടതിൻ ജീവസ്പന്ദനവും.
കുടിനീരു വറ്റാതെ, കുടലെരിഞ്ഞീടാതെ,
ഒടിയാതെ വയറുകൾ പോറ്റീടുവാൻ,
മടിശ്ശീല നിറയുവാനാപ്പാവമനുദിനം
മടിതെല്ലുമില്ലാതെ പണിതിടുന്നു.
ചുടുദുഃഖവ്യാധികളെൻ കുടുംബത്തിലെ-
നെടുവീർപ്പുകളായി മാറിടുമ്പോൾ
വാടാതെ തണലേകി നില്പതൊരിക്കലും
അടയാത്തൊരാവല്യകുടതന്നെയാ.
കൊടിയവർഷത്തിലും വെയിലിലുമൊന്നുപോൽ
കുടപിടിക്കാത്തൊരു കുടയായിടും,
കടലോളം കരുതലുള്ളച്ഛനോടുള്ളയെൻ-
കടമൊരുനാളുമൊടുങ്ങുകില്ല.

Deepanalam weekly

RNI No : 16998/68
Vol. 54 No. 16 Date of Publication 15 July 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)


Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




# MARIAN MEDICAL CENTRE

**ARUNAPURAM-PALA PH: 04822 214000,214219**

E-mail:marianmedicalcentre@yahoo.com www.marianmedicalcentre.com





ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പുതിയ ഓപ്പറേഷൻതിയേറ്റർ കോംപ്ലക്സിന്റെ ഉദ്ഘാടനം ജൂലൈ 7 ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.







## All Specialized Surgeries Under One Roof

- Laparoscopy Surgeries
- Phacoemulsification Cataract Surgery
- Endoscopic Sinus Surgery (FESS)
- Microlaryngeal Surgery
- Vaccume Dressingtherapy
- Radiofreequency Ablation (Varicose Vein)

## Department of Orthopaedic & Traumatology

- Joint Replacement Surgeries
- Arthroscopy and sports Injuries
- Complex Trauma Surgeries
- Deformity Corrective Surgery
- Arthritis and Osteoporosis Treatment
- Paediatric Orthopaedic

## Departments

- General Medicine
- General & Laparoscopic Surgery
- Orthopaedics & Traumatology
- Cardiology
- Paediatrics & Neonatology
- Obstetrics & Gynaecology
- Anesthesiology
- Radiology
- Physiotherapy
- ENT
- Neorology
- Gastroenterology
- Dental & Maxiollofacial Surgery
- Dermatology
- Nephrology
- Ophthalmology
- Psychiatry
- Clinical Psychology
- Urology
- Pulmonology
- Endocrinology
- Dialysis Unit
- Oncology
- Medical Nutrition

## CARDIAC CATH-LAB

### Our Service

**Interventional**

- Coronary Angiogram
- Primary Angioplasty (Emergency Treatment of Heart Attack)
- Elective Angioplasty
- Permanent Pacemaker Implantation
- Device Closure of ASD/PDA
- Peripheral Angioplasty (Carotid/Renal/Lower Limp)
- IABP (Intra Aortic Balloon Counter Pulsation)

**Non - Interventional**

- 2D ECHO - Colour Doppler
- Portabe V Scan FCHO
- TMT-Treadmill (Exercise ECG) Test
- Dobutamine Stress ECHO
- Holter Monitoring (24-Hr ECG)

**Infrastructure**

- GE Digital - Cath Lab
- 14 Bedded ICCU with Ventilators
- Round the clock available Interventional Cardiologist and Cardiac Critical Care Specialist
- Highly Trained and Experienced Nursing staff in both ICCU and Cath lab
- 24 Hrs. Ambulance Service.

**Good Heart Will Give Good Quality Life**

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.